

സരസൻ

# ആരോഗ്യവും നിത്യയൗവ്വനവും കാംക്ഷിക്കുന്നവർ

ആരോഗ്യസംവർദ്ധക ഔഷധങ്ങളിൽ അഗ്രിമമായ ഞങ്ങളുടെ സുപ്രസി

# "മൃഗമദാദിരസായനം"



തന്നെ സേവിക്കുക. ശരീരത്തെ സവിശേഷം പുഷ്ടിപ്പെടുത്തും. അടി, ഇടി, വീഴ്ച ഇവകളാൽ സംഭവിക്കുന്ന കേടുപാടുകൾ പോകും. ശരീരശോഷം, ചുമ, നെഞ്ചുവേദന, ശ്വാസംമുട്ടൽ, വായുവികാരങ്ങൾ, നിദ്രാഭംഗം, നാഡിവൈകല്യം, മലബന്ധം ഇവകളെ ശമിപ്പിക്കാൻ നല്ലതു്.

**പ്രസവരക്ഷയ്ക്കു് അത്യുത്തമം.**

**സ്ത്രീപുരുഷഭേദമെന്യേ ഏവർക്കും സേവിക്കാം.**

**വില: റാത്തൽ ഒന്നുക്കു് 5 രൂ. 75 ന: പ:**

സ്റ്റോക്കിസ്റ്റന്മാർ:— 1 മെ: രാജൻ മെഡിക്കൽസ്റ്റോഴ്സ്, പുത്തൻചന്ത, തിരുവനന്തപുരം 2 മാതേവൻമെഡിക്കൽസ്റ്റോഴ്സ്, ചെന്തിട്ട, തിരുവനന്തപുരം-3. 3. ചന്ദ്രികാ മെഡിക്കൽസ്റ്റോർ, ഉള്ളൂർ, തിരുവനന്തപുരം 4 ഗോപി & കമ്പനി, മെയിൻറോഡ്, മാർത്താണ്ഡം 5 എൻ. തീരവിയം, കെമിസ്റ്റ്സ്, നാഗർകോവിൽ 6 വെസ്റ്റേൺ മെഡിക്കൽ സ്റ്റോഴ്സ്, ചിന്നക്കട, കൊല്ലം 7 ജി. ദാമോദരൻ, കെമിസ്റ്റ്സ്, കടയ്ക്കാവൂർ 8 കമലാ മെഡിക്കൽസ്റ്റോഴ്സ്, കുന്നിക്കോട് 9 ജൂപ്പിറ്റർ മെഡിക്കൽസ്റ്റോഴ്സ്, കായംകുളം 10 പരീതുകുഞ്ഞ് & സൺസ്, മർച്ചൻറ്സ്, പുനലൂർ 11 പി. കെ. രാഘവൻപിള്ള, മർച്ചന്റ്, കുണ്ടറ 12 ശശി മെഡിക്കൽസ്റ്റോഴ്സ്. കഴക്കൂട്ടം 13 കെ. ടി. ജോർജ്ജ് & സൺസ്, തിരുവല്ലാ 14 സി. ജെ. ജോൺ & കമ്പനി, കെമിസ്റ്റ്, വൈക്കം 15 പ്രഭാത് മെഡിക്കൽസ്റ്റോഴ്, ചെങ്ങന്നൂർ 16 പി. എസ്. കെ. സ്റ്റോഴ്സ്, മുണ്ടക്കയം 17 കളരിക്കൽ മെഡിക്കൽസ്റ്റോഴ്സ്, കോട്ടയം 18 മെഡോണാ എമ്പോറിയം, ചങ്ങനാശേരി 19 യുണൈറ്റഡ് മെഡിക്കൽസ്റ്റോഴ്സ്, ചങ്ങനാശേരി 20 പുലമൺ മെഡിക്കൽസ്റ്റോഴ്സ്, പുലമൺ ജംഗ്ഷൻ, കൊട്ടാരക്കര 21 എസ്. ഡി. വി. എ. ഫാർമസി, അടൂർ 22 ബാലു മെഡിക്കൽ സ്റ്റോഴ്സ്, വടക്കൻപറവൂർ 23 പ്രമീളാ സ്റ്റോഴ്സ്. ഓച്ചിറ 24 ജനതാ സ്റ്റോഴ്സ്, കരുനാഗപ്പള്ളി 25 അബ്ദുൽ റസാക്ക്, മർച്ചന്റ്, ചവറ 26 പോപ്പുലർ മെഡിക്കൽസ്റ്റോഴ്സ്, വർക്കല 27 എം. പി. ജോസഫ്, മരുന്നുവ്യാപാരം, ചാത്തന്നൂർ 28 പി. സി. ശേഖർ, മർച്ചന്റ്, നെയ്യാറ്റിൻകര 29 എം. അബ്ദുൽറഹിം, മർച്ചന്റ്, ബാലരാമപുരം 30 ബാലാ & ബ്രദേഴ്സ്, മെഡിക്കൽ സ്റ്റോഴ്സ്, പാറശാല 31 ന്യൂ കൊളംബൊ ഫാർമസി, പത്തനംതിട്ട 32 കേരളാഫാർമസി, നെടുമങ്ങാട് 33 ശ്രീചിത്രാ മെഡിക്കൽസ്റ്റോർ, അഞ്ചൽ 35 പി. കെ. രാഘവൻപിള്ള, കെമിസ്റ്റ്, കുണ്ടറ.

വി. പി. ഏർപ്പാടിനു് ഞങ്ങൾക്കെഴുതുക—

വി. പി. ചാർജ്ജ് 1 രൂ. 95 ന: പ. ഫോൺ നമ്പർ 586.

**മാനേജർ, എസ്സ്. ഡി. ഫാർമസി, മുല്ലയ്ക്കൽ—ആലപ്പുഴ.**

**(Alleppey P. O.)**

**ബ്രാഞ്ചുകൾ:— അമ്പലപ്പുഴ, ചേർത്തല, കത്തിയതോട്, പാലാ, എടത്വാ, തോപ്പുംപടി (കൊച്ചി), തൊടുപുഴ, തൃശൂർ, ചങ്ങനാശ്ശേരി, തിരുവനന്തപുരം, മട്ടാഞ്ചേരി (കൊച്ചി), എറണാകുളം.**

Edited, Printed & Published by R. Madhavan Pillai at the Sarasan Press, Changanacherry.

സ്വർണ്ണാഭരണങ്ങൾ അലങ്കാരത്തിനു മാത്രമല്ലാ ഒരു കരുതൽ സമ്പത്തു
കൂടിയാണ്. അതു് ഏവർക്കും നിഷ്പ്രയാസം കരസ്ഥമാക്കാൻ
ഒരു അസുലഭസന്ദർഭം ഇതാ കൈവന്നിരിക്കുന്നു. 10·8·60

**2-ാമത്തു്**

# രാധാകൃഷ്ണാ
# സ്വർണ്ണാഭരണ
# ഇൻസ്റ്റാൾമെൻറ് പദ്ധതി

ആദ്യ നറുക്കെടുപ്പ്—

## 1960 സെപ്തംബർ 3-ാംനു- (1136 ചിങ്ങം 19)

## ★ തിരുവോണദിവസം ★

പൊതുജനങ്ങളുടെ സൗകര്യാർത്ഥം കുബേരകുചേല വ്യത്യാസമെന്യേ ഏവർക്കും ഒരുപോലെ
ചേരാവുന്നതും പ്രയോജനപ്പെടുത്താവുന്നതുമായ വെറും 5 രൂപാ അടച്ചു്
മികച്ചതും ആകർഷണീയവും പൂർണ്ണ ഉത്തരവാദിത്വം
ഉള്ളതുമായ 150 രൂപാ വിലവരുന്ന
സ്വർണ്ണാഭരണങ്ങൾ സമ്പാദിക്കുവിൻ!

**നറുക്കു വീണാൽ വീണ്ടും പണം അടയ്ക്കാതെ ഉരുപ്പടി സമ്പാദിക്കാം.**

**കൂടുതൽ വ്യവസ്ഥകൾക്കും മററും 15 നയാപൈസാ സ്റ്റാമ്പുസഹിതം**
**അപേക്ഷിക്കുക—**

# കെ. വി. ടി.
# ചിട്ടിഫണ്ടു്

**മുട്ടം ബസാർ :: ചേർത്തല P. O., കേരളം.**

പ്രൊപ്രൈററർ:— കെ. വി. തങ്കപ്പൻ.

# പുതിയ ഷോറൂം ഉദ്ഘാടനം!

# ചെമ്പകാജ്ജുവലേഴ്സ്

**Tel: CHEMBAKA**   **Prop: P. S. MONY**   **Phone 2092**

Regd. M. 37.

മുല്ലയ്ക്കൽ :: ആലപ്പുഴ.

## ★ നാലു പവൻ ഇനാം ★

ഞങ്ങളുടെ വ്യാപാരസ്ഥാപനമായ ചെമ്പകാ ജ്യൂവലേഴ്സിൽനിന്നും സ്വർണ്ണാഭരണങ്ങൾ വാങ്ങിയും പണിതീർപ്പിച്ചും സഹായിച്ചിട്ടുള്ള എല്ലാ ബഹുജനങ്ങൾക്കും ഞങ്ങൾ കൃതജ്ഞതയർപ്പിക്കുന്നതിനോടൊപ്പംതന്നെ, നാലു പവൻ സമ്മാനമായി നൽകാൻ തീരുമാനിച്ചിട്ടുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

**25 രൂപാ മുതൽ 100 രൂപാ വരെ വിലയുള്ള സ്വർണ്ണാഭരണങ്ങൾ വാങ്ങുന്നവർക്കു് 1 പവനും, 100 രൂപയ്ക്കുമേൽ വിലയുള്ള സ്വർണ്ണാഭരണങ്ങൾ വാങ്ങുന്നവർക്കു് 3 പവനും സമ്മാനം നൽകുന്നതാണു്.**

പാടൺസ് കൂപ്പൺ— 25 രൂപയിലധികം വിലവരുന്ന സ്വർണ്ണാഭരണങ്ങൾ ഒരേസമയം വാങ്ങുന്നവർക്കു് ബില്ലിനോടൊപ്പം പാടൺസ് കൂപ്പൺ നൽകുന്നതാണു്.

25 രൂപാമുതൽ 100 രൂപാവരെ വിലവരുന്ന സ്വർണ്ണാഭരണങ്ങൾക്കു് നൽകപ്പെടുന്ന കൂപ്പൺ നീലനിറത്തിലുള്ളതും, 100 രൂപയ്ക്കുമേൽ വിലവരുന്ന സ്വർണ്ണാഭരണങ്ങൾക്കു നൽകപ്പെടുന്ന കൂപ്പൺ ചുവപ്പുനിറത്തിലുള്ളതുമായിരിക്കും.

നറുക്കെടുപ്പു്— ഓരോ നിറത്തിലുമുള്ള കൂപ്പണുകളുടെ നമ്പരുകൾ പ്രത്യേകമായി നറുക്കിട്ടെടുക്കുന്നതും, അതിൽ ആദ്യം കിട്ടുന്ന നമ്പരിന്റെ കൂപ്പൺ കൈവശമുള്ള ആളിനു് നീലനിറത്തിലുള്ള സമ്മാനാർഹമായ കൂപ്പണു് ഒരു പവനും, ചുവപ്പുനിറത്തിനുള്ള സമ്മാനാർഹമായ കൂപ്പണു് മൂന്നുപവനും സമ്മാനം അപ്പോൾത്തന്നെ നൽകുന്നതാണു്.

**ഈ പദ്ധതി 15–7–'60 മുതൽ ആരംഭിച്ചിരിക്കുന്നു.**

**നറുക്കെടുപ്പു തീയതി:—**

**പൂജയെടുപ്പു ദിവസമായ 30–9–'60 വെള്ളിയാഴ്ച**

**രാവിലെ 10 മണിക്കു്**

**സ്ഥലം:— ഞങ്ങളുടെ വ്യാപാരസ്ഥലമായ "ചെമ്പകാ ജ്യൂവലേഴ്സ്"**

N. B. ബില്ലുകളോടൊപ്പം നൽകപ്പെടുന്ന പാടൺസ് കൂപ്പണുകൾ സൂക്ഷിക്കേണ്ടതാണു്. സമ്മാനാർഹരെ വിവരം അറിയിക്കുന്നതും അപ്രകാരം അറിയിക്കപ്പെട്ടയാൾ പാടൺസ് കൂപ്പണും ബില്ലും ഹാജരാക്കി സമ്മാനം കൈപ്പററിക്കൊള്ളേണ്ടതാണു്. സമ്മാനാർഹമായ കൂപ്പൺനമ്പരുകാരൻ തക്കസമയത്തു് ഹാജരാകാൻ സാധിക്കാതെവരുന്നപക്ഷം നറുക്കെടുപ്പുതീയതിമുതൽ 15 ദിവസത്തിനകം കൂപ്പണുമായി വന്നു് സമ്മാനം വാങ്ങിക്കൊള്ളാവുന്നതും, ആ തീയതി കഴിഞ്ഞാൽ യാതൊരു കാരണവശാലും സമ്മാനം ലഭിക്കുന്നതല്ലാത്തതുമാകുന്നു.

ചെമ്പകാ ജ്യൂവലേഴ്സിന്റെ നവീനരീതിയിലുള്ളതും ആധുനിക സജ്ജീകരണങ്ങളോടുകൂടിയതുമായ ഷോറൂമിന്റെ ഉദ്ഘാടനം 1136 ചിങ്ങം 4-ാംനു-യാണു്. ഷോറൂമിന്റെ ഉദ്ഘാടനംപ്രമാണിച്ചാണു് ഈ പദ്ധതി നടത്തുന്നതു്

ഞങ്ങളുടെ 6–ാമതു് സ്വർണ്ണാഭരണവിതരണപദ്ധതിയുടെ ആദ്യനറുക്കെടുപ്പു് 1961 ജനുവരി 8–ാംനു-യാണു്.
സ്പെഷ്യൽ സമ്മാനമായി 1001 രൂപയുടെ സ്വർണ്ണാഭരണങ്ങൾ സൗജന്യമായി നൽകപ്പെടുന്നതാണു്.

10. 8. 60

# സരസൻ

(വിനോദമാസിക)

പുസ്തകം 16 | ചങ്ങനാശ്ശേരി — ആഗസ്റ്റ് . 1960 | ലക്കം 4

# തിരപ്പുറപ്പാട്

## ചെമ്പന്റെ ചങ്കൂററം

കമ്മ്യൂണിസ്റ്റ് സർക്കാരിനെ ഡിസ്മിസ് ചെയ്ത ദിവസം രാവിലെ കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ ഉശിരൻ ഘോഷയാത്രകൾ നടന്നു. വിമോചനസമരക്കാർ വിജയം ആഘോഷിക്കയാണെന്നാണ് ആദ്യം ധരിച്ചതു്. കമ്മ്യൂണിസ്റ്റുകാർ പ്രതിഷേധ ഘോഷയാത്ര നടത്തുകയാണെന്നു പിന്നീടാണു തെളിഞ്ഞതു്. തോററകക്ഷി തോററദിവസംതന്നെ, ജയിച്ച കക്ഷി വിജയമാഘോഷിക്കുന്നതിനുമുമ്പേ തോൽവി ആഘോഷിക്കുക എന്നുള്ള സംഭവം സാധാരണഗതിയിൽ ചിന്തിക്കാൻപോലും പ്രയാസം. എങ്കിലും കേരളത്തിൽ അതു നടന്നു. അത്രയ്ക്കു ചങ്കൂററവുമുണ്ടു് (അഥവാ തൊലിക്കട്ടിയുണ്ടു്) ആ കക്ഷിക്കു്. ഭരണം പോയി, തിരഞ്ഞെടുപ്പിൽ തൊപ്പിയിട്ടു, അധികാരവും ഉരധികാരവും പാടേ പോയി, എന്നിട്ടും ആ കക്ഷിയുടെ ചങ്കൂററം ഇന്നും ഏറിവരികയാണു്. സഖാവു് ഏ. കെ. ജി. യുടെ നേതൃത്വത്തിലുള്ള കർഷകജാഥയാണതിനു് ഒന്നാന്തരം തെളിവു്. എൺപത്തഞ്ചു ശതമാനം കേരളീയരും കർഷകരാണെന്നും അവരെല്ലാം കമ്മ്യൂണിസ്റ്റുകക്ഷിയുടെ കൂടെയാണെന്നും സഖാവു പ്രസംഗിച്ചതായി കേട്ടു, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഈ എൺപത്തഞ്ചുശതമാനം എന്തുചെയ്യുകയായിരുന്നു എന്നു ചോദിക്കേണ്ടിവരുന്നതു ക്ഷമിക്കണം. അവർ കമ്മ്യൂ: കക്ഷിയിലായിരുന്നെങ്കിൽ എത്ര വിമോചനം വന്നാലും കമ്മ്യൂണിസ്റ്റുകക്ഷി ജയിക്കുമായിരുന്നല്ലോ. അതു നടന്നില്ല. എങ്കിലും ഇപ്പോൾ എൺപത്തഞ്ചു ശതമാനത്തിന്റെ പ്രാതിനിധ്യം വാദിക്കുവാൻ ഏ. കെ. ജി. ക്കു കൂസലില്ല. ചങ്കൂററമെന്നല്ലാതെ ഇതിനു മറെറന്താണു പേരുപറയുക?

കമ്മ്യൂണിസ്റ്റുകക്ഷിക്കു് ഒരു പ്രത്യേകതയുണ്ടു്, അതു ചത്തെന്നു പറഞ്ഞു് കമ്പിൽതോണ്ടി പുറത്തെറിഞ്ഞാലും എങ്ങനെയെങ്കിലും വീണ്ടും ജീവനിട്ടു് അതു തിരികെവരും. പ്രക്ഷോഭണംമുഖേനയാണു് അവർക്കു നഷ്ടപ്പെട്ട ജീവൻ വീണ്ടെടുക്കുന്നതു്. മന്നത്തുപത്മനാഭനു പിഴിച്ചിൽപോലെയാണു കമ്മ്യൂണിസ്റ്റുകാർക്കു പ്രക്ഷോഭണം. ഏ. കെ. ജി. യുടെ ഇപ്പോഴത്തെ പ്രക്ഷോഭണം ഈ അർത്ഥത്തിൽ കണക്കാക്കിയാൽ മതിയാകും. എങ്കിലും ആ ചങ്കൂററത്തെ നമസ്കരിക്കണം.

## കേന്ദ്രജീവനമുടക്കം.

പത്തുകൊല്ലം മുമ്പു് മാസം 8 രൂപാ വാങ്ങിയിരുന്ന അഞ്ചൽശിപായി ഇന്നു നൂററിപ്പത്തുരൂപയാണു വാങ്ങുന്നതു്. പ്യൂൺ എന്നുള്ള പേരുമാറി പോസ്റ്റ്മാൻ എന്നു് അന്തസ്സുള്ള പേരുംകിട്ടി. കേന്ദ്രത്തിലേക്കു പോയ ഓരോ ഡിപ്പാർട്ടുമെന്റിലെയും കഥയാണിതു്. എങ്കിലും ശമ്പളം പോരാപോലും; അതു കൂട്ടിയെടുക്കാൻ— പിടിച്ചു പററാൻ— ഒരു സ്റ്റ്രൈക്കെടുത്തു. മൂന്നുദിവസം അതു നടന്നു. സർക്കാർ വകവച്ചില്ല. സ്റ്റ്രൈക്കു പൊട്ടി. ഇപ്പോൾ കരുണയ്ക്കുവേണ്ടി കേഴുകയാണത്രെ. ഏററവും ഒടുവിൽ കിട്ടിയ കണക്കനുസരിച്ചു് ഏതാണ്ടു് ഇരുപതിനായിരത്തോളം ജീവനക്കാരെ പിരിച്ചുവിടുമെന്നാണു കാണുന്നതു്. അതിന്റെ ഇരട്ടിയോളം എണ്ണത്തിനു പ്രമോഷൻ തടയലും തരം താഴ്ത്തലും! ചുമ്മാതിരുന്ന കണ്ണിൽ ചുണ്ണാമ്പുതേച്ചു പുണ്ണാക്കുന്നതിന്റെ ഒന്നാന്തരം ഉദാഹരണമാണിതു്. ആരെയാ ഇതിനു കുററപ്പെടുത്തേണ്ടതു്? പണിമുടക്കിയാൽ ശമ്പളം കൂട്ടുമെന്നു വിശ്വസിച്ചവരേപ്പോലെ അങ്ങനെ വിശ്വസിപ്പിച്ച നേതാക്കളും അപരാധികളാണെന്നാണു ഞങ്ങളുടെ പക്ഷം. ജീവനക്കാരെ പിരിച്ചുവിടുമ്പോൾ അവരെ വഴിയാധാരമാക്കിയ നേതാക്കളെ കവലതോറും കൊണ്ടുനടന്നു് കവഞ്ചികെട്ടി പരസ്യമായി അടിക്കുന്നതിനുള്ള ഏർപ്പാടുചെയ്താൽ ദോഷമില്ല. പോസ്റ്റ്മാനും ടെയിൻശിപായിക്കും കഞ്ഞി മുടങ്ങുമ്പോൾ നാഥ്പൈയ്ക്കും ഗുരുസ്വാമിക്കും ഒരു ദോഷവും വരുന്നില്ലെങ്കിൽ അതു നീതികേടാണു്. ജീവനക്കാരോടു കരുണകാണിച്ചാലും ഈ നേതൃപരിഷയോടു ദാക്ഷിണ്യം കാണിക്കരുതെന്നാണു ഞങ്ങളുടെ നിവേദനം.

## അസംബ്ളി

ഈ തവണത്തെ അസംബ്ളി തീരെ മോശമായിപ്പോയി. ചാഴിക്കാടന്റെ ഒന്നോ രണ്ടോ തമാശയൊഴിച്ചാൽ കേൾക്കാൻകൊള്ളാവുന്ന ഒന്നും ആരും പറഞ്ഞില്ല. ഈ നിലയിൽ പോകാനാണെങ്കിൽ ഇതെന്തിനാണെന്നുപോലും തോന്നിപ്പോകുന്നു. പാട്ടുകൊട്ടും പടേണിക്കളിയുമാണു് ഇതുവരെ അസംബ്ളിയിൽ നാട്ടുകാർ കണ്ടതു്. ആ പാരമ്പര്യം തീരെ വിട്ടുകളയുന്നതു് ശരിയല്ല. കുറെയൊക്കെ പറയാവുന്നവർ ഇപ്പോഴുമുണ്ടല്ലോ. മററു് എം. എൽ. ഏ–മാർക്കുള്ളതിൽ അൽപ്പം കൂടുതൽ അലവൻസുകൊടുത്തിട്ടായാലും അവരെ ഊർജ്ജിതപ്പെടുത്തി എന്തെങ്കിലുമൊ

ക്കെ രസംവരുത്താൻ വേണ്ടപ്പെട്ടവർ ശ്രദ്ധിക്കണം. പട്ടത്തിൽനിന്നും ഇതിൽ കൂടുതൽ പ്രതീക്ഷിക്കാനില്ല. ആൾ പ്രായമായിപ്പോയി. ശങ്കറിന് ഏതാണ്ടൊരു കേന്ദ്രമന്ത്രിയുടെ ഗൗരവവും വന്നു. വേലപ്പൻ മുതൽപേക്കു നാക്കും മൂക്കും പണ്ടേയില്ല. ആകെക്കൂടി ഒരു ചാക്കോച്ചൻ മാത്രമുണ്ടു്. രാജാപാർട്ടുമുതൽ ബഫൂൺവരെ കെട്ടുന്നു. കഴിവതും ഭംഗിയായി കളിക്കുകയും ചെയ്യും. എങ്കിലും സർക്കാരിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ഒരു കളിയായതിനാൽ അതു പോരാ. കുറേ അധികം രൂപാ എന്തിനൊക്കെയോ ചോദിച്ചു, അതെല്ലാം അനുവദിച്ചു. താമസിയാതെ നാട്ടിൽ തേനും പാലും ഒഴുക്കുമെന്നും പറഞ്ഞു. കമ്മ്യൂണിസ്റ്റുകളെ കുറേ ശകാരിച്ചു. അവർ മറുപടിയും പറഞ്ഞു. പക്ഷേ ശകാരംപോലും കൊഴുത്തില്ല. എന്താ ഇങ്ങനെ തണുത്തുപോയതു്? ശ്രീ. പട്ടം താണുപിള്ള ഈ കാര്യത്തെപ്പററി അടിയന്തിരമായി ശ്രദ്ധിച്ചു പരിഹാരമുണ്ടാക്കുമെന്നു വിശ്വസിക്കുന്നു.

## സർവകലാശാല

തോററ കുട്ടികൾ ജയിക്കുന്നതു സഹിക്കാം. വേണ്ടപ്പെട്ടവരുടെ മക്കൾ മാർക്കില്ലെന്നുള്ള നിസ്സാരകാരണത്താൽ തോൽക്കുന്നതു് ധാർമ്മികപുനരായുധീകരണത്തിന്റെ കാലത്തു ശരിയായിരിക്കയില്ല. അവരെ ജയിപ്പിക്കണം. പക്ഷേ ജയിച്ച കുട്ടികളെ തോല്പിക്കുന്നതെന്തിനാ? മാർക്കു വാങ്ങുക എന്നുള്ളതിൽ കവിഞ്ഞു് അവരെന്തുചെയ്യാനാണു്? നമ്മുടെ സർവകലാശാലക്കാർക്കു് അതുകൊണ്ടുമാത്രം തൃപ്തിയാവുന്നില്ലത്രേ. ആ കുട്ടികൾ ഇനിയും വേണ്ടപ്പെട്ടവരുടെ മക്കളായി ജനിക്കണമെന്നാണുപോലും നിർബന്ധം. അതെങ്ങനെ സാധിക്കുമെന്നുകൂടി പറയാതെ ഇങ്ങനെ നിർബന്ധമായാലെന്തുചെയ്യും? കാശി സർവകലാശാലയിലും ആലിഗർ സർവകലാശാലയിലും ഇങ്ങനെ ചിലതൊക്കെ തുടങ്ങിയപ്പോഴാണു് ഇന്ത്യൻപ്രസിഡണ്ടും കേന്ദ്രവിദ്യാമന്ത്രിയും ഇടപെട്ടതു്. കേട്ടതിൽ പത്തിലൊന്നെങ്കിലും നേരാണെങ്കിൽ ഇവിടെ അതിനുള്ള സമയം വളരെ വൈകിയിരിക്കയാണു്. സർവകലാശാല സ്വയംഭരണസ്ഥാപനമാണെന്നും പാവനമാണെന്നുംമററും പറഞ്ഞു് ഈ കോമാളിത്തരം അനുവദിക്കുന്നതു് യഥാർത്ഥത്തിൽ ഭാവിയോടുള്ള ഒരു വലിയ അപരാധമായിരിക്കും.



## കള്ളനോട്ടു്

കോയമ്പത്തൂർ ഇളകിയ കള്ളനോട്ടു് ഇപ്പോൾ മററു പല സ്ഥലത്തും ഇളകുന്നതായി കാണുന്നു. നോട്ടിനു പുറമെ ലോഹനാണയവും കുടിൽവ്യവസായമായി തുടങ്ങിയിട്ടുണ്ടത്രേ. ഇതിലെന്താണിത്ര പരിഭ്രമം? സർക്കാർ നോട്ടുപോലെ കാഴ്ചയ്ക്കു നല്ലതാണെങ്കിൽ ഇതും അങ്ങു പ്രചരിച്ചാലെന്താ? കുറേപ്പേർ നന്നായിപ്പോകുന്നതിലുള്ള കണ്ണുകടിയാണു് വാസ്തവത്തിൽ ഇതിനു പിന്നിലുള്ളതു്. ഒരു സബ് ഇൻസ്പെക്ടർ നന്നായി കണ്ടപ്പോൾ ഡി. എസ്. പി-ക്കു പിടിച്ചില്ല. ഒരു ഫോട്ടോഗ്രാഫർ പണക്കാരനായതു് മററുള്ളവർക്കു കുശുമ്പായി. അങ്ങനെ അതേപ്പററി അന്വേഷണമായി, അറസ്റ്റായി, ബഹളമായി. മനുഷ്യൻ പരസ്പരം സ്നേഹിച്ചെങ്കിൽ ഇതു വരുമായിരുന്നോ? പിന്നെ ഒരു കാര്യമുള്ളതു് ഇതു സോഷ്യലിസ്റ്റുവ്യവസ്ഥിതിക്കുള്ള രാജ്യമാണെന്നുള്ളതാണു്. എട്ടോ പത്തോ പേർ അങ്ങനെ കുതിച്ചുപൊങ്ങുകയും ബാക്കിയുള്ളവർ പഴയപടി താണുനിൽക്കുകയുംചെയ്യുന്നതു് സോഷ്യലിസമല്ല. അതുകൊണ്ടു് ഇതുവരെ നോട്ടടിച്ചവരിൽനിന്നും അതിനുപയോഗിച്ച ബ്ളോക്കും മഷിയും യന്ത്രവും വേറെ കുറെപ്പേരെ ഏൽപ്പിക്കുന്നതു ന്യായം മാത്രമായിരിക്കും. അവരും ആവശ്യത്തിനു് അടിച്ചുതീരുമ്പോൾ അവരിൽനിന്നും വേറൊരു സെററിനെ ഏൽപ്പിക്കുക. അങ്ങനെ ആറാറുമാസംവീതം സഹായിച്ചാൽ കേരളത്തിലെങ്കിലും വലിയ താമസംകൂടാതെ സോഷ്യലിസവും സമ്പൽസമൃദ്ധിയും ഉണ്ടാക്കാം. അതിനൊരുങ്ങാതെ നോട്ടടിക്കുന്നവരെ പിടിച്ചു് ഉപദ്രവിക്കാനാണു് ഭാവമെങ്കിൽ അതു രാജ്യത്തിന്റെ സാമ്പത്തികപുരോഗതിക്കു തടസ്സമായിട്ടേ തീരുകയുള്ളു. ഈ വശം പരിഗണിച്ചു് കോയമ്പത്തൂർ സമ്പൽവിദഗ്ദ്ധരെ അഭിനന്ദനപൂർവം വിട്ടയക്കണമെന്നു ഞങ്ങൾ അഭിപ്രായപ്പെടുന്നു.

# പാർട്ടിക്കൊരു കായകല്പം

## ചികിത്സ കേമമായി. പക്ഷേ രോഗിയുടെ കഥയോ?

എം. എൻ–നും, ഈ. എം. എസ്സ്–ും, അച്ചുതമേനോനും പാർട്ടിയാഫീസിൽ കൂടി പാർട്ടിയുടെ തൽക്കാലനില പരിശോധിച്ചു.

എം. എൻ– ഇന്നലത്തേതിൽ അവശതയാ.

മേനോൻ– ഒരു കശുവണ്ടിസമരമോ മറേറാ പ്രയോഗിച്ചാലോ?

ഈ. എം. എസ്സ്– ഒരു വിദ്യാർത്ഥിസ്ട്രൈക്കുകൂടി ആയാൽ കൊള്ളാം.

എം. എൻ– അതുകൊണ്ടൊന്നും ഈ തവണ പററുമെന്നു തോന്നുന്നില്ല. തളർവാതോം ചീനജ്വരവും ഒന്നിച്ചാ.

മേനോൻ– എന്നാലും എന്തേലും ചെയ്യണം. ഫലിക്കുന്നേൽ ഫലിക്കട്ടെ.

എം. എൻ– വേണ്ടപ്പെട്ടോരെയൊക്കെ ഒന്നറീക്കയൊ ആദ്യം വേണ്ടതു്. ഏ. കെ. ജി–ക്കു് ഒരു കമ്പികൊടുക്കണം. അങ്ങേർക്കു ചിററ മർമ്മാണീം അറിയാം.

പാർട്ടിയുടെ രോഗം കലശലാണെന്നും ഉടൻ വന്നുചേരണമെന്നും സഖാക്കൾ ഏ. കെ. ജി–ക്കു കമ്പിയടിച്ചു. അടുത്ത വിമാനത്തിൽ അദ്ദേഹം വന്നു. നാലാളുംകൂടി വീണ്ടും രോഗിയെ നോക്കി.

ഏ. കെ. ജി– നിരാശപ്പെടേണ്ടാ. മരുന്നുണ്ടു്.

എം. എൻ– ഇതു വളരെ കലശലായിരിക്കയാ.

ഏ. കെ. ജി– എന്തുമാകട്ടെ, ഞാനൊന്നു നോക്കാം. കണ്ണൂർമുതൽ തിരുവനന്തപുരംവരെ ഒരു കർഷകജാഥ പ്രയോഗിക്കാം. പെൻസിലിൻകുത്തിവയ്പിനെക്കാളൊക്കെ വിശേഷമാ. എം. എൻ. രോഗിയുടെ അടുത്തുതന്നെയിരിക്കണം. ഞാൻ ജാഥ നടത്താം. വിശേഷം അപ്പഴപ്പോൾ അറീച്ചോളണം.

മേനോൻ– അതാ എന്റേം തോന്നൽ. ഏതായാലും ഉടനെ വേണം. ഒരു ശ്വാസമേയുള്ളു.

ഏ. കെ. ജി. ഉടനടി കണ്ണൂരിലെത്തി. ഏട്ടുപേരെ ചേർത്തു കൊടിയുമായി തെക്കോട്ടു തിരിച്ചു. പാലക്കാട്ടുവന്നു് എറണാകുളത്തിനു കമ്പിയടിച്ചു ചോദിച്ചു രോഗനില എങ്ങനെയെന്നു്. തെല്ലാശ്വാസം കാണുമെന്നായിരുന്നു പ്രതീക്ഷ. പക്ഷെ മറിച്ചായിരുന്നു മറുപടി.



"നാഡി തീരെയില്ല. ഇന്നലെ മുതൽ ശന്നിയുമുണ്ട്."

ഏ. കെ. ജി. എന്നിട്ടും നിരാശപ്പെട്ടില്ല. ജാഥ തുടങ്ങിയല്ലേയുള്ളു. ഏതു മരുന്നിനായാലും ഫലിച്ചുതുടങ്ങാൻ സമയം വേണം. അദ്ദേഹം ഒരു കമ്പി കൂടെ അയച്ചു.

"പരിഭ്രമിക്കേണ്ട. തൃശ്ശൂരിലെത്തട്ടെ. അവിടെ ഒരു പ്രസംഗവും പ്രയോഗിക്കാം."

തൃശ്ശൂരെത്തി ഗംഭീരമായ ഒരു പ്രസംഗവും നടത്തി. ഫോണിൽ എറണാകുളത്തേക്കു ചോദിച്ചു "എങ്ങനെയിരിക്കുന്നു. തൃശ്ശൂർ പ്രകടനവും പ്രസംഗവും ഏററുകാണും." ഒരു എങ്ങലോടുകൂടിയാണ് എം. എൻ. ഉത്തരം പറഞ്ഞത്. "ഒരു ഭേദോമില്ല. ശന്നി കൂടെക്കൂടെയുണ്ടാകുന്നു. പരംസ് പഴേതിലും മോശം"

ഏ. കെ. ജി.—ക്കും കുറേശ പരിഭ്രമമായി. എങ്കിലും മരുന്നിന്റെ ശക്തിയിലുള്ള വിശ്വാസം കുറഞ്ഞില്ല. "അൽപ്പംകൂടി ക്ഷമിക്കു. കോട്ടയത്തെത്തട്ടെ. കുറഞ്ഞുതുടങ്ങും. ഉടനെയൊരു പ്രസ്സ്കോൺഫറൻസും നടത്താം. നിങ്ങളും വെറുതേയിരിക്കരുത്. ശന്നി വരുമ്പോഴെങ്കിലും ഒരു പ്രസ്താവനയിറക്കണം. നമ്പൂരീം മേനോനും സൗകര്യംപോലെ പ്രസംഗംപെടേശ്ശോളാൻ പറയണം."

ജാഥ തുടർന്നു. പ്രസ്സ്കോൺഫറൻസും പ്രസംഗവും വിധിപ്രകാരം പ്രയോഗിച്ചു. ജാഥ കോട്ടയത്തെത്തി. ഉശിരൻ പ്രകടനം ഒന്നു നടത്തി. പ്രസ്സ് കോൺഫറൻസും ശരിക്കു ചേർത്തു. എറണാകുളത്തിനു ഫോൺചെയ്തു.

ഏ. കെ. ജി— എങ്ങനെ?

എം. എൻ— ശന്നികൂടുന്നു. ക്ഷീണം വർദ്ധിക്കയാണ്. ഇന്നു രാവിലെ ഒന്നു ഛർദ്ദിച്ചു. വെറും മഞ്ഞവെള്ളം.

ഏ. കെ. ജി— ചീനജ്വരത്തിന്റെയാ മഞ്ഞവെള്ളം. അതു കുറെ ഛർദ്ദിച്ചതു നന്നായി. ഇനി കുറഞ്ഞോളും. ഞാൻ കൊല്ലത്തെത്തുമ്പോഴേക്കും ശന്നി മാറും.

ചെങ്ങന്നൂർവഴി കൊല്ലത്തെത്തി. കശുവണ്ടിത്തൊഴിലാളികൾചേർന്നു വമ്പിച്ച ഒരു സ്വീകരണം നടത്തി. മൂന്നു പ്രസംഗവും ചെയ്തു. വിഷമിറക്കിയ വിഷഹാരിയുടെ വിജയഭാവത്തിൽ എറണാകുളത്തിനു വിളിച്ചു.

ഏ. കെ. ജി— ശന്നിമാറിയോ?

എം. എൻ— ഇല്ല. ആദ്യമൊക്കെ ദിവസം ഒന്നും രണ്ടുമായിരുന്നു. ഇപ്പോൾ അഞ്ചും ആറും തവണയായി.

ഏ. കെ. ജി— മോഷനെങ്ങനെ?

എം. എൻ— കിടന്ന കിടപ്പിൽ താനേ പോവുകം.

ഏ. കെ. ജി— ഛർദ്ദിയോ?

എം. എൻ— ഓക്കാനോം ഇക്കിളുമാ. ഒന്നും പുറത്തേക്കില്ല.

ഏ. കെ. ജി— അപ്പോൾ ഛർദ്ദിയെങ്കിലും കുറഞ്ഞല്ലോ. മരുന്നു ഫലിക്കുകയാ. തിരുവനന്തപുരത്തെത്തുമ്പോൾ സകലതും ഭേദമാകും.

എം. എൻ— (ഗദ്ഗദം) എന്തോ?

ജാഥ തിരുവനന്തപുരത്തെത്തി. ഊക്കൻ ഒരു ഘോഷയാത്ര നടത്തി. പഴവങ്ങാടിയിൽ യോഗംചേർന്നു. ഗൗരിയുംകൂടെ പ്രസംഗിച്ചു. എല്ലാം ഗംഭീരമായിരുന്നു. വിശ്വാസപൂർവം എറണാകുളത്തേക്കു വിളിച്ചു.

ഏ. കെ. ജി— എഴുന്നേററോ?

എം. എൻ— (കരഞ്ഞോണ്ട്) ഇന്നു രാവിലെമുതൽ അനക്കമില്ല. എന്റെ സംശയം....! ഞാൻ തന്നേയുള്ളിവിടെ.

ഏ. കെ. ജി— അനക്കമില്ലേ—? ശ്വാസമുണ്ടോ—?

എം. എൻ— ഇല്ല. അതാ ഞാൻ പറഞ്ഞതു് എനിക്കു പേടിയാണെന്നു്.

ഏ. കെ. ജി. തൽക്ഷണം നമ്പൂരിമേനവന്മാരുമൊന്നിച്ചു് എറണാകുളത്തേക്കു പോയി. —ം—



# കാലനില്ലാത്ത കേരളം

—വാണക്കുററി—

വൃദ്ധന്മാരൊരുക്കൂട്ടം-
നിറഞ്ഞു കേരളംതന്നിൽ
ചത്തുകൊള്ളുവതിനാർക്കും
മനസ്സില്ലാ പണംവേണം
വല്ലപാടുമെഴുപതിൽ
ചെന്നുതൊട്ടാൽമതി; വയ-
സ്സല്ലലെന്ന്യേ പതിനഞ്ചു
രൂപകിട്ടും വേതനമായ്
ദിനംതോറുമെണ്ണതേച്ചു
കുളിക്കുന്ന ചില മൂത്ത
കിളവന്മാർ,"വയോവൃദ്ധ ബ
ത്ത"വാങ്ങാനായുസ്സിന്നായ്
ച്യവനപ്രാശവും,പിന്നെ-
സ്സുകുമാര,മിന്ദുകാന്ത-
മിവയെല്ലാം പതിവായി-
ക്കഴിക്കുന്നായുസ്സുനീട്ടാൻ
വല്ലപാടും ജീവിതമൊ-
ന്നവസാനിച്ചാൽ മതിയെ-
ന്നൊണ്ണിയ മൂപ്പീന്നിനിന്നു
മരിക്കാൻ സമ്മതമില്ല
പത്തുമാസം പതിനഞ്ചു
വീതമെണ്ണിവാങ്ങിയിട്ടേ
മൃത്യുദേവൻ വരാവൂ
എന്നായിചിന്താ വയസ്സുക്ക്
നരയ്ക്കാത്തരോമമില്ല;
വായിലൊററപ്പല്ലുമില്ല,
ശരിയ്ക്കുററു നടക്കാനും
കഴിവില്ല കിടപ്പാണ്,
മരണകാലാവധിയും
കഴിഞ്ഞെന്നല്ലതിൻ കാല
ഹരണമായിയെന്നിട്ടും
മരിക്കുവാനാശയില്ല
ഞരങ്ങേന്നീ നിലയിലാ-
മുതുവൃദ്ധരൊരുമാസം
നിരങ്ങി നീങ്ങുവാൻ കാലം,
വഴിപാടു കഴിക്കുന്നു
മരിപ്പിക്കും ജോലിനോക്കും

യമധർമ്മൻ തനിക്കിപ്പോൾ
മിനക്കേടായ് പണിയില്ല,
മരിക്കുന്നില്ലൊരുത്തരും
മരിച്ചാലും ജഡമപ്പി-
ട്ടുണക്കിക്കട്ടിലിലിട്ടു
ശരിക്കങ്ങു പുതപ്പിച്ചു-
ക്കിടത്തിട്ടീനവ്യാജേന
പിരിക്കുന്നു പതിനഞ്ചു
രൂപവീതം മക്കളാരൻ
മുതുക്കന്റെ പേരിലെന്നു
പരാതിയും വളരുന്നു!
അമ്പതായോരിടക്കാല-
ക്കിളവൻ മേക്കപ്പുമൂലം
മുമ്പേറായറുപത്തി
യൊമ്പതായെന്നുരക്കുന്നു
വയസ്സന്മാർ മരിക്കുന്ന
കണക്കു വില്ലേജിലില്ല,
ജനിക്കുന്നതനവധി

മരിക്കുന്നില്ലൊരുത്തരും
ജനസംഖ്യ കുറയ്ക്കുവാൻ
കൃത്രിമോപാധികൾമൂലം
ദിനംതോറും ഗവമ്മെൻറു
പണിയുന്നു ഭാരതത്തിൽ
അതുനേരം കേരളത്തിൽ
മറിച്ചേവം കുഴപ്പത്തിൽ
ഗതികേടായെന്തുചെയ്യും
ഭരണക്കാർ വശംകെട്ടു
അഞ്ഞൂറുവയസ്സുള്ളോ
രപ്പൂപ്പന്മാരുമിപ്പോൾ
പണിപോലെയിരിക്കുന്നു
പെൻഷനാണ്ണാനെന്തുചെയ്യാം
പഞ്ഞമേറി നാട്ടിലാകെ
വീടുകളിലൊരുനേരം
കഞ്ഞിവയ്ക്കാൻ വകയില്ല
വയസ്സന്മാരേറുകയാൽ.

—0—



ആഗസ്റ്റ് 25-ാംനു- പുറപ്പെടുന്നു

# സരസൻ

★ ★ ★ ★ ഓണം വിശേഷാൽപ്രതി

ഏററവും പുതുമയുള്ള കെട്ടിലും മട്ടിലും ഉള്ളടക്കങ്ങളോടുംകൂടി
പൊന്നോണപ്പുലരിയിൽ മലയാളികളുള്ള സ്ഥലങ്ങളിലെല്ലാം
ചെന്നെത്തത്തക്കവണ്ണം അണിയറയിൽ അണിഞ്ഞൊരുങ്ങുന്നു!

★

ഉള്ളിലേക്കു കടന്നാൽ!

മെ: പി. കെ. രാജരാജവർമ്മ, എൻ. പി. ചെല്ലപ്പൻനായർ, ആനന്ദക്കുട്ടൻ, മീശാൻ, മുൻഷി പരമുപിള്ള, പന്തളം കെ. പി., മലയാററൂർ രാമകൃഷ്ണൻ, വേളൂർ കൃഷ്ണൻകുട്ടി, മുട്ടത്തു വർക്കി, എം. എൻ., കാനം ഇ. ജെ , പുത്തേഴം, വാണക്കുററി മുതൽപേരുടെ ഗദ്യപദ്യ വിഭവങ്ങളോടൊപ്പം കാർട്ടൂണിസ്റ്റ് കെ. എസ്സ്. പിള്ളയുടെ ഹാസ്യചിത്രങ്ങളും!

മനോഹരമായ ത്രിവർണ്ണ കവർ!

വില 50 നയാപൈസ.

സരസൻ, ചങ്ങനാശ്ശേരി-കേരളം.

ലഘു ചിത്രപംക്തി

# സഖാവു് എ. കെ. ഗോപാലൻ

—ചാണക്യൻ—

ഒന്നര നൂറ്റാണ്ടിനു മേലായിക്കാണും ശ്രീവാഴുംകോട്ടു് ഒരത്ഭുതവീര പ്രസവം നടന്നു. ആ ശിശു വളർന്നുവന്നതാണു് വേലുത്തമ്പിദളവാ. ഏകദേശം ഇതേകാലത്തുതന്നെ വടക്കേകേരളം, ഒരു ധീരപ്രസവം നടത്തി. ആ ശിശു വളർന്നപ്പോൾ അതിനെ പഴശ്ശിരാജാവെന്നു വിളിച്ചു. ഇവർ രണ്ടുപേരോളംതന്നെ പ്രശസ്തിയാർജ്ജിക്കാത്ത ഒന്നിനെ കൊച്ചിയും പ്രസവിച്ചു. ആ ഓമനശിശു വളർന്നുവന്നപ്പോൾ കൊച്ചിക്കാർ അതിനെ കാശിയിൽപോയ പാലിയത്തച്ഛൻ എന്നു വിളിച്ചു. ഒന്നായിരുന്ന കേരളദേവി, മൂന്നായി പിരിഞ്ഞപ്പോൾ പ്രസവവും അങ്ങിനെ മൂന്നുണ്ടായി. പക്ഷെ മലബാർ ഒരു എ. കെ. ഗോപാലനെ പ്രസവിച്ചപ്പോൾ കൊച്ചിയും തിരുവിതാംകൂറും മൗനംപൂണ്ടിരുന്നുകളഞ്ഞു. ഇന്നു് നമ്മുടെ മുമ്പിൽ ധീരനായി എന്തിനും സന്നദ്ധനായി, ഏതിനും പോരുന്നവനായി, നിൽക്കുന്ന സഖാവു് എ. കെ. ഗോപാലനെ ഈ വിധത്തിൽ രൂപപ്പെടുത്തിയതു് ആരാണു്? അല്ലെങ്കിൽ എന്തൊരു ശക്തിയാണു്? ആഫ്റിക്കയിലെ ഇൻഡ്യാക്കാരുടെ ദുരിതങ്ങൾ നമുക്കൊരു ഗാന്ധിയെ രൂപപ്പെടുത്തിത്തന്നു, അറേബ്യൻ മണൽക്കാടുകളിലെ നിവാസികളുടെ കഷ്ടപ്പാടുകൾ ഒരു മഹമ്മദുനബിയെ ഉണ്ടാക്കി ലോകത്തിനു് സംഭാവനചെയ്തു. പാലസ്റ്റൈൻ നിവാസികളായ ദരിദ്രരുടെ ഘോരദുരിതങ്ങൾ ഒരു ക്രിസ്തുവിനെ ഭൂമണ്ഡലത്തിനു് സംഭാവനചെയ്തു. ഹിമാലയൻ പ്രദേശങ്ങളിലെ ജനതയുടെ തീരാദുരിതങ്ങൾ ഒരു ബുദ്ധനെ പ്രപഞ്ചത്തിനു ദാനംചെയ്തു. ശിഥിലമായ നായർസമുദായത്തിന്റെ ഉദ്ധാരണത്തിനു് ഒരു മന്നത്തുപത്മനാഭനെ സൃഷ്ടിച്ചു. അപ്പോൾ നമ്മുടെ എ. കെ. ജി.–യെ ആരു സൃഷ്ടിച്ചു? മലബാർ ജന്മിമാരായ നമ്പൂതിരിമാരുടെയും ഏറാടിമാരുടെയും നമ്പിമാരുടെയും, സാമൂതിരി, കോലത്തിരി, തുടങ്ങിയ തിരിമാരുടെയും അനിയന്ത്രിതമായ അധികാരപ്രമത്തതയും, കാമലമ്പടത്വവും ഗതികേടുകൊണ്ടു സഹിച്ചു്, തോരാത്ത കണ്ണുനീർ വീഴ്ത്തിക്കൊണ്ടിരുന്ന ഒരു ജനത—പാട്ടംകൊടുത്തും വാരം കൊടുത്തും കണ്ടുകാഴ്ചകൾ കൊടുത്തും ജന്മിമാരേയും കോഴകൊടുത്തു് കാര്യസ്ഥന്മാരേയും പ്രീണിപ്പിച്ച മലബാർ കർഷകജനത, ഒരു എ. കെ. ജി. യെ സൃഷ്ടിച്ചുവെന്നുപറയുന്നതിൽ തെററുണ്ടോ? ഒരു ഈ. എം. എസ്സിനേയും, ഒരു കെ. പി. ആറിനേയും രൂപപ്പെടുത്തിയെടുത്തുവെന്നു് പറയുന്നതിൽ സത്യമില്ലേ? എന്തുകൊണ്ടു് തിരുവിതാംകൂറിനു് ഒരു എ. കെ. ജി. ഉണ്ടായില്ല? കൊച്ചിക്കുണ്ടായില്ല? കാരണമുണ്ടു്, തിരുവിതാംകൂർ കർഷകനു് മ



ലബാർ കർഷകന്റെ ദുരിതങ്ങളില്ല, കഷ്ടപ്പാടുകളില്ല. കൊച്ചി കർഷകനും മലബാർകർഷകനെക്കാൾ ഭേദമാണ്: പിന്നെ എങ്ങിനുണ്ടാവും കട്ടിയായ, ഉരുക്കുഹൃദയനായ ഒരു ഏ. കെ. ജി. തിരുവിതാംകൂറിനും കൊച്ചിക്കും? എന്നാൽ ഇല്ലേ? ഒരച്യുതമേനോൻ കൊച്ചിക്കില്ലേ? ഒരെമ്മനും, ടി. വി. തോമസും, സുഗതനും ഒക്കെ തിരുവിതാംകൂറിനില്ലേ? നിശ്ചയമായും ഉണ്ട്. പക്ഷെ അവരെല്ലാം ഗുരുക്കന്മാരാണെങ്കിലും ഏതാണ്ടൊരു തളിരത്തംകൂടി അവരിൽ കലർന്നിട്ടുണ്ട്. ഏ. കെ. ജി. യെ നേരിൽ കാണാത്തവരുണ്ട് ഇല്ലേ? എന്നാൽ ഇതാ കണ്ടോളു, വെൺതേക്കിന്റെ തവിട്ടുനിറത്തിലുള്ള കാതലെടുത്ത് നാലേമുക്കാലേഅരയ്ക്കാൽ അടി പൊക്കത്തിൽ മൂന്നടി വണ്ണത്തിൽ ഒരു മനുഷ്യരൂപം ഉണ്ടാക്കുക. അതിന്റെ കണ്ണുകൾ ചെറുതായിരിക്കണം. മൂക്കും കവിളും വയറും എല്ലാം ഗോളാകൃതിയിലായിരിക്കണം. എന്നിട്ട് ആ മരമനുഷ്യനിൽലേശം റോസ് ചായം നല്ലതുപോലെ തേച്ചുപിടിപ്പിക്കുക. അതിനുശേഷം ആ രൂപത്തിന്റെ മൂക്കിൽക്കൂടിയും വായിൽക്കൂടിയും ജീവൻ ഊററിക്കേററുക. അതാ നിൽക്കുന്നു നമ്മുടെ രാഷ്ട്റീയഗന്ധർവനായ ഏ. കെ. ജി. ഏ. കെ. ജി. യുടെ മുഖത്തേക്കുനോക്കു. കവിളും കണ്ണും ചിറിയുമെല്ലാം എപ്പോഴും പ്രസന്നമയമായിരിക്കും. പക്ഷെ അതു് സാക്ഷാൽ പ്രസന്നതയാണോ? അല്ല, നൈരാശ്യത്തിന്റെയും, ശത്രുവിനെ അടക്കാനുള്ള ആവേശത്തിന്റെയും അപ്രസന്നതയ്ക്കു് പ്രസന്നതയുടെ ഒരു ഛായയുണ്ടു്. അതാണ് ആ മുഖത്തു കളിയാടുന്നതു്. വിദ്വാന്റെ അധരങ്ങളിൽ സദാ പുഞ്ചിരി ഉരസിനടക്കുന്നതായി നിങ്ങൾക്കുതോന്നും. അതു സാക്ഷാത്തായ പുഞ്ചിരിയല്ല. ജനതയുടെ ഹൃദയരോദനം കണ്ടു ഞെട്ടുന്ന നേതാവിന്റെ കരച്ചിലിനു് ഒരു പുഞ്ചിരിയുടെ ച്ഛായയുണ്ടു്. ആ വേദനയാണ് ആ അധരങ്ങളിൽ പതുങ്ങിപ്പതുങ്ങി സഞ്ചരിക്കുന്നതു്.

നിങ്ങൾ വിശ്വസിക്കുമോ? ഈ കാലഘട്ടത്തിൽ ഇൻഡ്യൻ പാർലമെന്റു മന്ദിരത്തിനുള്ളിൽവച്ചും വെളിയിൽവച്ചും ലോകമഹാന്മാരിൽ ഒരാൾ എന്ന പ്രശസ്തിയാർന്ന ഇൻഡ്യൻപ്രധാനമന്ത്രിയുടെ അഭിപ്രായങ്ങളെയും വാദങ്ങളെയും ചില സമയം നിർദ്ദാക്ഷിണ്യം ഖണ്ഡിച്ചുകളയുന്ന—ഐസ്നോവറിനേയും മാക്മില്ലനേയും എപ്പോഴുമിട്ടു പാററിക്കൊഴിക്കുന്ന—ക്രൂഷ്ചേവിന്റെയും മാവോ–സേ തുങ്ങിന്റെയും അഭിപ്രായങ്ങൾ സയുക്തികം പരിശോധിക്കുന്ന ഈ ഏ. കെ. ഗോപാലൻ ഒരു കാലത്തു് ഒരു വെറും വാദ്ധ്യാരായിരുന്നുവെന്നു പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ? എന്നാൽ നമ്മുടെ ഏ. കെ. ഗോപാലൻനമ്പ്യാർ എന്നു് പറയുന്ന ഈ വിദ്വാൻ ഒരു വെറും വാദ്ധ്യാരായിരുന്നു, അക്കാലത്തു് അദ്ദേഹമൊരു ഭർത്താവുമായിരുന്നു. രണ്ടും അദ്ദേഹത്തിനു നഷ്ടപ്പെട്ടു. എങ്ങിനെന്നോ? ഇംഗ്ലീഷ് ഗവണ്മെന്റിന്റെ എതിർശക്തിയായ ഗാന്ധിയൻ കാൺഗ്രസ്സിന്റെ ഒരനുഭാവിയാണ്, ഈ വാദ്ധ്യാരെന്നു്, ഒരു ആരോപണം എങ്ങുനിന്നോ പൊന്തിവന്നു. വാദ്ധ്യാർ ഏ. കെ. ജി. വീട്ടിലില്ലാതിരുന്ന തക്കംനോക്കി, ഒരു ദിവസം അദ്ദേഹത്തിന്റെ ഭാര്യാമാതാവു് അദ്ദേഹത്തിന്റെ വസതിയിലെത്തി. ആ തറവാട്ടുകാരിയമ്മ മകളെ വിളിച്ചു.

"എടീ! മോളെ! നിന്റെ ഭർത്താവു് ഒരു രാഷ്ട്രീയക്കാരനാണോ? അമ്മ ചോദിച്ചു.

"എന്തോ എനിക്കറിഞ്ഞുകൂടാ" മകൾ പറഞ്ഞു.

"എന്നാൽ ആ വിഡ്ഢിയാൻ ഒരു കോൺഗ്രസ്സാണ്" കണ്ട കാൺഗ്രസ്സ് എരപ്പുകളുടെ തോളിൽ പിടിച്ചോണ്ടാണ് അവന്റെ ഈയിടയ്ക്കുള്ള നടപ്പു്. നമ്മുടെ തറവാട്ടിൽ ഇങ്ങിനൊരു ഏമാളിയെ ഇതിനുമുൻപു് കേററിയിട്ടില്ല. ഇപ്പോൾ നീ കാരണം അതിനും ഇടയായി. തറവാടിന്റെ സുകൃതക്ഷയം അല്ലാതെന്താ പറയുക? നോക്കിക്കോ, ഒരുദിവസം ഇവന്റെ ഈ പട്ടിണിവാദ്ധ്യാരുവേലപോകും. ഇവനെ സർക്കാരാളുകൾ ജയിലിൽ കേററും. ജഡ്ജിസായിപ്പ് തൂക്കുമരത്തിലേക്കയക്കും. തൂക്കിക്കൊന്നവന്റെ വിധവ എന്ന പേരു് നിനക്കു കിട്ടുകയും ചെയ്യും" അമ്മ പറഞ്ഞു. ഇതു കേട്ടപ്പോൾ മിസ്സസ് ഏ. കെ. ജി. യുടെ ഉള്ളറയ്ക്കു തീകത്തിപ്പോയി. അവർ കിടുങ്ങി വിറച്ചുപോയി.

"അമ്മെ! ഞാനെന്തു ചെയ്യണം? അതു പറയൂ," മിസ്സസ് ഏ. കെ. ജി. ചോദിച്ചു.

"സ്വന്തശരീരത്തിൽനിന്നായാലും ഊറിവരുന്നതു് ദുർനീരാണെങ്കിൽ എന്തുചെയ്യും?" അമ്മ ചോദിച്ചു.

"നാറാതിരിക്കാൻ ദൂരെക്കൊണ്ടു ചെന്നു കുഴിച്ചുമൂടിക്കളയും" മകൾ പറഞ്ഞു.

"തറവാടും നീയും നാറാതിരിക്കണമെങ്കിൽ ഇവനേയും അങ്ങിനെചെയ്യണം. എന്നിട്ടു തറവാട്ടേക്കു മടങ്ങിപ്പോരു" ഇത്രയുംപറഞ്ഞിട്ട് അമ്മ സ്വന്ത തറവാട്ടിലേക്കു തിരിച്ചുപോയി.

പതിവുപോലെ അന്നു സന്ധ്യയ്ക്കു് ഏ. കെ. ജി. വീട്ടിലെത്തി. കാലും കയ്യും തേച്ചുകഴുകാനുള്ള വെള്ളവുമായി എന്നും കാത്തുനിൽക്കാറുള്ള ഭാര്യയെ അന്നു് പതിവുസ്ഥലത്തു് കണ്ടില്ല.

"ഓയ്–ഹോയ്–ഹോയ്" അദ്ദേഹം വിളിച്ചു. മറുപടിയായിട്ട് ഒരു ശബ്ദംപോലുമില്ല.

"ഇവിടൊരു പ്രേതങ്ങളുമില്ലേ?" അദ്ദേഹത്തിൽനിന്നും അലർച്ച പുറപ്പെട്ടു. വേലക്കാരിപ്പെണ്ണ് വെള്ളവുമായി വന്നു.

"എവിടെടി അവൾ?" അദ്ദേഹം വേലക്കാരിയോടു് ചോദിച്ചു.

"കിടക്കുവാ, പുരയിൽ കട്ടിലിൽ" വേലക്കാരി പറഞ്ഞു.

ഭാര്യയ്ക്കെന്തോ സുഖക്കേടു പിടിപെട്ടിരിക്കുന്നുവെന്നു് തീർച്ചയാക്കിക്കൊണ്ട് അദ്ദേഹം മുറിയിലേക്കു പാഞ്ഞുചെന്നു. അദ്ദേഹം ഭാര്യയുടെ സമീപം ഇരുന്നു. ദേഹമൊക്കെ മന്ദമായി തടവി.

"എവിടെയാ സുഖക്കേട്? എന്താ

വിവാഹാവശ്യങ്ങൾക്കുള്ള സ്വർണ്ണാഭരണങ്ങൾക്കു്—നിങ്ങളുടെ

ചെമ്പകാ ജ്യൂവലേഴ്സ്

Tel: CHEMBAKA Prop: P. S. MONY Phone 2092

മുല്ലയ്ക്കൽ :: ആലപ്പുഴ

അസുഖം. പറയൂ. ഉടൻ വൈദ്യരെ വരുത്താം." പ്രേമമോലുന്ന സ്വരത്തിൽ അദ്ദേഹം പറഞ്ഞു.

"എന്റെ ദേഹത്തിനെന്തും ഒരു സുഖക്കേടുമില്ല. മനസ്സിനാ." ഭാര്യ പറഞ്ഞു.

"മനസ്സിനോ? ആരുണ്ടാക്കി?" അദ്ദേഹമന്വേഷിച്ചു.

"നിങ്ങളല്ലാതെ ആരുണ്ടാക്കാനാ?" ഭാര്യ ചോദിച്ചു.

"ഞാനോ? ദൈവമെ! ഇതെന്തൊരു പുതുമ?" ഏ. കെ. ജി. അക്രോശിച്ചുപോയി.

"മിരട്ടൊന്നും ഇനി എൻറടുത്തു് എടുക്കണ്ട. നിങ്ങടം രാഷ്ട്രീയക്കാരനാണോ? കാൺഗ്രസാണോ?" ഭാര്യ ചോദിച്ചു.

"ആണെങ്കിൽ—?" ഏ. കെ. ജി. ഒരു പകുതിച്ചോദ്യം ചോദിച്ചു.

"ആണോ—അതു പറയൂ." ഭാര്യ പറഞ്ഞു.

"അതെ. ഞാനൊരു രാഷ്ട്രീയവും കാൺഗ്രസുമാണു്." ഏ. കെ. ജി. ഉറപ്പിച്ചു പറഞ്ഞു.

"തീർച്ച?" ഭാര്യ ഉറപ്പിച്ചു ചോദിച്ചു.

"അതെ. തീർച്ചതന്നെ." ഏ. കെ. ജി–യും ഉറപ്പിച്ചു പറഞ്ഞു.

"അപ്പോൾ എന്റെ തീർച്ചയും തീർച്ചയാണു്." ഭാര്യ പറഞ്ഞു.

"നിന്റെ തീർച്ച എന്തോന്നാണു്?" ഏ. കെ. ജി. ചോദിച്ചു.

"എന്റെ തറവാട്ടേക്കു് മടങ്ങിപ്പോകാൻ. തൂക്കുമരത്തിലേറിയവന്റെ വിധവയെന്നു് പേരു ചുമന്നോണ്ടുനടക്കാൻ എനിക്കു വയ്യെന്നു്." ഭാര്യ തീർച്ച സ്വരത്തിൽ പറഞ്ഞു.

"ശരി, അപ്പോൾ—" ഏ.കെ.ജി. അന്വേഷിച്ചു.

"ഇനിയെന്തൊരു 'അപ്പോളാ' കിടക്കുന്നതു്? നമുക്കു പിരിയാം. എനിക്കു് ഒരു രാഷ്ട്രീയക്കാരനെയല്ലാവശ്യം. മാനംമര്യാദയായി നടക്കുന്നവനായിരിക്കണം എന്റെ ഭർത്താവു്." ഭാര്യ യാതൊരു വിട്ടുവീഴ്ചയ്ക്കും തയ്യാറില്ലാത്ത സ്വരത്തിൽ പറഞ്ഞു. ഏ. കെ. ജി. നിശബ്ദനായി നിന്നുപോയി.

അടുത്ത പ്രഭാതത്തിൽ ഉണർന്നെഴുന്നേറ്റുവന്ന ഏ. കെ. ജി–ക്കു് ഭാര്യയെ കാണാൻ കിട്ടിയില്ല. ആ ബന്ധം അങ്ങിനെഴിഞ്ഞു. ഒരു വിലങ്ങു് ഊരിപ്പോയതുപോലെ ഏ. കെ. ജി–ക്കു് ഒരനുഭവം. ഏറെദിവസം വേണ്ടിവന്നില്ല അ



ദ്ദേഹത്തിന്റെ വാദ്ധ്യാർവേലയും പോവാൻ. രാഷ്ട്രീയംകാരണമായിട്ടു് ഒരു ഭാര്യയ്ക്കു് ഭർത്താവിനെ വെടിഞ്ഞുപോകാമെങ്കിൽ എന്തുകൊണ്ടു് ഒരു സർക്കാരിനു് അനേകകാരണംകൊണ്ടു് ഒരു വാദ്ധ്യാരെ എടുത്തെറിഞ്ഞുകൂടാ. ചങ്ങലകൾ രണ്ടും പൊട്ടി. ഏ. കെ. ജി. രാഷ്ട്രീയസാഗരത്തിലേക്കു് ഒരു മുതലക്കുപ്പു് കുത്തിക്കൊടുത്തു. ഇന്നത്തെ പ്രതാപശാലികളായ പഴയ കോഴിക്കോടൻ കാൺഗ്രസ്സുകാരോടൊപ്പം അദ്ദേഹവും കാൺഗ്രസ്കൊടി പിടിച്ചു. വിദേശക്കടകൾ പിക്കററുചെയ്തു. ഉപ്പുസത്യാഗ്രഹംനടത്തി. സൃഷ്ടിപരമായപരിപാടികളേറെറടുത്തു. പക്ഷെ അദ്ദേഹം കാൺഗ്രസിൽനിന്നും ഊർന്നു ചാടിക്കളഞ്ഞു. എന്തുകൊണ്ടു്? കാൺഗ്രസിന്റേയും ഗാന്ധിജിയുടേയും പേരു് ചൂഷണംചെയ്തു് കള്ളഷാപ്പുകാരും ബാങ്കറന്മാരും, കച്ചവടക്കാരും, ജന്മിമാരും പകൽകൊള്ളനടത്തുന്നുവെന്നു് അദ്ദേഹത്തിനു മററുപലരേയുംപോലെ ബോദ്ധ്യപ്പെട്ടതുകൊണ്ടു്. ഇദ്ദേഹത്തിന്റെ തലയ്ക്കു് അയ്യായിരം രൂപാ, പതിനായിരം രൂപാ, എന്നൊക്കെ സർക്കാരു വിലവെച്ചിരുന്നതാണു്. ഇന്നാകട്ടെ, ഒററ നയാപൈസാ ഈ തലയ്ക്കു് കൊടുക്കാൻ സർക്കാരിനു മനസ്സില്ല. എങ്കിലും കോടി കോടി പവൻ കിട്ടിയാലും ഈ ശിരസ്സു് കൊടുക്കില്ലാന്നുപറഞ്ഞു് കൃഷിക്കാരും തൊഴിലാളികളും ഒത്തുകൂടിയിരിക്കയാണു്. സംഗതി നടക്കാൻ പോകുന്നതെങ്ങിനെന്നു് കണ്ടറിയണം. ഇന്നു് ഏ. കെ. ജി–ക്കു് തികച്ചും ഒരു രാഷ്ട്രീയഭാര്യയുണ്ടു്—മുഹമ്മ കുമാരപ്പണിക്കരുടെ അനന്തരവൾ ശാന്ത. ഇതു പറഞ്ഞപ്പോൾ ഒരു കാര്യം ഓർമ്മവരുന്നു. ഈഴവസ്ത്രീകൾക്കു് രഹസ്യമായ ഒരു മുദ്രാവാക്യമുണ്ടെന്നാണു് തോന്നുന്നതു്. "പെരുമയും കാമ്പുമുള്ളവൻ ആരായാലും അവനെ തട്ടിയെടുക്കുക" ഇതാണു് ആ മുദ്രാവാക്യം. ഒരു പഴയ നാടകമെഴുത്തുകാരനായ സ്വാമി ബ്രഹ്മവ്രതനെ, ശിവാനി എന്നൊരു ഈഴവയുവതി മടിയിൽ തിരുകി. കേശവദേവെന്ന പുരോഗമനസാഹിത്യകാരനെന്നു് സ്വയം അഭിമാനിക്കുന്ന മാന്യനെ ഗോമതി എന്നൊരു ഈഴവയുവതി തട്ടിയെടുത്തു. പക്ഷെ അവരിൽനിന്നും അദ്ദേഹം ഊരിപ്പോന്നുകളഞ്ഞുവെന്നാണു് ഇപ്പോൾ കേൾക്കുന്നതു്. ഇക്കൂട്ടത്തിൽ ഏ. കെ. ജി–യെ ഒരു ശാന്തയും ഉള്ളംകൈയിലാക്കി. അങ്ങിനെ പലരേയും. അപൂർവ്വം ചില നായർയുവതികൾ ഇതിനു് പകരംവീട്ടാരെയും ഇരിക്കുന്നില്ല. അതൊരാശ്വാസമാണു്.

തൂക്കുമരത്തിന്റെ നീണ്ട നാക്കുകൾ പലപ്പൊഴും ഏ.കെ.ജി–യെ നക്കിയെടുക്കാൻശ്രമിച്ചിട്ടുണ്ടു്. കൊലക്കയർ കഴുത്തിലേക്കു് ആഞ്ഞെറിഞ്ഞിട്ടുണ്ടു്. പക്ഷെ അദ്ദേഹം അവയിൽനിന്നൊക്കെ ഊന്നു് ഓടി മറഞ്ഞുകളഞ്ഞു. ഏ. കെ. ജി–യുടെ സേലം ജയിലിലെ തടവുചാട്ടം പ്രസിദ്ധമാണു്. അപകടങ്ങളിലും സാഹസികപ്രവൃത്തികളിലുംചെന്നു് എടുത്തുചാടുക, പിന്നീടവയിൽനിന്നും രക്ഷപെട്ടുപോരുക—ഇതു് അദ്ദേഹത്തിനൊരു രസമാണെന്നു തോന്നുന്നു.

മന്നത്തുപത്മനാഭന്റെ നേതൃത്വത്തിൽ വിമോചനസമരഭടന്മാർ, കമ്യൂണിസ്റ്റ്പാർട്ടിയുടെ നടുവിനു് ഊക്കേറിയ ഒരടികൊടുത്തു. പാർട്ടി തളർന്നുപോയി. ആ തളർച്ചയെ മാററാനും, പുതിയ ചൈതന്യം കയററാനും ഇന്നു് ഏ. കെ. ജി. നടക്കുകയാണു്—കർഷകജാഥയുമായിട്ടു്. വിജയിച്ചാൽ........ കാൺഗ്രസ്സിനുള്ളിലെ കവർച്ചക്കാരെപ്പോലെതന്നെ ചിലരൊക്കെ കമ്യൂണിസ്റ്റുപാർട്ടിക്കുള്ളിലുമുണ്ടു്. അതദ്ദേഹം മനസ്സിലാക്കിയിരുന്നാൽ വിജയം നിശ്ചയം.

ആദ്യം പറയേണ്ടതായിരുന്നു എങ്കിലും ഒടുവിൽ ഇത്രയുംകൂടി പറഞ്ഞുവെച്ചേക്കാം. ഒരു ഹംഗേറിയൻ വേട്ടപ്പട്ടിയുടെ മണത്തറിയലും, ആകാശച്ചുഴിയിൽ നിശ്ചലം പറന്നു വിഹരിക്കുന്ന കഴുകന്റെ കണ്ടറിയലും ഏ. കെ. ജി–ക്കുണ്ടത്രെ. ഇര ഏതു പൂനത്തിലിരിക്കുന്നുവെന്നു് മണത്തറിഞ്ഞു് അദ്ദേഹം ആ പൂനം മാന്തിപ്പൊളിക്കുന്നു. ഒരു പ്രക്ഷോഭണശിശു ഏതോ ഗർഭാശയത്തിൽ രൂപംകൊള്ളാൻ തുടങ്ങിയിരിക്കുന്നുവെന്നു് അങ്ങു് വിദൂരതയിൽവെച്ചുതന്നെ അദ്ദേഹം കണ്ടറിയുന്നു. പെട്ടെന്നു് അങ്ങോട്ടേയ്ക്കു് പറന്നുവിഴുകയും ചെയ്യുന്നു.

നനച്ചു നനച്ചു് ചവുണ്ടുപോയ ചെമ്പാട്ടുപോലുള്ള ഏ. കെ. ജി–യുടെ വലത്തെ കവിളിൽ, ആനവാലിലെ നീണ്ട രോമംപോലെ കറുത്തിരുണ്ടു കിടക്കുന്നതു് നിങ്ങൾ കാണുന്നില്ലേ? എന്താണതെന്നു് അറിയാമോ? മരിയാർപൂതംകേസിലെ തോൽവിയാണതു്. അന്തസ്സററ വൻ പ്രഭ്വികൾക്കു് സിൽബന്ധിഭാവത്തിലുള്ള അഞ്ചോ ആറോ കാമുകന്മാരുണ്ടായിരിക്കുക—സ്വാഭാവികമാണു്. ന്യായവുമാണു്. അതിന്മേൽ ഭയങ്കരാരോപണം പടുത്തുയർത്തുക, തെളിയിക്കാൻ കഴിയാത്തതിനെ പ്രഖ്യാപനംചെയ്യുക, ഇതൊക്കെയാണു് മരിയാർപൂതംകേസിനെ സംബന്ധിച്ചിടത്തോളം ഏ. കെ. ഗോപാലനും സംഭവിച്ചുപോയതു്. അതുകൊണ്ടെന്താ? ഒരിക്കലും മായാത്ത ഒരു കറുത്ത വര ആ മുഖത്തു് വീഴുകതന്നെ ചെയ്തു. എന്തുതന്നെയാവട്ടെ. ഭാവിതലമുറ പരമ്പരകളിൽക്കൂടി, ഏ. കെ. ജി. എന്ന പേരു് ഭാരതം—നിശ്ചയമായും കേരളം—ഉച്ചരിച്ചോണ്ടിരിക്കും.

—०—


# കെ. രാജാ ബ്രദർ

## ജ്യുവലേഴ്സ്, മുല്ലയ്ക്കൽ — ആലപ്പുഴ.

ഞങ്ങളുടെ രണ്ടാമതു സ്വർണ്ണാഭരണവിതരണപദ്ധതിയുടെ 9—7—'60-ലെ മൂന്നാമതു് നറുക്കെടുപ്പിൽ 180–ാംനമ്പർ ശ്രീ. എൻ. ദാസപ്പൈ, പുത്തൻമഠം, തിരുമല വാർഡ്, ആലപ്പുഴ വിജയിച്ചിരിക്കുന്നു. 4–ാമതു തവണയുടെ പണം 8–8–'60–നുള്ളിൽ അടച്ചുതീർക്കേണ്ടതാണു്.

പ്രൊപ്രൈറേറഴ്സ്:— കെ. രാജാ & ബ്രദർ.

# ★ മിസ്സസ് മുഖ്യമന്ത്രിമാർ മുന്നോട്ട് ★

## മിസ്സസ് ബണ്ടാരനായക സിലോൺ പ്രധാനമന്ത്രിയായതിൻെറ ഇന്ത്യൻ പ്രത്യാഘാതം.

(പ്ര: ലേ:)

ജൂലൈ 22–ാംതീയതി ക്യാബിനററയോഗം കഴിഞ്ഞ് മുഖ്യമന്ത്രി പട്ടംതാണപിള്ള വീട്ടിലെത്തിയപ്പോൾ മിസ്സസ് പട്ടത്തിനു പകരം കാപ്പിയുമായി കാത്തുനിന്നതു് ഒരു വാല്യക്കാരനായിരുന്നു.

പട്ടം— നിൻെറ കൊച്ചമ്മയെവിടെ?

വേലക്കാരൻ– ബോംബേന്നോ മറോ ഒരു കമ്പിവന്നതനുസരിച്ച് അങ്ങോട്ടുപോയി. ഉച്ചയ്ക്കുള്ള വിമാനത്തിലാ പോയതു്.

പട്ടം– ബി. ര. സി. യിലെ പെരക്കനെ ദീനമോ മറോ ആയിരിക്കാം. പക്ഷെ എന്നെ അറിയിക്കാതെ പൊയ്ക്കളഞ്ഞതു്?

വേലക്കാരൻ– വന്നാൽ പറഞ്ഞേക്കാൻ പറഞ്ഞിട്ടാ പോയതു്.

പട്ടം– അവനെന്തുവാ ദീനം?

വേല– കുഞ്ഞിനു ദീനമൊന്നുമാണെന്നു തോന്നുന്നില്ല. ബോംബേമുഖ്യമന്ത്രിയുടെ ഭാര്യയുടെ കമ്പിയാ കിട്ടിയതു്. ഉടനെത്തണമെന്നുമാ.

പട്ടം– എന്നാൽ ഞാൻ ബോംബെമുഖ്യനെ ഫോണിൽ വിളിച്ചുചോദിക്കാം.

തുടർന്നു ശ്രീ. പട്ടം ബോംബെമുഖ്യനെ ഫോണിൽ വിളിച്ചു ചോദിക്കാം.

തുടർന്നു ശ്രീ. പട്ടം ബോംബേമുഖ്യനെ ഫോണിൽ വിളിച്ചു. പെട്ടെന്നു തന്നെ കണക്ഷൻകിട്ടി. മുഖ്യമന്ത്രിയും മുഖ്യമന്ത്രിയും തമ്മിലാകുമ്പോൾ ഫോൺ കണക്ഷനു പ്രയാസമുണ്ടാവുകയില്ലല്ലോ.



പട്ടം— എന്റെ ഭാര്യ അങ്ങോട്ടുവന്നോ?

ചാവൻ— എന്റെ ഭാര്യ അങ്ങോട്ടു വന്നോന്നു ചോദിക്കാൻ ഞാൻ സിക്രട്ടറിയോടു പറഞ്ഞോണ്ടിരിക്കയായിരുന്നു.

പട്ടം— ഇതിന്റെ രഹസ്യമെന്താ?

ചാവൻ— (പട്ടത്തിനോട്) ഒന്നു നിൽക്കണേ ബംഗാൾ മുഖ്യമന്ത്രി ബി. സി. റായി ഫോണിൽ വിളിക്കുന്നു. എന്താ കാര്യമെന്നു ചോദിക്കട്ടെ.

പട്ടം— (ഫോൺ കയ്യിൽവച്ചുകൊണ്ട് കുറേനേരം ക്ഷമിക്കുന്നു)

ചാവൻ— കേരളമുഖ്യമന്ത്രി നിൽത്തിയോ?

പട്ടം— ഇല്ല. ഞാൻ ഡിസ് കണക്ട് ചെയ്തില്ല. ബി. സി. റോയി എന്താ പറഞ്ഞത്?

ചാവൻ— അദ്ദേഹത്തിന്റെ ഭാര്യയേയുംകണ്ടില്ലെന്ന്. അവരും ബോംബേയ്ക്കു വന്നതായിട്ടാണത്രേ അറിവ്.

പട്ടം— നമ്മുടെ ഭാര്യമാരെല്ലാം ബോംബേയിൽ കൂടുന്നതെന്തിനാ?

ചാവൻ— നിൽക്കണേ ആന്ധ്രാമുഖ്യമന്ത്രി സഞ്ജീവയ്യാ വിളിക്കുന്നു. എന്താണെന്നു ചോദിക്കട്ടെ.

പട്ടം— (ഫോൺ കയ്യിൽവച്ചു കുറെ കാത്തിട്ട്) സഞ്ജീവയ്യായ്ക്ക് എന്തു പറ്റി?

ചാവൻ— അയാളുടെയും ഭാര്യ ബോംബേയ്ക്കു വന്നിരിക്കയാണെന്ന്!

പട്ടം— ഇതിലെന്തോ ഭയങ്കരമായ രഹസ്യമുണ്ട്. നിങ്ങളൊന്നന്വേഷിക്കണം. കമ്യൂണിസ്റ്റുകളുടെ കൈകാണും.

ചാവൻ— ഇവിടെയും അവരുണ്ട്. ഏതായാലും അന്വേഷിക്കാം.

പട്ടം— ഇപ്പോൾ അവരും ചീനക്കാരുമായിട്ടാ കൂട്ടുകെട്ട്, അവിടെ ഒരു ചൗവൻലായിയുണ്ട്, അയാൾ പ്രാതൽ കഴിക്കുന്നത് പെണ്ണുങ്ങളേപ്പൊരിച്ചാണെന്നാ എം. ആർ. എ. ക്കാർ പറഞ്ഞത്.

ചാവൻ— എന്നാലും ഇളയ പെണ്ണുങ്ങളെയല്ലാതെ ഈ ചകിരിക്കൊത്തിനെ പൊരിക്കാനാരെങ്കിലും കൂടുമോ?

പട്ടം— ഏയ് അങ്ങനെയല്ല. ആ ചൗ ഭയങ്കരനാ—ഞാൻ നെഹ്രുവിനെ വിളിക്കാൻ തുടങ്ങുകയാ—ഇതു കാര്യം നിസ്സാരമല്ല.

ചാവൻ— ഞാനും വിളിക്കാം.

പട്ടം— പൊരിച്ചുപോയാൽ പിന്നെ വിളിച്ചതുകൊണ്ടും ഫലമില്ല, ഉടനേവേണം. പട്ടംതാണുപിള്ള ഡൽഹിയിലേക്ക് ഒരു ട്രങ്കുകോൾ ബുക്കുചെയ്യാൻ ശ്രമിച്ചു. ലൈൻ ഒഴിവില്ലെന്ന് ആദ്യം എക്സ്ചേഞ്ചുകാർ പറഞ്ഞു. കേരളമുഖ്യമന്ത്രിയാണു വിളിക്കുന്നതെന്നും ഇന്ത്യൻ പ്രധാനമന്ത്രിയേയാണു ബുക്കുചെയ്യേണ്ടതെന്നും അദ്ദേഹം ഗൗരവത്തിൽ അറിയിച്ചു. മൈസൂർ, ബോംബെ, ആന്ധ്രാ മുതലായിടങ്ങളിലെ മുഖ്യമന്ത്രിമാരാണ് ലൈൻ എടുത്തിരിക്കുന്നതെന്നായിരുന്നു മറുപടി. പട്ടത്തിനു ശുണ്ഠിവന്നു. പക്ഷെ ഫലിച്ചില്ല. ഇതിനിടയിൽ അദ്ദേഹത്തിന്റെ പുറകിൽനിന്നും ഒരു ലോലമായ ശബ്ദം കേട്ടു.

കാപ്പി കുടിച്ചില്ലേ—?

പട്ടം തിരിഞ്ഞുനോക്കി. മിസ്സസ്സാണു നിൽക്കുന്നത്. ഒന്നും സംഭവിച്ചിട്ടില്ലാത്തമട്ടിൽ!

പട്ടം— നിങ്ങളെവിടെപ്പോയി

മിസ്സസ്— ബോംബേയ്ക്ക്.

പട്ടം— എന്താ കാര്യം?

മിസ്സസ്— ചാവന്റെ കമ്പിയനുസരിച്ച്

പട്ടം— എന്നോടു പറയാതെയോ?

മിസ്സസ്— പറയാനാ തിരികെ വന്നത്

പട്ടം— എന്തിനാ പോയത്?

മിസ്സസ്— ചാവന്റെ ഭാര്യയ്ക്ക് ബോംബയിലെ മുഖ്യമന്ത്രിയാവണമെന്നുണ്ട്.

പട്ടം— ആവട്ടെ, അതിനു നിങ്ങളെന്തിനാ പോയത്.

മിസ്സസ്— എനിക്കിവിടെയും ആകണോന്നു ചോദിക്കാൻ വിളിച്ചതനുസരിച്ചു പോയതാ.

പട്ടം— നിങ്ങളേക്കൊണ്ട് വല്ല പെമ്പിള്ളിക്കൂടോം ഭരിക്കാനൊത്തേക്കും, രാജ്യം ഭരിക്കുന്നതു വേറെ കാര്യമാ.

മിസ്സസ്— മിസ്സസ് പണ്ടാരത്തിനു സിലോൺ ഭരിക്കാമെങ്കിൽ ഞങ്ങൾക്കെന്താ ഒരു സ്റ്റേറ്റുവീതം ഭരിച്ചാൽ?

പട്ടം— ആ പെമ്പറന്നോരെ ആളുകൾ തിരഞ്ഞെടുത്തത് അവരുടെ ഭർത്താവിനെ ആരോ വെടിവെച്ചതിന്റെ പകരം വീട്ടലായിട്ടാ.

മിസ്സസ്— എന്തുമായിക്കോട്ടെ, തെരഞ്ഞെടുത്തോ?

പട്ടം— എടുത്തു.

മിസ്സസ്— അവർ പ്രധാനമന്ത്രിയുമായോ?

പട്ടം— ആയി.

മിസ്സസ്— പിന്നെന്താ ഞങ്ങൾക്കു വയ്യാത്തത്.

പട്ടം— നിങ്ങടെ ഭർത്താക്കന്മാരെ ആരും വെടിവയ്ക്കുന്നില്ലല്ലോ (പെട്ടെന്ന് ഒന്നു ഞെട്ടിയിട്ട്) നിങ്ങളതിനുവല്ലോം ഏർപ്പാടുചെയ്തിട്ടുണ്ടോ? ഞാൻ മനസ്സോടെ മാറിത്തരാം.

മിസ്സസ്— ഞാനാരേം ഏർപ്പാടു ചെയ്തിട്ടുംമറ്റുമില്ല. പിന്നെ തെക്കൻതിരുവിതാംകൂറുകാരെ വെടിവച്ചതിനു പകരംവീട്ടാൻ അവരാരെങ്കിലും ഒരുങ്ങിയാൽ അതിനു ഞാനുത്തരവാദിയുമല്ല.

പട്ടം— (പരവശനായി കസേരയിൽ വീണിട്ട്) ബോംബേമുഖ്യൻ തെക്കൻതിരുവിതാംകൂറുകാരെ ഒന്നും ചെയ്തില്ലല്ലോ?

മിസ്സസ്— അങ്ങേരു ഗുജറാത്തികളെവെടിവച്ചിട്ടുണ്ട്. ബംഗാൾമുഖ്യമന്ത്രി ടാറ്റാ തൊഴിലാളികളെ കൊല്ലിച്ചിട്ടുണ്ട്.

പട്ടം— ചുരുക്കത്തിൽ ഞങ്ങൾക്കെല്ലാം അതിനു പകരം കിട്ടാൻ നിങ്ങളെല്ലാംകൂടി ഏർപ്പാടുചെയ്യുന്നതും?

മിസ്സസ്— എന്തിനാ ഞാനാപാപം ചെയ്യുന്നത്? എനിക്കു മുഖ്യമന്ത്രിയാകേണ്ടെന്നുവച്ചു. ആയാലും ഭരിക്കുന്നതു ചാക്കോച്ചനല്ലേ—? ആ നാണക്കേടെനിക്കുവേണ്ടാ. പിന്നെ മഹാപാപവും.

പട്ടം— അപ്പോൾ എനിക്കു പേടിക്കാനില്ലേ?

മിസ്സസ്— ഇല്ല.

പട്ടം— ചാവനും റോയിയും സഞ്ജീവയ്യായുമൊക്കെയോ?

മിസ്സസ്— അവിടൊക്കെ ചിലപ്പോൾ പെണ്ണുങ്ങൾ ഭരിച്ചേക്കും?

പട്ടം— നേരാണോ?

മിസ്സസ്— അങ്ങനാ അവരുടെ ആലോചന. ഞാനേതായാലും ആലോചന തീരുംമുമ്പേ ഇങ്ങു പോന്നു.

പട്ടം— നിങ്ങൾ നല്ലവരാ.

മിസ്സസ്— അതുകൊണ്ടല്ലാ ചാക്കോച്ചൻ പറേന്നതനുസരിച്ചു ഭരിക്കാൻ അവിടുത്തേക്കല്ലാതെ എന്നേക്കൊണ്ടു സാദ്ധ്യമല്ല.

പട്ടം— നാണക്കേടു പറയാതെ കാപ്പിയിങ്ങെടുത്തെ. ആ കപ്പാടെ ഞാൻ വല്ലാതൊന്നു ഭയന്നുപോയി.

[മിസ്സസ് കാപ്പി ഒഴിച്ചുകൊടുത്തു— പട്ടം കുടിച്ചാശ്വസിച്ചു]

....o....

സ്വർണ്ണാഭരണങ്ങളിൽ
പുതുമയ്ക്കും വിശ്വസ്തതയ്ക്കും മികച്ച സ്ഥാപനം
★ ബഷി ജ്വല്ലേഴ്സ് ★
മെയിൻറോഡ്, കായംകുളം.

# പോലീസ്മന്ത്രി രാമായണം തിരുത്തുന്നു!

## അതിലെ അശ്ലീലം മാററി എഴുതാൻ ഇടിയൻ വേലുപ്പിള്ളയും എച്ച്. സി. ചിന്നയ്യനും സ്പെഷ്യൽ ഡ്യൂട്ടിയിൽ.

കേരള മന്ത്രിമുഖ്യൻ പി. ടി. ചാക്കോ രാമായണം വായിക്കുന്നു! ഇതിൽ പരം ഒരതിശയമുണ്ടോ? കത്തോലിക്കർക്കുവേണ്ടി കത്തോലിക്കരാൽ തെരഞ്ഞെടുക്കപ്പെട്ട കത്തോലിക്കാമന്ത്രിമുഖ്യൻ കാനോൻവായിക്കാതെ ദിവസവും രാമായണം വായിക്കുക എന്നുവന്നാൽ അതിൽ പരം അപകടം എന്തുണ്ടാകാനാണ്? ആദ്യമാദ്യം ഈ അപവാദം കമ്മ്യൂണിസ്റ്റുകാർ പറഞ്ഞുപരത്തുന്ന നുണയാണെന്ന് ആളുകൾ കണക്കെഴുതി. പക്ഷേ അദ്ദേഹത്തിന്റെ ഔദ്യോഗികവസതിയുടെ അയൽപക്കത്തുള്ളവർ ആവർത്തിച്ചു സ്ഥിരീകരിച്ചു ദിവസവും രാത്രി അദ്ദേഹത്തിന്റെ ആസ്ഥാനത്തിൽ എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം വായിക്കുന്നതു കേൾക്കാറുണ്ടെന്ന്. ഇതു നേരോ നുണയോ എന്നറിയുവാൻ പലരും പരിസരങ്ങളിൽ പതുങ്ങിനിന്നു. കാര്യം നേരാണ്. മന്ത്രി ചാക്കോയും മരിയാർപൂതവുംകൂടെയാണു വായന. ഗ്രന്ഥം രാമായണംതന്നെയാണുതാനും. വെറും വായനമാത്രമല്ല അർത്ഥംപറച്ചിലും തർക്കവും തിരുത്തലുമെല്ലാമുണ്ട്. ഈ ലേഖകൻ ശ്രദ്ധിച്ച ദിവസം കേട്ടതു് അതേപടി പകർത്തുകയാണ്. പൂതത്തിനു പുറമേ ഏതോ ഒരു എച്ച്. സി.–കൂടി ഉണ്ടെന്നു തോന്നുന്നു. അയാളാണു വായിക്കുന്നതു്.

വായന:— സകലശു....കകുല.... വിമല....തിലകി....തകളേ....ബരേ

മന്ത്രി– നിറുത്ത്. ആരാ ഈ സകലശു?

എച്ച്. സി– ഉത്തരവ്. ബോധിപ്പിക്കാനുണ്ട്.

മന്ത്രി– പറയൂ.

എച്ച്. സി– സകലേശു എന്നു പറഞ്ഞാൻ സകലതും അശു എന്നാ വ്യാകരണം.

പൂതം– എട്ടുപത്തെണ്ണത്തിനെ കൊണ്ടുവന്നു. പക്ഷേ സകലതും അശുക്കളായിപ്പോയി.

മന്ത്രി– അശു എന്നു പറഞ്ഞാൽ?

എച്ച്. സി– ഉത്തരവ്. അശു എന്നാൽ അക്കാപ്രാണനില്ലാത്ത തെന്നർത്ഥം.

മന്ത്രി– അപ്പോൾ അതുങ്ങളെക്കൊണ്ട് അശ്ലീലമൊക്കുമോ?

പൂതം– ശരിയായിട്ടൊള്ള അശ്ലീലമൊത്തില്ലെങ്കിലും ഒരുമാതിരി കലകലാന്നൊള്ളതു സാധിക്കാം.

എച്ച്. സി– ഉത്തരവ്. അതുതന്നെയാ അടുത്ത വാക്കായി പറയുന്നതു്. സകലശു........കകുല!

മന്ത്രി– അതിഭയങ്കരമായിട്ടുള്ള അശ്ലീലമാണല്ലോ ഇതു്! പക്ഷേ ഇതു നിരോധിച്ചാൽ ഹിന്ദുക്കൾ ലഹളകൂട്ടും.

പൂതം– അശ്ലീലമില്ലാതങ്ങു തിരുത്താം.

മന്ത്രി– എനിക്കു പാട്ടെഴുതാനറിഞ്ഞുകൂടാ.

എച്ച്. സി– ഉത്തരവ്. തിരുത്തുന്നതെളുപ്പമാ. ആദ്യം എഴുതുന്നപോലല്ല.

പൂതം– എന്നാലിതൊന്നു തിരുത്തിയേക്കു. സകലശു അതുപോലെ മതി. ഇപ്പോൾ കോളേജിൽ പഠിക്കുന്നതുങ്ങൾപോലും അശുക്കളാണല്ലോ. കകുലയുടെ കാര്യത്തിലാ കുഴപ്പം. അതെങ്ങനെ മാററും? വെറും കകക എന്നാക്കിയാലോ?

മന്ത്രി– ക–യും പൂ–യും അശ്ലീലമല്ലിയോ?

എച്ച്. സി– ഉത്തരവ്, മൂന്നു കാ ഒരുമിച്ചുവന്നാൽ അതിൽ അശ്ലീലമില്ല.

പൂതം– അശ്ലീലത്തിൽ നമ്മുടെ



എച്ച്. സി. പരമപണ്ഡിതനായതിനാൽ ഈ തിരുത്ത് അംഗീകരിക്കണമെന്നു ഡിപ്പാർട്ടുമെൻറിനുവേണ്ടി ശുപാർശ ചെയ്യുന്നു.

മന്ത്രി– ശരി, അംഗീകരിച്ചിരിക്കുന്നു. അതു ചേർത്തു വായിക്കുമ്പോൾ എങ്ങനെയാകും.

എച്ച്. സി– സകലശ്രു കകക വിമല തിലകി തകള ഏബരേ

മന്ത്രി– വിമലയും തിലകിയുമുണ്ടല്ലോ. അവർ അശ്രുക്കളല്ലെന്നല്ലേ വ്യാഖ്യാനം.

പൂതം– വിമലയും തിലകിയും മാത്രമല്ല തകളയും ഏബരയുംകൂടുണ്ട്. ഇതിലൊന്നും അശ്രുക്കളാകാൻ തരമില്ല.

മന്ത്രി– വിമല സാധാരണയുള്ള നായർസമുദായത്തിലും ഈഴവസമുദായത്തിലും ധാരാളമുണ്ട്. തിലകി പിന്നോക്കസമുദായത്തിൽപ്പെട്ടവളാണെന്നു വ്യക്തം. തകളയും ഏബരയും ഇവിടെങ്ങുമുള്ള ജാതിയല്ലല്ലോ.

എച്ച്. സി– ഉത്തരവ്. ബോധിപ്പിക്കാനുണ്ട്. തകള സിലോൺകാരിയാ, ഏബര സിനിമാതാരമാ. ഒന്നും അശ്രുക്കളല്ല.

മന്ത്രി– പിന്നാരൊക്കെയാ? വായിച്ചുനോക്കൂ.

എച്ച്. സി– സാരസ്യ

മന്ത്രി– ത്രേസ്യയോ ദേവസ്യായോ ആരുന്നേൽ മനസ്സിലായേനം. സാരസ്യ–ഏതു സമുദായമാന്നുപോലും അറിയാൻ മേലല്ലോ.

പൂതം– സമുദായമേതായാലെന്താ? അശ്ലീലത്തിനു തൽക്കാലം അവളെ കൊള്ളിക്കരുത്.

മന്ത്രി– എന്താ അശ്രുവാണോ?

എച്ച്. സി– (ഈണത്തിൽ) സാരസ്യസമ്പൂർണ്ണ

മന്ത്ര.– എന്നുവച്ചാൽ?

പൂതം– അവൾ സമ്പൂർണ്ണയാണെന്ന്. അതായത് രണ്ടോ മൂന്നോ ദിവസത്തിനകം പ്രസവിക്കുമെന്ന്.

മന്ത്രി– ശരി. അപ്പോൾ സാരസ്യയെ മാറേറണ്ട. പിന്നത്തെയെന്തുവാ?

എച്ച്. സി– സാരസർവസ്വമേ

പൂതം– സർവസ്വോം കൊടുക്കാമെന്ന്.

മന്ത്രി— ആർക്ക്? സാരസ്യക്കോ? സമ്പൂർണ്ണയായിരിക്കുമ്പോൾ ആരു കൊടുക്കും?

എച്ച്. സി— ഉത്തരവ്. അവൾക്കല്ല, സാരക്കാ.

മന്ത്രി— സാരയോ?

പൂതം— സാറാമ്മ, സാറാ എന്നൊക്കെ പറേന്നതിൻെറ സംസ്കൃത മാസാര.

മന്ത്രി— അപ്പോൾ സാറാക്കു സർവസ്വോം കൊടുത്തേക്കാമെന്നോ? അവളൊരു കേമിയാണല്ലോ. വിമലക്കും തിലകിക്കുമൊക്കെ എന്തുവീതം കൊടുക്കാമെന്നാ പറഞ്ഞിരിക്കുന്നത്?

എച്ച്. സി— ഉത്തരവ്. ഇതിൽ തുക വ്യക്തമല്ല. എന്തായാലും തീരെ കുറവായിരിക്കാനിടയില്ല. എന്തെന്നാൽ പിൻഭാഗത്തു വിശദീകരിക്കുന്നുണ്ട് "ലീലകൾ കേട്ടാൽ മതിവരാ" എന്ന്.

പൂതം— എന്നുവച്ചാൽ?

മന്ത്രി— അതിൻെറർത്ഥം വ്യക്തമാ. വിമലാ തിലകി മുതലായവരുമായി നടത്തുന്ന അശ്ലീലത്തിൻെറ കാര്യം ലീല കേട്ടാൽമതി പിന്നവൾ വരത്തില്ല.

എച്ച്. സി– ഉത്തരവ്! ഏമാൻെറ വ്യാകരണമാ ശരി. ലീല കേട്ടാൽ മതി പിന്നവൾ വരികയേ ഇല്ല, അതുകൊണ്ടാണ് മേൽവരിയിൽ "മമ കഥകൾ" എന്നു പറഞ്ഞിരിക്കുന്നത്. പച്ചമലയാളത്തിൽ "എൻെറ കഥ കളഞ്ഞേക്കു" എന്ന്.

മന്ത്രി– ഇതെല്ലാംകൂടി മാററി തിരുത്തുന്നകാര്യം പ്രയാസമാണല്ലോ.

പൂതം— തിരുത്താതിരുന്നാൽ അശ്ലീലം പ്രചരിച്ചോണ്ടിരിക്കും. ഇതിനേക്കാൾ വല്യ അശ്ലീലം എവിടെക്കാണാനാ.

മന്ത്രി– ꠰അതിനു സംശയമില്ല. വിമല, തിലകി, തകള, ഏബരാ, പിന്നെ ലീല ഇത്രേംപേരുമായിട്ടാ കാകൾസ്ഥം നടത്തുന്നത്! എന്തോന്നാ ഈ കാകൾസ്ഥം?

എച്ച്. സി– പറയാൻകൊള്ളരുതാത്ത ഒരുമാതിരി അശ്ലീലപ്രയോഗമാ അത്.

പൂതം– വിമലേം തിലകീമൊക്കെ ഉണ്ടായിട്ടും കാകൾസ്ഥം മതിയെന്നുവിചാരിച്ചതെന്താ?

എച്ച്. സി– ഉത്തരവ്. കാരണമുണ്ട്. എഴുത്തച്ഛനെന്നൊരുത്തനാ ഈ പാട്ടെഴുതിയത്. മുഴക്കുടിയനായിരുന്നു പുള്ളിക്കാരൻ. അങ്ങനെ കുടിച്ചു കുഴഞ്ഞിരിക്കുമ്പം കാകൾസ്ഥത്തിലാ മൂപ്പർക്കു പ്രീതി.

മന്ത്രി– ശരി. അപ്പോൾ ഇതെല്ലാം തിരുത്തണം. എച്ച്. സി–ക്കു ചെയ്യാമോ—?

എച്ച്. സി– ഉത്തരവ്. നോക്കാം, ഒററ ദിവസംകൊണ്ടൊന്നും സാധിക്കില്ല. ഇടിയൻവേലുപ്പിള്ളച്ചേട്ടനേം എന്നേം സ്പെഷ്യൽഡ്യൂട്ടിക്കിട്ട് ശമ്പളത്തിനു പുറമേ ഒരലവൻസും അനുവദിച്ചാൽ തീർച്ചയായും തിരുത്താം.

മന്ത്രി— സ്പെഷ്യൽ ഡ്യൂട്ടിക്കിടാം. ശമ്പളം കൂട്ടാൻ സാദ്ധ്യമല്ല.

പൂതം— ശമ്പളമല്ല ചോദിച്ചത്, കവിതയെഴുതാനുള്ള ചിലവിൻെറ അലവൻസാ.

മന്ത്രി— മഷീം പേനായും കൊടുക്കാം.

പൂതം— മഹസ്സറും റിപ്പോർട്ടുംപോലല്ല കവിത. അതെഴുതാൻ അലവൻസുവേണം. തിരുവനന്തപുരത്തിരുന്നെഴുതാനും പററുകില്ല.

മന്ത്രി— അതെന്താ?

എച്ച്. സി— ഉത്തരവ്. ഇവിടെ കവിത നിരോധിച്ചിരിക്കയാ. എസ്സെൻസു വളരെ ചീത്തയുമാ.

മന്ത്രി— ഇപ്പൊഴാ മനസ്സിലായത്. അലവൻസും തന്നേക്കാം. ഒരു മാസത്തിനകം ഈ പുസ്തകം മുഴുവൻ തിരുത്തി അശ്ലീലംമാററി എഴുതി സമർപ്പിക്കണം.

എച്ച്. സി— ഉത്തരവ്.

[ഇത്രയുമായപ്പോഴേക്കും മഴപെയ്തുപോയതിനാൽ ബാക്കി സംഭാഷണം റോഡിൽനിന്നു കേൾക്കാൻകഴിഞ്ഞില്ല].

—o—

സന്ദർശിക്കുവിൻ! സന്ദർശിക്കുവിൻ!

നിങ്ങളുടെ

ഹരിഹരഭവൻ

ബ്രാമിൻസ് ഹോട്ടൽ & ററീഷാപ്പ്

പ്രൈവററ് ബസ്സ്സ്റ്റാൻഡിനു സമീപം,

കായംകുളം.

# സർക്കാർ നോട്ടുകൾ പിൻവലിക്കണം

## ഒന്നാന്തരം പ്രൈവററ നോട്ടുകൾ ഉള്ളപ്പോൾ വെറും പത്താംതരം സർക്കാർനോട്ടുകൾ പ്രചരിപ്പിക്കാനൊരുങ്ങുന്നതു് ഏതു വീക്ഷണകോണത്തിൽകൂടിയായാലും തെററാണു്.

(സ്വന്തം ലേഖകൻ)

—പൊതുജനാഭിപ്രായം.

"സർക്കാരിന്റെ പള്ളിക്കൂടങ്ങളെക്കാൾ പ്രൈവററ പള്ളിക്കൂടങ്ങൾ ഭംഗിയായി നടക്കുന്നില്ലേ–? സർക്കാരിന്റെ ട്രാൻസ്പോർട്ടിനെക്കാൾ ഭംഗിയായി പ്രൈവററ ട്രാൻസ്പോർട്ടു നടക്കുന്നില്ലേ–? വളരെ പണം ചെലവുചെയ്തു് സർക്കാർ നടത്തുന്ന ഫാമിലി പ്ലാനിംഗിനെക്കാൾ കാര്യക്ഷമമായും സാർവത്രികമായും പ്രൈവററ ഫാമിലി പ്ലാനിംഗ് നടന്നുവരുന്നില്ലേ–? ഏററവും ഒടുവിലുള്ള സംഭവവികാസമാണു് സർക്കാർ നോട്ടുകളെ അതിലംഘിക്കുന്ന പ്രൈവററ നോട്ടുകളുടെ ഉത്ഭവം. നമ്മുടെ പഞ്ചവത്സരപദ്ധതികളിൽ പബ്ളിക്ക സെക്ടറിനെക്കാൾ പ്രൈവററ സെക്ടർ എത്രമടങ്ങു കാര്യക്ഷമമാണെന്നുള്ളതിനു് ഇതൊരു ഖണ്ഡിതമായ തെളിവുംകൂടെയാണു്."

എന്നിപ്രകാരമാണു് ഡെമോക്രാററിക്കു് റിസർച്ചിലെ ഒരു ഡയറക്ടറും സ്വതന്ത്രപാർട്ടിയുടെ ഒരു പ്രമുഖാംഗവും ഫ്റീ എൻറർപ്രൈസിന്റെ ഒരു നേതാവും തൽക്കാലം പേരുവെളിപ്പെടുത്താൻ വിസമ്മതിച്ച ആളുമായ ഒരു മഹാൻ നിങ്ങളുടെ ലേഖകനോടു പ്രസ്താവിച്ചതു്. തുടർന്നുണ്ടായ ചോദ്യങ്ങൾക്കു് അദ്ദേഹം കലവറകൂടാതെ മറുപടി പറഞ്ഞു.

ചോദ്യം– സർക്കാർവക നോട്ടുകൾ പിൻവലിച്ചില്ലെങ്കിൽ എന്തുചെയ്യും?

ഉത്തരം– കലാബോധവും ജനകീയസ്വാതന്ത്ര്യബോധവുമുള്ള പൊതുജനങ്ങളുടെ സമ്മർദ്ദം സർക്കാരിനു ചെറുക്കാനാവാത്തമട്ടിൽ വർദ്ധിക്കും.

ചോ– അതിനുവേണ്ടി എന്തെങ്കിലും പ്രക്ഷോഭണം തുടങ്ങുമെന്നാണോ സൂചന?

ഉത്ത– വേണ്ടിവന്നാൽ അതിനും തയ്യാറാണു്. പക്ഷേ അഖിലേന്ത്യാ സ്ട്രൈക്കുപോലെ വെറും വാശിക്കുവേണ്ടി ഞങ്ങൾ ഒന്നും ചെയ്യുകില്ല. സർക്കാർ നോട്ടുകൾ പരസ്യമായി ദഹിപ്പിക്കയും പ്രൈവററ നോട്ടുകൾ പരസ്യമായി ഘോഷയാത്ര നടത്തുകയും ചെയ്യുന്ന സമയം അത്യാസന്നമാണെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

ചോ– ഈ. വി. ആർ. തമിഴ്നാട്ടിൽ ഇന്ത്യൻഭൂപടവും ഇന്ത്യൻ ഭരണഘടനയും പരസ്യമായി ദഹിപ്പിക്കുന്നതുപോലെ സർക്കാർ നോട്ടുകൾ പരസ്യമായി ദഹിപ്പിക്കുക എന്നോ മറേറാ വല്ല പദ്ധതിയും ആലോചനയിലുണ്ടോ–?

ഉത്തരം– ആലോചിക്കാതിരുന്നില്ല. എന്നാൽ സർക്കാർ നോട്ടുകൾ കത്തിച്ചുകളയുന്നതു് ഒരു വിനാശപ്രവൃത്തിയാണെന്നു ഞങ്ങൾ തീരുമാനിച്ചു. എന്തെന്നാൽ ഉമിക്കരി പൊതിയുക, മുട്ടായി പൊതിയുക, മഴക്കാലത്തു് മുററത്തിട്ടു് ഓടിക്കാവുന്ന വള്ളമുണ്ടാക്കി പിള്ളാരെ കളിപ്പിക്കുക മുതലായി പല ഉപയോഗങ്ങൾ സർക്കാർ നോട്ടുകളെക്കൊണ്ടു സാധിക്കാം. രാഷ്ട്രനിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു രാജ്യത്തു് എന്തെങ്കിലും പ്ര



യോജനമുള്ള ഒന്നിനേയും നഷ്ടപ്പെടുത്തിക്കൂടാ.

ചോ– പ്രൈവററ നോട്ടുകൾ കൊണ്ടുനടക്കുന്നവരെ ശിക്ഷിക്കയും ദ്രോഹിക്കയും ചെയ്യുന്ന നയമാണല്ലോ ഇപ്പോൾ സർക്കാരിനുള്ളതു്?

ഉത്ത– അതേപ്പററി ഞങ്ങൾക്കു ഭയമില്ല. പ്രൈവററ സ്കൂളുകൾ പിടിച്ചെടുക്കാനല്ലേ സർ. സി. പി–യുടെ കാലത്തെ സർക്കാർ തുനിഞ്ഞതു്? ഭയങ്കരനായ മുണ്ടശ്ശേരിയുടെ സർക്കാരും അതു തന്നെയല്ലേ നടത്താൻ ശ്രമിച്ചതു്? എന്നിട്ടെന്തായി? പ്രൈവററസ്കൂൾ മാനേജരന്മാരും യഥാർത്ഥ ജനകീയക്കാരും കൂടി ആ സർക്കാരിനെ ഓടിച്ചു, ഇന്നിതാ പ്രൈവററസ്കൂൾ മാനേജരന്മാർ രാജ്യം ഭരിക്കുന്നു.

ചോ– അതുപോലെ—?

ഉത്ത– ആവിധ വിമോചനമൊന്നും ഞങ്ങൾക്കു വേണ്ടിവരികയില്ല. ഞങ്ങളുടെ നോട്ടുകൾ അതിവേഗം സർക്കാർ നോട്ടുകളെ പുറന്തള്ളും. ഇപ്പോൾത്തന്നെ മിക്ക രംഗങ്ങളിലും പ്രൈവററനോട്ടുകൾ പ്രചാരത്തിൽ മുന്നേറിക്കഴിഞ്ഞു.

ചോ— സർക്കാർ അവരുടെ സകല ശക്തിയുമുപയോഗിച്ചു നിങ്ങളെ തകത്താലോ?

ഉത്ത— ഞങ്ങളുടെയിടയിലും ഏതാനും രക്തസാക്ഷികളുണ്ടാകുമെന്നല്ലാതെ സർക്കാർ ജയിക്കാൻപോകുന്നില്ല. ഇതിനകംതന്നെ ഞങ്ങൾക്കു മൂന്നു രക്തസാക്ഷികളെ കിട്ടിയിട്ടുണ്ടു്.

ചോ— നിങ്ങൾക്കു രക്തസാക്ഷിദിനമെന്നോമററോ ഒരാഘോഷം നടത്തിയാലെന്താ?

ഉത്ത— ചോദിച്ചതിനു നന്ദി. ആദ്യത്തെ പ്രൈവററനോട്ടിൻെറ ഒരു വാർഷികം ഈ വർഷം ആഘോഷിക്കുന്നുണ്ടു്. ഞങ്ങളുടെ പല നേതാക്കന്മാരും ജയിലിലായതുകൊണ്ടു് ശരിയായ ഒരദ്ധ്യക്ഷനെ അന്വേഷിച്ചുകൊണ്ടിരിക്കുന്നു. ജി. കൃഷ്ണനെ പരോളിൽ കിട്ടുമോ എന്നു നോക്കുകയാണു്. മറിയാമ്മാ—ശോശാമ്മാ സിസ്റ്റേഴ്സിൻെറ ഒരു നടനത്തിനും ഏഴുത്തുകുത്തുനടത്തിവരുന്നു. കഴിഞ്ഞ ഒരു നൂററാണ്ടിനകമുണ്ടായ പ്രൈവററനോട്ടും പ്രൈവററ നാണയങ്ങളും ഉൾപ്പെടെ ഒരു അഖിലേന്ത്യാ പ്രദർശനത്തിനും ആലോചിക്കുന്നുണ്ടു്.

ഈ അഭിമുഖസംഭാഷണം ഇത്രയുമായപ്പോൾ റോഡിൽ ഒരു ബഹളം കേട്ടു. ആളുകൾ ഒരു ന്യായവിലഷോപ്പിൻെറ മുമ്പിലേക്കു് ഓടിക്കൂടുന്നതായിട്ടാണു കണ്ടതു്. നേതാവും ലേഖകനും കൂടി ഇറങ്ങി ഓടിയെത്തി. പ്രൈമറി സ്കൂളിൽ പഠിക്കുന്ന ഒരു പെൺകുട്ടി ഏഴണയ്ക്കു ന്യായവില അരി വാങ്ങിയിട്ടു് ഒററരൂപയുടെ ഒരു പ്രൈവററനോട്ടു കൊടുക്കയും ഷാപ്പുകാരൻ അതു സ്വീകരിക്കുവാൻ വിസമ്മതിക്കുകയും ചെയ്തതാണു സംഭവം. ഏകദേശം അഞ്ഞൂറോളം ആളുകൾകൂടി, കുട്ടി കൊടുത്ത പ്രൈവററനോട്ടും കടയിൽതന്നെ ഉണ്ടായിരുന്ന ഒരു സർക്കാരുനോട്ടും പരസ്യമായി താരതമ്യംചെയ്തുനോക്കി. കെട്ടിലും മട്ടിലും കലാഭംഗിയിലും സർക്കാർനോട്ടടിയേക്കാൾ പരശ്ശതംമടങ്ങു് അതിശയിക്കുന്നതായിരുന്നു പ്രൈവററനോട്ടു്. അവസാനം കടക്കാരൻ ആ നോട്ടു് 18അണാ വിലവച്ചു സ്വീകരിക്കുകയും പെൺകുട്ടിയോടു പരസ്യമായി മാപ്പുചോദിക്കയും ചെയ്തു. ആ പെൺകുട്ടി വിമോചനകാലത്തു് ഒരു അദ്ധ്യാപകനെ തല്ലിയ വീരവനിതാകുമാരിയാണെന്നുള്ളതും പ്രസ്താവ്യമാണു്. ന്യായവിലഷാപ്പിൽ നേടിയ വിജയത്തേത്തുടർന്നു് കടയുടെ മുററത്തു തന്നെ ഒരു യോഗം ചേരുകയും സർക്കാരിനോടു് മുഴുവൻനോട്ടും ഉടനടിപിൻവലിക്കണമെന്നുള്ള ഒരു പ്രമേയംപാസ്സാക്കുകയുംചെയ്തു. അനന്തരം സ്ഥലംചുററി ഒരു ഘോഷയാത്രയും ഒരു ഉശിരൻ പ്രകടനവും നടന്നു.

സ്ഥിതിഗതികളുടെ ഉള്ളുകള്ളികൾ അറിയാവുന്നവർ പ്രസ്താവിക്കുന്നതു് സർക്കാർ അവരുടെ ദുരഭിമാനംവിട്ടു് പ്രൈവററനോട്ടുകൾ അംഗീകരിച്ചു പ്രഖ്യാപനമിറക്കുവാൻ ഇനി അധികം താമസം വേണ്ടിവരികയില്ലെന്നാണു്.

....0....


പുതുവർഷപ്പുലരിയിൽ ആലപ്പുഴ ഭഗവാൻ തിയേറേറഴ്സ്
അവതരിപ്പിക്കുന്ന രണ്ടു് ഉന്നത കലാശില്പങ്ങൾ!



കുഞ്ഞാലി മരയ്ക്കാർ
[കേരള ചരിത്ര സംഗീതനാടകം]

— അഴകുള്ള യക്ഷി —
[രാഷ്ട്രീയ സംഗീതനാടകം]

ക്ഷേത്രപരിപാടികൾക്കായി "രാമരാജ്യം" എന്ന ഭക്തിരസപ്രധാനമായ ഹൈന്ദവ പുരാണകഥ സുപ്രസിദ്ധ രാഷ്ട്രീയകഥാപ്രസംഗികൻ ഭഗവാൻ രാജൻ തയ്യാറാക്കിവരുന്നു.

വിവരത്തിനു്– സെക്രട്ടറി, ഭഗവാൻ തിയേറേറഴ്സ്, ചന്ദനക്കാവു് — ആലപ്പുഴ.

# യൂണിവേഴ്സിററി അഴിമതിയും നിന്നു!

## ഡപ്യൂട്ടിമുഖ്യന്റെ പ്രസ്താവനയുടെ സത്വരഫലസിദ്ധി!!

ഒരു പ്രൈവററുകോളേജിലെ കണക്കുലക്ചററുടെ വീട്. ലക്ചറർ മുറിക്കുള്ളിൽ കതകടച്ചിരുന്നു പരീക്ഷക്കടലാസുനോക്കി മാർക്കിടുകയാണ്. ഭാര്യയ്ക്കുപോലും അതിനുള്ളിൽ പ്രവേശനമില്ല. ആരുവന്നാലും അകത്തു കടത്തരുതെന്നാണ് ആജ്ഞ. നിഷ്പക്ഷനും സത്യസന്ധനുമാണ് ആ ഗുരുനാഥൻ. സന്ധ്യയ്ക്കുമുമ്പേ ഭാര്യയുടെ ചിററപ്പൻ വന്നുകയറി. വിരുന്നുവന്നതാണ്. ചിററപ്പന്റെകൂടെ ഒരു പയ്യനും വന്നു. അവൻ ചിററപ്പന്റെ അളിയന്റെ അനന്തിരവനാണ്. പ്രീയൂവിന് അവൻ ചേർന്നിട്ടുണ്ട്. വളരെ പതുങ്ങി പതുങ്ങി ചിററപ്പൻ ലക്ചററുടെ ഭാര്യയുടെ പക്കൽ കാര്യം പറഞ്ഞു. കണക്കിനു മാത്രമെ അവൻ തോൽക്കൂ. അതൊന്നു നികന്നു കിട്ടിയാൽ ഭദ്രം.

ലക്ചററുടെ ഭാര്യ– ദൈവത്തെ ഓർത്ത് ഇവിടിതു മിണ്ടരുതേ. എന്നെ കൊന്നുകളയും.

ചിററപ്പൻ– വല്ലതുമൊക്കെ കൈമടക്കുവേണേൽ അതും കരുതീട്ടൊണ്ട്.

ല: ഭാര്യ– ചിററപ്പൻ ആളറിയാതെയാ പറയുന്നത്. ആ മുറിക്കകത്ത് ഞാനോ പിള്ളേരോ കാലുകുത്തരുതെന്നാ നിയമം.

ചിററപ്പൻ– എന്നാൽ ഞാൻ പറയാം.

ല: ഭാര്യ– പുക്കാറൊണ്ടാക്കരുതേ.

ചിററപ്പൻ– ഇത്രേമൊരു കാര്യത്തിനൊതവായില്ലേൽ എന്തിനാ ഇങ്ങനൊരു ബന്ധക്കാരൻ, ഞാനിവിടെ വന്നെന്നറിഞ്ഞിട്ടുപോലും ഒന്നിറങ്ങിവരുന്നില്ലല്ലോ,

ലക്ചറർ– (അകത്തിരുന്ന്) ആരാ അത്.

ല: ഭാര്യ– ചിററപ്പനാ.

ലക്ചറർ– എപ്പോഴെത്തി? വിശേഷം വല്ലതുമുണ്ടോ?

ചിററപ്പൻ– ഇങ്ങനെ അകത്തിരുന്ന് അശരീരി പറയാതെ ഒന്നീല്ല് കതകുതുറന്ന് ഇങ്ങോട്ടുവരണം അല്ലേല് അങ്ങോട്ടു കേറിവരാൻ ക്ഷമിക്കണം.

ലക്ചറർ– ഞാനങ്ങോട്ടു വന്നേക്കാം. കതകുതുറന്നു പുറത്തിറങ്ങിയിട്ട് ലക്ചറർ കതകടച്ചുപൂട്ടി താക്കോൽ പോക്കററിലിട്ടിട്ട് ചിററപ്പന്റെ അടുത്തുവന്ന് ഒരു സ്ററൂളിൽ ഇരിക്കുന്നു. കൂടെ നിൽക്കുന്ന പയ്യനെ സൂക്ഷിച്ചുനോക്കുന്നു. ഭാര്യവീട്ടിൽ അങ്ങനെ ഒരു ചെറുക്കനുള്ളതായി അദ്ദേഹം ധരിച്ചിട്ടില്ല.

ലക്ചറർ— ഈ പയ്യനേതാ?

ചിററപ്പൻ– അതു പറയാനാ വിളിച്ചത്: പറേമ്പം പെണങ്ങരുത്. ഇവൻ കണക്കിനു മാത്രമേ തോൽക്കൂ.

ലക്ചറർ— (ഭാവം മാറാി) ചിററപ്പൻ ഒരു കാര്യം വ്യക്തമായി ധരിച്ചാൽ കൊള്ളാം. പരീക്ഷാമാർക്ക് വിലയ്ക്കോ ശുപാർശയ്ക്കോ കിട്ടുന്നതല്ല.

ചിററപ്പൻ– അതൊക്കെ എന്തിനാ പറേന്നത്. ഇവൻ മററിംഗ്ലീഷ് ജയിച്ചതു മൂന്നു പേപ്പറിനു മാർക്കിടീച്ചിട്ടാ.

ലക്ചറർ– അത്തരം വേശ്യകളും അദ്ധ്യാപകലോകത്തിൽ കണ്ടേക്കും. പക്ഷെ ഞാനാക്കൂട്ടത്തിലല്ല.

ല: ഭാര്യ— ഞാൻ നേരത്തെ ചിററപ്പനോടു പറഞ്ഞതാ ഇവിടിതു പറയരുതെന്ന്. കേട്ടില്ല.

ചിററപ്പൻ– ഇതൊക്കെ ആദ്യമാദ്യം ആക്കും തോന്നുകേം പറകേം ചെയ്യുന്നതാ!

ലക്ചറർ– എനിക്കാദ്യോം അവസാനോം ഇതായിരിക്കും നില.

ചിററപ്പൻ– എന്നാൽ ഞാനിറങ്ങുകയാ. ഒരു ഹരിശ്ചന്ദ്രനെ ബന്ധുവായിക്കിട്ടിയ ഭാഗ്യത്തിനു ദൈവത്തോടു നന്ദിയും പറഞ്ഞോണ്ട്.

പയ്യനേയും വിളിച്ചോണ്ടു ചിററപ്പൻ ഇറങ്ങിപ്പോയി. ഊണുകഴിഞ്ഞു പോയാൽ മതിയെന്നു ലക്ചററുടെ ഭാര്യ പുറകേചെന്നു വിളിച്ചിട്ടും നിന്നില്ല വിഷാദവതിയായി അവർ തിരിച്ചെത്തി ലക്ചററെ അഭിമുഖീകരിച്ചു.

ഭാര്യ– മാർക്കു കൊടുത്തില്ലേലും ഇങ്ങനെയാണോ വർത്തമാനം പറേന്നത്? അങ്ങേര് ഒന്നുമല്ലേൽ എന്റെ ചിററപ്പനല്ലിയോ?

ലക്ച– മാർക്കു കൂട്ടിക്കൊടുക്കുകില്ലെന്നേ പറഞ്ഞുള്ളു. കിട്ടേണ്ടതു തീർച്ചയായും കൊടുക്കും.

ഭാര്യ– ഞാനൊന്നും പറേന്നില്ല. എത്രപേരാ പിരാകുന്നതെന്നറിയാമോ?

ലക്ച– എന്തുവേണേൽ ചെയ്യട്ടെ. ഞാൻ എന്റെ പാവനമായ ഉത്തരവാദിത്വം വ്യഭിചരിക്കയില്ല നിശ്ചയം.

ഉഗ്രമായ ഈ പ്രതിജ്ഞയോടുകൂടി അദ്ദേഹം വീണ്ടും മുറിക്കകത്തുകേറി കതകടച്ചു പേപ്പർനോട്ടം തുടന്നു. വൈകിട്ട് നാലരമണിവരെ അതേ ഇരുപ്പിരുന്നു. ചിററപ്പൻ വന്നതിന് ഭാര്യയോടു കലമ്പി ഉച്ചയ്ക്കു ഊണുപോലും ഉപേക്ഷിച്ചു. ഇടയ്ക്കിടെ ചായ ചോദിക്കും. അത് ജനലിൽക്കൂടി മൂത്ത മകൾ കൊടുക്കും. അങ്ങനെ നൂറോളം പേപ്പർ അന്നു നോക്കി. നാലരമണിയായപ്പോൾ പടിക്കൽ ഒരു കാറുവന്നു നിന്നു.

“ലക്ചറർ കൃഷ്ണപിള്ള ഇവിടുണ്ടെങ്കിൽ ഇറങ്ങി വരാൻ പറയൂ”

ആളകത്തുകേറാതെ നോക്കാൻനിർത്തിയിരിക്കുന്ന വേലൂച്ചാരോട് കാറിനകത്തിരുന്നുകൊണ്ട് ഒരാൾ ആജ്ഞാപിച്ചു. ആളിനെ വേലൂച്ചാർക്കു മനസ്സിലായി. ലക്ചറർ കൃഷ്ണപിള്ള ജോലിചെയ്യുന്ന കോളേജിന്റെ മാനേജരാണ്. കൃഷ്ണപിള്ളയേക്കാൾ പരീക്ഷായോഗ്യതയുള്ളവർ അപേക്ഷിച്ചിട്ടും അവരെയെല്ലാം തള്ളിയിട്ട് ചില പ്രത്യേക താല്പര്യത്തിന്റെപേരിൽ അദ്ദേഹം കൃഷ്ണപിള്ളയെ നിയമിച്ചതാണ്. വേലൂച്ചാർ ഓടി ജനലുങ്കൽച്ചെന്നു വിവരം പറഞ്ഞു. കൃഷ്ണപിള്ള മിന്നൽവേഗത്തിൽ കതകുതുറന്നു ഗേററിലെത്തി.

മാനേജർ– (കനത്തിൽ) കൃഷ്ണപിള്ളയെപ്പററി ഒരു റിപ്പോർട്ടു വന്നിരിക്കുന്നല്ലോ. നിങ്ങൾ വിദ്ധ്വംസകപ്രവർത്തനത്തിനു കുട്ടികളെ പ്രേരിപ്പിക്കുന്നെന്ന്.

കൃ. പി– ഞാൻ സ്വപ്നത്തിൽപോലും അതു ചെയ്തിട്ടില്ല.

മാനേ– പിന്നെങ്ങനെയാ എനിക്കീ റിപ്പോർട്ടു കിട്ടിയത്? ഗുരുതരമായ ആരോപണമാണതിലുള്ളത്. ആ തരത്തിലൊരാളെ എന്റെ കോളേജിൽ വച്ചുകൊണ്ടിരിക്കുക സാദ്ധ്യമല്ലല്ലോ.

ക്യ. പി— ഞാനൊരു കുററവും ചെയ്തിട്ടില്ല. ആരോപണം എന്താണെന്നു വ്യക്തമായറിഞ്ഞാൽ സമാധാനം ബോധിപ്പിക്കാമായിരുന്നു.

മാനേ— ശരി, എന്നാൽ അകത്തേക്കു കേറാം. റിപ്പോർട്ട് എൻെറ കൈവശമുണ്ട്. രഹസ്യമായി ചർച്ചചെയ്യാം.

മാനേജർ മുമ്പെയും ഉൽക്കണ്ഠാകുലനായ ലക്ചറർ പിമ്പെയും അകത്തു കയറി. മാനേജർ ആദ്യം കണ്ട കസേരയിലിരുന്നു. വേറെയും രണ്ടുമൂന്നു കസേര ഒഴിഞ്ഞുകിടന്നിരുന്നെങ്കിലും ലക്ചറർ ഇരുന്നില്ല. മാനേജരുടെ ഒപ്പം ഇരിക്കാവുന്ന ആളല്ലല്ലോ ലക്ചറർ:

മാനേ— നിങ്ങളെ രക്ഷിക്കണമെന്നെനിക്കുണ്ട്. റിപ്പോർട്ട് പ്രത്യക്ഷരം കള്ളമാണെന്നു ഞാനെഴുതിയേക്കാം. എന്താ പോരെ?

ക്യ. പി— മതി. അങ്ങനെ ഒരു റിപ്പോർട്ട് എന്നെപ്പററി നേരായിരിക്കയില്ല. എന്നെ ദ്രോഹിക്കാൻ ആരോ എഴുതിഅയച്ചതായിരിക്കും.

മാനേ— ആയിരുന്നേക്കാം. ഏതായാലും അതേപ്പററി വിഷമിക്കേണ്ടാ. (ഏതോ മറന്നതു് ഓർമ്മിച്ചതുപോലെ) ഇറങ്ങുന്നതിനുമുമ്പു് ഓർമ്മിച്ചതു ഭാഗ്യമായി. (ഒരു കടലാസ്സുതുണ്ടു് പോക്കററിൽനിന്നുമെടുത്തു നീട്ടിയിട്ടു്) ഇതാ ഇരുപത്തിരണ്ടുനമ്പരുണ്ട്. ഈ പിള്ളേരെല്ലാം കണക്കിനു ജയിച്ചിരിക്കണം.

മറെറാന്നും പറയാതെ മാനേജർ ഇറങ്ങി ഗേററുകടന്നു കാറിൽകയറി യാത്രയായി. മുമ്പിൽ തറയിൽ വീണുകിടക്കുന്ന കടലാസ്സുതുണ്ടു കുനിഞ്ഞെടുക്കാൻപോലും ശേഷിയില്ലാതെ കൃഷ്ണപ്പിള്ള എം. എസ്സി. ജീവശ്ശവംപോലെ അവിടെനിന്നു. അഞ്ചു കുഞ്ഞുങ്ങളും ഭാര്യയും അദ്ദേഹത്തിൻെറ ചുററുംകൂടി.

ഭാര്യ— ഒരാൾമാത്രം വിചാരിച്ചാൽ ലോകം നന്നാകുമോ? അങ്ങനെ വിചാരിക്കുന്നതും ആത്മഹത്യയും ഒരുപോലെയല്ലേ?

ക്യ. പി— (ഒരു ദീർഘശ്വാസത്തോടെ) ശരി, ആ തുണ്ടിങ്ങെടുത്തോ! നിൻെറ ചിററപ്പൻ കൊണ്ടുവന്ന പയ്യൻെറ നമ്പരു നിനക്കറിയാമോ?

ഭാര്യ— ചുവരുപഞ്ചാംഗത്തിൻെറ മൂലയ്ക്കു ആ പയ്യൻതന്നെ കുറിച്ചിട്ടിട്ടാ പോയതു്.

ക്യ. പി— പഞ്ചാംഗത്തിൻെറ ആ മൂലകൂടി ഇങ്ങു കീറിക്കൊണ്ടുപോരു്. മാനേജരുടെ ഇരുപത്തിരണ്ടുപേർക്കു ജയിക്കാമെങ്കിൽ നിൻെറ ചിററപ്പൻെറ ഒരുത്തനുംകൂടി ജയിക്കുന്നതിൽ തെററില്ല.

.... .... .... ....

മാസങ്ങൾ കഴിഞ്ഞു. കാളേജു തുറന്നു. പരീക്ഷാഫലം പുറത്തായി. തോൽക്കേണ്ടവർ പലരും ജയിച്ചു. ജയിക്കേണ്ടവരിൽ ചിലർ തോററു. ആകെ കോലാഹലമായി സർവകലാശാലയും കടലാസ്സുനാക്കിയ അദ്ധ്യാപകരുത്മ്മിൽ താഴ്ന്നുപോയ ധാർമ്മികാധഃപ്പതനത്തേപ്പററി ഘോരഘോരം വിമർശനം പൊങ്ങി. ഒടുവിൽ കേരളഅസംബ്ളിയിൽ ഡപ്യൂട്ടി മുഖ്യമന്ത്രി അത്യുജ്വലമായ ഒരു പ്രസ്താവനചെയ്തു. മാർക്കു തെററിച്ചിട്ട അദ്ധ്യാപകരെപ്പററിയും മോഡറേഷൻ തെററിച്ച സർവകലാശാലയേപ്പററിയും കൂലംകഷമായ അന്വേഷണം നടത്തുമെന്നും കുററക്കാരെ കഠിനമായി ശിക്ഷിക്കുമെന്നുമായിരുന്നു പ്രസ്താവന.

ആ പ്രസ്താവന പത്രത്തിൽ വായിച്ച ലക്ചറർ കൃഷ്ണപിള്ള രാവിലെ കാപ്പിപോലും കുടിക്കാതെ മാനേജരുടെ വീട്ടിലെത്തി.

മാനേ— എന്താ രാവിലെ? ഇന്നു കോളേജില്ലേ—?

ക്യ. പി— ഇന്നത്തെ പത്രത്തിൽ ഡപ്യൂട്ടി മുഖ്യൻെറ ഒരു പ്രസ്താവനയുണ്ടു്.

മാനേ— ഞാനും അതു കണ്ടു. നന്നായിട്ടുണ്ടു്.

ക്യ. പി—, അങ്ങു നിർബന്ധിച്ചിട്ടാ ഞാനന്നു് ആ ഇരുപത്തിരണ്ടുപേർക്കു്

മാനേ— അതിനെന്താ?

ക്യ. പി— പ്രസ്താവന?

മാനേ— (ചിരിച്ചോണ്ടു്) പ്രസ്താവന തന്നേ കടിക്കുമോ? പ്രസ്താവിക്കട്ടെടോ, പക്ഷെ അതു നടപ്പിലാക്കാനൊരുങ്ങിയാലോന്നു്.

ക്യ. പി— നടപ്പിലാക്കുമെന്നാ പറഞ്ഞിരിക്കുന്നതു്.

മാനേ— ഒന്നു നടപ്പിലാക്കിത്തുടങ്ങട്ടെ, അപ്പോൾ കാണാം വേറെ ആണുങ്ങൾ ഡപ്യൂട്ടിയാകുന്നതു് (പരിഹാസത്തിൽ) എൻെറ പിള്ളേ താനിതുകേട്ടു വിരണ്ടല്ലോ.

കൃഷ്ണപിള്ള സ്വസ്ഥചിത്തനായി തിരിച്ചെത്തി കാപ്പികുടിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ) ഭാര്യയോടു ചോദിച്ചു:—

ക്യ. പി— നിനക്കൊരു കവിതകേൾക്കണോ?

ഭാ— കേട്ടാൽ കൊള്ളാം.

ക്യ. പി— എന്നാൽ കേട്ടോ.

ദീപസ്തംഭം മഹാശ്ചര്യം
നമുക്കും കിട്ടണം പണം

ഭാ— എന്നുവച്ചാലെന്തുവാ.

ക്യ. പി— എന്നുവച്ചാലെല്ലാമാ.

....o....


# ശ്രീകൃഷ്ണാ വാച്ചുവിതരണപദ്ധതി

## 1960 ആഗസ്റ്റ് 15-ന് ആദ്യനറുക്കെടുപ്പ്

**1600 രൂപയുടെ വാച്ച്, സ്വർണ്ണ ചെയിൻ, മോതിരം, പാർക്കർ പെൻ, ക്യാമറാ എന്നിവ സ്പെഷ്യൽ സമ്മാനങ്ങളായി കൊടുക്കുന്നു.**

| | | | | | | |
|---|---|---|---|---|---|---|
| A. | ഗ്രൂപ്പ് | 10 | രൂപയ്ക്കു് | 200 | രൂപയുടെ | സവർപ്രൈമാ വാച്ച് |
| B. | ,, | 6 | ,, | 120 | ,, | റോമർ വാച്ച് |
| C. | ,, | 3 | ,, | 60 | ,, | ടൈമക്സ് വാച്ച് |

**നറുക്കു് വരാത്തവർക്കെല്ലാം 20-ാമത്തെ മാസത്തിൽ വാച്ച് മുതലായവ നൽകുന്നു**

**നറുക്കുവീണാൽ വീണ്ടും പണം അടയ്ക്കേണ്ടതില്ലാ,**

പ്രതിദിനം 10 അംഗങ്ങളെ ചേർക്കാവുന്ന ഏജൻറന്മാർക്കു് മാസം 900 രൂപാ കമ്മീഷൻ ലഭിക്കുന്നു.
മററ സ്പെഷ്യൽ സമ്മാനങ്ങളും ലഭിക്കുന്നതാണു്.

**വ്യവസ്ഥകൾ ആവശ്യപ്പെടുക:— ശ്രീകൃഷ്ണാ വാച്ചുകമ്പനി, കായംകുളം.**

# അശ്ളീലമന്ത്രി നീണാൾ വാഴട്ടെ!

## സകല കക്ഷിക്കാരും അദ്ദേഹത്തിൻെറ ദേശസേവനത്തെ അനുകൂലിക്കുന്നു.

ജൂലൈ 22-ാംനു- ചോദ്യോത്തരം കഴിഞ്ഞ ഉടൻ സ്പീക്കർ സീതിസാഹിബ്ബ് എഴുന്നേററു് ഒരു അടിയന്തിര പ്രമേയത്തേപ്പററി പ്രസ്താവിച്ചു. വെളിയം ഭാർഗവനാണ് പ്രമേയമയച്ചതു്.

കേരളത്തിൻെറ പ്രധാന കേന്ദ്രങ്ങളിലും തലസ്ഥാനത്തു പ്രത്യേകിച്ചും അനുഭവപ്പെടുന്ന ദുസ്സഹമായ ദുർഗന്ധത്തേപ്പററി ചർച്ചചെയ്യണമെന്നായിരുന്നു പ്രമേയം. പ്രമേയകർത്താവിനു മുമ്പേ ചാഴിക്കാടൻ എഴുന്നേററു.

ചാഴി— സർ വെളിയം കമ്മ്യൂണിസ്റ്റാണെങ്കിലും ഈ പ്രമേയം അത്യാവശ്യമാണ്. ഞാനും ഇതുപോലെ ഒന്നയക്കാൻ ആലോചിച്ചതാണ്. എന്തൊരു ദുർഗന്ധമാണ് നാട്ടുമുഴുവൻ.

വെളിയം— എല്ലാ മെമ്പറന്മാക്കും സ്പീക്കർ അവർകൾക്കും അനുഭവമുള്ള കാര്യമായതിനാൽ ഇതിൻെറ അടിയന്തിര പ്രാധാന്യം സ്വയം വ്യക്തമാണ്.

സ്പീക്കർ— അതല്ലാ വിഷമം. ഏതു മന്ത്രിയാണിതിനു സമാധാനം പറയേണ്ടതു്? മെഡിക്കൽ മന്ത്രിയാണോ? സുഗന്ധത്തിനോ ദുർഗന്ധത്തിനോ ഒരു വകുപ്പോ മന്ത്രിയോ ഇല്ലല്ലൊ.

പട്ടം— ദുർഗന്ധം അസഹ്യമായിട്ടുണ്ടെന്നു ഞാനും സമ്മതിക്കുന്നു. പൊതുജനാരോഗ്യമന്ത്രിയാണു സമാധാനം പറയേണ്ടതു്.

വേലപ്പൻ— എൻെറ അറിവിൽ ഈ ദുർഗന്ധത്തിൽ ഒരു ചെറിയ അംശം മാത്രം ആസ്പത്രികളിൽനിന്നുമുണ്ടാവുന്നതാണ്. അതു കുറയ്ക്കാൻ ഏർപ്പാടു ചെയ്യാം. എന്നാൽ ഇപ്പോഴത്തെ കടുത്ത നാററം അതുകൊണ്ടു മാറുകില്ല.

സുഗതൻ— അശ്ളീലമന്ത്രിയാണു മറുപടി പറയേണ്ടതെന്ന് എനിക്കു തോന്നുന്നു.

പി. ടി. ചാക്കൊ— സർ, ഈ വിധം ഒരു പ്രമേയം വന്നതു് ആശ്വാസകരമാണ്. ഈ വിഷയം ചർച്ചചെയ്യുന്നതിൽ എനിക്കു വിരോധമില്ല. നാററം ഉണ്ടെന്നും അതു് എൻെറ വകുപ്പിൻെറ പ്രവർത്തനംമൂലമാണെന്നും ഞാൻ സമ്മതിക്കുന്നു. എന്നാൽ നാററം എങ്ങിനെ എന്തുകൊണ്ട് എന്തിനുവേണ്ടി ഉണ്ടാകുന്നു എന്നറിയുമ്പോൾ പ്രതിപക്ഷമുൾപ്പെടെ ഈ നാററം നിലനിർത്താൻ സഹകരിക്കുമെന്നാണ് എൻെറ അഭിപ്രായം.

പട്ടം— എൻെറ അശ്ളീലമന്ത്രി



യുടെ പ്രസ്താവന എന്നെ അത്ഭുതപ്പെടുത്തുന്നു. നാറ്റമുണ്ടാക്കുന്ന ഒരു പ്രവൃത്തിയും ക്യാബിനററ് അനുവദിച്ചിട്ടില്ല. അശ്ലീലമന്ത്രി ആ വഴിക്ക് എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ അതിന് ക്യാബിനററ് ഉത്തരവാദിയാവുകയില്ല.

അശ്ലീലമന്ത്രി— എൻെറ വിശദീകരണം കേൾക്കുമ്പോൾ മുഖ്യമന്ത്രി എൻെറ പ്രവർത്തനം അംഗീകരിക്കുമെന്നു ഞാനുറപ്പുപറയുന്നു.

സ്പീക്കർ— മുഖവുര നീട്ടാതെ വിശദീകരണം തുടങ്ങണം.

അശ്ലീലമന്ത്രി— സർ, ഞാൻ ഒരു വർഷംമുമ്പ് ജർമ്മനി, ഫ്രാൻസ്, മുതലായ പാശ്ചാത്യരാജ്യങ്ങളിൽ പോയിരുന്ന വിവരം സഭയ്ക്കറിവുള്ളതാണല്ലോ. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഈ രാജ്യത്തിൻെറ സമ്പത്തു വർദ്ധിപ്പിക്കുന്നതിനെപ്പററി ഞാൻ അന്വേഷിച്ചു. കയററുമതിക്കുള്ളവടത്തിനു പററിയതായി ഇവിടെയുള്ള സാധനങ്ങളുടെ ഒരു വിവരണം ഞാൻ അവിടങ്ങളിലെ വാണിജ്യപ്രമാണികളെ ധരിപ്പിച്ചു. റബറും കുരുമുളകും മററുംപണ്ടേ നാം കയററിഅയക്കുന്നതാണ്. അതിൻെറ ചുങ്കവും മററും കേന്ദ്രത്തിനാണു ലഭിക്കുന്നതും. കേന്ദ്രം ചുങ്കമെടുക്കാത്ത ഒരു ചരക്കിനെപ്പററി ഞാനാലോചിച്ചു. അപ്പോഴാണ് കേരളത്തിലെ അശ്ലീലം എൻെറ ഓർമ്മയിലെത്തിയത്. ഫ്രാൻസിലെയും ഇററലിയിലെയും അശ്ലീലത്തേക്കാൾ വളരെ മെച്ചപ്പെട്ട അശ്ലീലമാണ് കേരളത്തിലേതെന്ന് എനിക്കു ബോദ്ധ്യപ്പെട്ടു. ഈ വിവരം ഞാൻ കച്ചവടപ്രമുഖന്മാരെ അറിയിച്ചു. എൻെറ വർണ്ണന അവരെ വളരെ ആകർഷിച്ചു. ആ ഘട്ടത്തിൽ അവിടെയെത്തിയ ഭാരതകേസരിയും ഈ കാര്യത്തിൽ വേണ്ട പ്രചരണം നടത്തി. ചുരുക്കത്തിൽ കേരളീയ അശ്ലീലത്തിനു ഒരു വിപുലമായ യൂറോപ്യൻ കമ്പോളമുണ്ടായി. അനേകായിരം ടണ്ണിനുള്ള ഓർഡറുംകിട്ടി.

ഏ. ആർ. മേനോൻ— കോട്ടയം അശ്ലീലവും തൃശ്ശൂർ അശ്ലീലവും തമ്മിൽ വല്ലവ്യത്യാസമുണ്ടെന്നറിയാമോ? മന്ത്രിയുടെ അഭിപ്രായത്തിൽ ഏതാണു മെച്ചം.

അശ്ലീലമന്ത്രി— ഞാൻ കേരളത്തിൽ തിരിച്ചെത്തി ആദ്യം ചെയ്തതു് കേരളത്തിലെ വിവിധതരം അശ്ലീലത്തിൻെറ സാമ്പിൾ യൂറോപ്പിലേക്കയക്കുകയായിരുന്നു. എല്ലാ ഇനം അശ്ലീലത്തിനും അവിടെ കമ്പോളമുണ്ട്. തൃശ്ശൂർ അശ്ലീലത്തിന് നല്ല ഡിമാൻറുണ്ടായിട്ടുണ്ടെന്നു ഞാൻ സന്തോഷപൂർവ്വം അറിയിക്കുകയാണ്.

ഗൗരി— ചേർത്തലഅശ്ലീലം വളരെ പുരാതനവും പ്രസിദ്ധവുമാണെന്നറിയാമോ—?

തോമ്മസ്ജോൺ— അമ്പലപ്പുഴ അശ്ലീലം അതിനേക്കാളും മെച്ചമല്ലേ?

ആർ. ശങ്കർ— കണ്ണൂരിലും നല്ലതരം അശ്ലീലമാണുള്ളതു്. കക്ഷിഭേദമോ പ്രാദേശിക ബുദ്ധിയോ ഈ കാര്യത്തിൽ അരുതു്.

പട്ടം— ഇടയ്ക്കൊന്നു പറയുകയാണ്. തിരുവനന്തപുരത്തും നല്ല തറവാടിത്തമുള്ള അശ്ലീലം വേണ്ടത്ര കിട്ടും.

അശ്ലീലമന്ത്രി— ബഹുമാനപ്പെട്ട സഭയ്ക്ക് ഞാനുറപ്പുതരുന്നു. ഈ കാര്യത്തിൽ കക്ഷിയോ ദേശമോ ഞാൻ ചിന്തിച്ചിട്ടില്ല. എൻെറ ശ്രദ്ധയിലും അറിവിലുമുള്ള അശ്ലീലമെല്ലാം ഞാൻ പരിശോധിക്കയും എല്ലാം അംഗീകരിക്കയും ചെയ്തിട്ടുണ്ട്.

ചാഴി— കത്തോലിക്കാ അശ്ലീലം നായരശ്ലീലത്തേക്കാൾ മെച്ചമല്ലേ—?

വേല— നായരശ്ലീലം ഒരിക്കലും കത്തോലിക്കാ അശ്ലീലത്തേക്കാൾ മോശമാവുകയില്ല.

വയലാ— ക്നാനായ അശ്ലീലം എണ്ണത്തിൽ കുറഞ്ഞാലും ഗുണത്തിൽ താഴുകില്ല.

നമ്പൂരി— ബ്രാഹ്മണാശ്ലീലം വളരെ മഹത്താണ്.

ആദിച്ചൻ— ഹരിജനാശ്ലീലം താരതമ്യേന കുറത്തിരുന്നാലും വളരെ ഈടുചെയ്യുന്നതാണ്.

സുഗതൻ— ജാതിതിരിച്ചുപറയുന്നതെനിക്കിഷ്ടമല്ല. എങ്കിലും ഈഴവാശ്ലീലം ഒന്നിനേക്കാളും മോശമാവുകയില്ല.

അശ്ലീലമന്ത്രി— മെമ്പാന്മാരുടെ ഉൽക്കണ്ഠയെ ഞാൻ അഭിനന്ദിക്കുന്നു. അശ്ലീലത്തിൻെറകാര്യത്തിൽ ജാതിയോ മതമോ നോക്കിയിട്ടില്ലെന്നു ഞാനുറപ്പു പറയാം. ഓർഡർ തന്നിരിക്കുന്ന പാശ്ചാത്യരും മൊത്തം കേരള അശ്ലീലമെന്നല്ലാതെ ജാതിതിരിച്ചു പറക്കവേണമെന്നു പറയുന്നില്ല. എല്ലാ ഇനവും കൂട്ടികലർത്തിയാണ് ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നതു്.

പട്ടം— നാററത്തിൻെറ ശരിയായ കാരണം ഇതുവരെ പറഞ്ഞില്ല.

അശ്ലീലമന്ത്രി— സർ ഞാനതിലേക്കു കടക്കുകയാണ്. ഏതാണ്ട് പത്തുകോടി ടൺ അശ്ലീലത്തിൻെറ ഓർഡറാണിപ്പോൾ ഉള്ളതു്. കുറേശയായി കയററിഅയയ്ക്കുന്നതു് നഷ്ടമായിരിക്കും. അതിനാൽ കിട്ടുന്നിടത്തോളം അശ്ലീലം അപ്പൊഴപ്പോൾ വാങ്ങി പ്രധാന കേന്ദ്രങ്ങളിൽ സംഭരിക്കുകയാണ് ഇപ്പോൾ ചെയ്തുവരുന്നതു്. പഴക്കംകൊണ്ട് അശ്ലീലത്തിനു കേടുവരികില്ലെങ്കിലും നാററം കൂടുക എന്നൊരു പരിണാമമുണ്ട്. നമ്മുടെ അശ്ലീലഡിപ്പോകളിൽ ഇപ്പോൾ നാലഞ്ചുമാസത്തെ പഴക്കമുള്ള സ്റ്റോക്കുമുണ്ട്.

വേല— നാററാതിരിക്കാൻ വല്ല ലോഷനോമററോ തളിച്ചാലെന്താ.

അശ്ലീ— മായംചേരാത്ത ചരക്കാണു യൂറോപ്യക്കിഷ്ടം. ലോഷൻതേച്ചാൽ അവർക്കു പിടുത്തമല്ല.

ശങ്കർ— ടണ്ണിന് എന്തുവിലയ്ക്കാണ് ഓർഡർ കിട്ടിയിരിക്കുന്നതു്?

അശ്ലീലമന്ത്രി— ശരാശരി ലക്ഷം രൂപാ വിലകിട്ടും.

പട്ടം— അൽപ്പം നാററം സഹിച്ചാലും ഇങ്ങനെ ഒരു വ്യാപാരം വികസിപ്പിക്കുന്നെങ്കിൽ അതു നല്ലതാണ്.

അശ്ലീലമന്ത്രി— സഭയുടെ മൊത്തം അഭിപ്രായമാണ് സഭാനേതാവു പറഞ്ഞതെന്ന് ഞാൻ വിശ്വസിക്കുന്നു.

വെളിയംഭാർഗ്ഗവൻ— അശ്ലീലമന്ത്രിയുടെ വിശദീകരണത്തിൻെറ വെളിച്ചത്തിൽ എൻെറ പ്രമേയം ഞാൻ പിൻവലിച്ചിരിക്കുന്നു എന്നു മാത്രമല്ല അശ്ലീലസംഭരണത്തിൽ മന്ത്രിക്ക് കഴിവുള്ള എല്ലാ സഹായവും വാഗ്ദാനം ചെയ്കയുംചെയ്യുന്നു.

——(കരഘോഷം)——


ദി ഹിന്ദുസ്ഥാൻ ചിട്ടിഫണ്ട് പ്രൈ: ലിമിററഡ്

ആലപ്പുഴ.

ഏ. ബി. സി. ഡി. ഈ. എന്നീ അഞ്ചു ക്ലാസുകളിലായി

**8,000 രൂപയുടെ പ്രതിമാസ ലേലച്ചിട്ടി**

ക്യാഷ്സെക്യൂരിററിയിന്മേൽ വീണ്ടും ഉടനെ ആരംഭിക്കുന്നു.

| | | | | | | |
|---|---|---|---|---|---|---|
| A. | മാസം ഒന്നിന് | 50 | ഇ. രൂപാവീതം | 40 | മാസം ഇ. രൂപാ | 2000 |
| B. | ,, | 30 | ,, | 40 | ,, | 1200 |
| C. | ,, | 25 | ,, | 40 | ,, | 1000x2 |
| D. | ,, | 20 | ,, | 40 | ,, | 800x2 |
| E. | ,, | 15 | ,, | 40 | ,, | 600x2 |

വര്യോലയും മററു വിവരങ്ങളും ആവശ്യപ്പെട്ടാൽ അയച്ചുതരുന്നതാണ്.

മാനേജർ, ദി ഹിന്ദുസ്ഥാൻ ചിട്ടിഫണ്ട് പ്രൈവററ് ലിമിററഡ്

പാലസ്റോഡ്, ആലപ്പുഴ.

# "ശരണം പൊന്നേക്കേജി!"

## (കാസർകോട്ടുമുതൽ നടന്നുപോയ കർഷക പദയാത്രാ തീർത്ഥാടനസംഘം വിളിച്ചിരിക്കാനിടയുള്ളതു് —ശബരിമല ശരണംവിളിമട്ടിൽ)

സ്വാമിയേ ശരണം ശരണംപൊന്നേക്കേജി!
സ്വാമിയല്ലാതൊരു ശരണമില്ലേക്കേജി!
വരണം നിൻകൃപയടിയരിലേക്കേജി!
ഭരണം വരണേ സ്വാമിപൊന്നേക്കേജി!
വിദ്യാഭ്യാസബില്ലേ ശരണംചെങ്കൊടിതൻ
വിജയമായ് വരണേ ശരണംപൊന്നേക്കേജി!
പതിനൊന്നാം വകുപ്പേ ശരണം പൊന്നളിയാ
പദയാത്രാ പരിപാടി ശരണമായ് വരണേ
ഡ്രപേഷ്ഗ്രൂപ്പായേ ശരണം തരണേ
ഭ്രനയബില്ലേ! ശരണമായ് വരണേ
മാളികപ്പുറമാന്ന ഗൗരീശരണം
ജീവിതവിജയം തരണേപൊന്നമ്മച്ചീ
മാവോസ്വാമീ ശരണംപൊന്നമ്മാച്ചാ
വായോ തായോ ഭരണമീ ഞങ്ങൾക്കായ്
ആന്ധ്റാ അരിയേ ശരണംപൊന്നച്ചായാ!
"വേന്ദ്രവിന്ത്രാളാ!" ശരണം ജോർജ്ജച്ചായാ!
ഈ. എം. എസ്സേ! ശരണം തരണേ
ഈ മലനാട്ടിലേയ്ക്കെഴുന്നെള്ളെൻറളിയാ!
വാട്ടർട്രാൻസ്പോർട്ടേ ശരണം തോമ്മാച്ചാ!
വാട്ടീസടിക്കാൻ വരണം നിൻകൃപയേ!
സ്വാമിയേ ശരണം ശരണംപൊന്നേക്കേജി!
സ്വാമിയല്ലാതൊരു ശരണമില്ലേക്കേജി!

**ശരണംവിളികൾ**

സ്വാമിയേയ് — ശരണമേക്കേജി!
സ്വാമിയുടെ സെൽക്കോടതികളേയ്!—
ശരണമേക്കേജി!
സ്വാമിയുടെ കള്ളസൊസൈററിയേ—യ്
ശരണമേക്കേജി!
സ്വാമിയുടെ സത്യമായപൊന്നിരുപത്തിയേ
ഴുമാസത്തെ ഭരണമേ—യ് ശരണമേക്കേജി!
(കൂട്ടശ്ശരണം)
അരിപൊരിതരാതെ ഭരിച്ച ഭരണീയരേ-യ്
ശരണമേക്കേജി!

—o—



# എൺപതുശതമാന നേതാവ്

## നൂറുശതമാനത്തിൻെറ നേതാവാണെന്നു പറഞ്ഞാലും സ്ഥാനം ഒഴിഞ്ഞുകൊടുക്കാൻ പട്ടം തയ്യാറില്ല.

(സ്വ: ലേ:)

എ. കെ. ജി. യുടെ കർഷകജാഥ തിരുവനന്തപുരം സമീപിക്കുന്തോറും കേരളം ഭരിക്കുന്ന മൂരാച്ചികൾ വിരണ്ടുതുടങ്ങി. തൊണ്ണൂററി ഒമ്പതു സീററുകിട്ടിയവരാണെന്നുള്ളതു നേരാണെങ്കിലും അവരിൽ ആർക്കും കേരളത്തിലെ അമ്പതുശതമാനത്തിൻെറപോലും നേതൃത്വം അവകാശപ്പെടാൻവയ്യ. മൂന്നു പാർട്ടിയും മന്നത്തുപത്മനാഭനും പള്ളിക്കാരുംകൂടി പാടുപെട്ടാണ് അത്രയും കിട്ടിയതു്. അതൊന്നും കൂടാതെ എൺപതുശതമാനത്തിൻെറ ഒരു പ്രതിനിധി വരുന്നപക്ഷം ജനകീയമനുസരിച്ചു സ്ഥാനം ഒഴിഞ്ഞുകൊടുക്കാതെ നിർവാഹമില്ല. ഒരു സമാധാനം മാത്രമേ ഡിപ്ലോമാററിക്കു വിദഗ്ദ്ധന്മാർ പറയുന്നുള്ളു. എ. കെ. ജി. എൺപതുശതമാനത്തിൻെറ പ്രതിപുരുഷനാണെന്നല്ലാതെ ഭരണമേൽക്കാൻ വെമ്പുന്നവനാണെന്ന് അദ്ദേഹം തൃശ്ശൂർ പ്രസംഗത്തിൽപോലും പറഞ്ഞിട്ടില്ല. കേരളകർഷകബില്ലിൽ വെട്ടിത്തിരുത്തു വരുത്തുന്നതു തടയാൻ മാത്രമാണ് അദ്ദേഹത്തിൻെറസംരംഭമെന്നു വ്യക്തമാക്കുകയും ചെയ്തിട്ടുണ്ടു്. എങ്കിലും തിരുവനന്തപുരത്തെത്തുമ്പോൾ അദ്ദേഹം അവകാശവാദം മാററുമോ എന്നുള്ളതാണു ഭയം. മുഖ്യമന്ത്രിയും ഡപ്യൂട്ടി മുഖ്യമന്ത്രിയും മന്ത്രിമുഖ്യനുംകൂടി ഈ കാര്യത്തെപ്പററി നിരന്തരം ആലോചിക്കുന്നുണ്ടെന്നും കേന്ദ്രവുമായി സദാ സമ്പർക്കത്തിലാണെന്നും അറിയാൻ കഴിഞ്ഞിട്ടുണ്ടു്. ഒരു തെരഞ്ഞെടുപ്പിൽകൂടെയല്ലാതെ എൺപതുശതമാനത്തിൻെറ പ്രാതിനിദ്ധ്യം തെളിയിക്കുവാൻ ഭരണഘടനയിൽ വകുപ്പില്ലെന്നുള്ളതാണ് തൽക്കാലം ആശ്വാസകരമെന്നു തോന്നുന്നു. എന്നാൽ എ. കെ. ജി. യുടെ വാദം കേന്ദ്രം അംഗീകരിക്കുകയും ഇപ്പോഴത്തെ മന്ത്രിസഭയും നിയമസഭയും പിരിച്ചുവിടുക എന്നുള്ള നടപടി സ്വീകരിക്കയും ചെയ്യുക എന്നുള്ള ഘട്ടമുണ്ടാവുകയും ചെയ്യുകയാണെങ്കിൽ എന്തുചെയ്യുമെന്നുള്ളതാണു ഭയം. ഇനി ഒരു തെരഞ്ഞെടുപ്പു വരികയാണെങ്കിൽ എ. കെ. ജി-ക്കു് എൺപതു ശതമാനം കിട്ടിയാൽ എന്തുചെയ്യും? തൃശ്ശൂർവച്ചും ചെങ്ങന്നൂർവച്ചും അദ്ദേഹം അതുമേൽ അസന്നിഗ്ദ്ധമായിട്ടാണ് എൺപതുശതമാനത്തിൻെറ കാര്യം പ്രഖ്യാപിച്ചതു്. കൊട്ടാരക്കര വിശ്രമിക്കുന്നതിനിടയിൽ അദ്ദേഹത്തെ കാണാനെത്തിയ ഒരു പ്രസ്സ് പ്രതിനിധിയുമായി അദ്ദേഹം നടത്തിയ അഭിമുഖസംഭാഷണം ഈ കാര്യത്തിൽ കൂടുതൽ വെളിച്ചം വീശുന്നതായിട്ടാണു വിശ്വസിക്കപ്പെടുന്നതു്.

പ്രതിനിധി— ഈ ജാഥായുടെ ലക്ഷ്യമെന്താ?

എ. കെ. ജി— ഈ നാട്ടിലെ എൺപതുശതമാനത്തിൻെറ അഭിലാഷത്തെ ധിക്കരിച്ച് ഇവിടെ ഒന്നും നടത്താൻ സാദ്ധ്യമല്ലെന്ന് സർക്കാരിനെ അറിയിക്കുക.

പ്രതി— എൺപതിൻെറ പ്രാതിനിദ്ധ്യം അങ്ങേക്കുണ്ടെങ്കിൽ നേരിട്ടു ഭരണം ഏൽക്കാമല്ലോ.

എ. കെ. ജി— തൽക്കാലം അതിനു മറുപടിയില്ല.

പ്രതി— ..ക്കസമയത്തു വെളിപ്പെടുത്തുന്ന ഗൂഢോദ്ദേശം വല്ലതും അതിലുണ്ടോ? എന്തായാലും പട്ടംതാണുപിള്ള ഇറങ്ങിത്തരികയില്ലെന്നറിയാമല്ലോ?

എ. കെ. ജി— തിരുവനന്തപുരത്തു ചെല്ലട്ടെ, തീരുമാനിക്കാം.

എ. കെ. ജി. യുടെ പ്രസ്തുത കരുതലോടുകൂടിയ അഭിമുഖസംഭാഷണം പരസ്യമായ ദിവസം ശ്രീ. പട്ടം സ്വന്തം നിലപാടു വിശദീകരിക്കുവാൻ ഒരു പ്രസ്സ്കോൺഫ്റൻസു നടത്തി. മുഖ്യനും ഡപ്യൂട്ടിമുഖ്യനും മന്ത്രിമുഖ്യനും സന്നിഹിതരായിരുന്നു.

ചോദ്യം— നിങ്ങൾ രാജിവയ്ക്കാനിടയുണ്ടോ?

പട്ടം— ഇല്ല. എന്തെല്ലാം നാണക്കേടു സംഭവിച്ചാലും ഈ തവണ രാജിവയ്ക്കുയേയില്ല. ഇതെൻെറ മൂന്നാംതവണയാണ്. ഇനി ഒരു തവണ കിട്ടുമോ എന്നു സംശയവും.

ചോദ്യം— എ. കെ. ജി. എൺപതു ശതമാനത്തിൻെറ പ്രതിനിധിയാണെന്നു പറയുന്നല്ലോ.

ഉത്തരം— പറയട്ടെ, പറയാനുള്ള സ്വാതന്ത്ര്യം ആർക്കുമുള്ളതാണു്.

ചോദ്യം— പറയാതെ നേരിട്ടുവന്ന് ആവശ്യപ്പെട്ടാലോ—?

പി. ടി. ചാക്കോ— ഞാനാണു മന്ത്രിമുഖ്യനും പോലീസ്മന്ത്രിയെന്നും അയാൾ ഓർമ്മിച്ചോളാൻ പറയണം. കൃഷ്ണയ്യൻെറ പോലീസല്ലാ ഇപ്പോഴത്തേതു്. വളരെ വീര്യം കൂടിയതാണു്.

ഡപ്യൂട്ടി— ആരു വന്നാലും എനിക്കു പേടിക്കാനൊന്നുമില്ല. മുഖ്യനും മന്ത്രിമുഖ്യനും മാറിയേക്കും, ഡപ്യൂട്ടി എന്തിനാ മാറുന്നതു്.

ചോദ്യം— പുതിയ മുഖ്യനു് ഇഷ്ടമില്ലെങ്കിലോ.

ഡപ്യൂട്ടി— അതേപ്പററി എനിക്കു പേടിയില്ല. എന്നെ ഇഷ്ടമല്ലെന്നു പറഞ്ഞ പലർക്കും ഇപ്പോൾ ഇഷ്ടമാണു്.

പട്ടം— എൻെറ ദൃഢമായ വിശ്വാസം ഈ പറയുന്ന എ. കെ. ജി-യുടെ അവകാശവാദം അടിസ്ഥാനരഹിതമാണെന്നാണു്. കമ്മ്യൂണിസ്റ്റുകൾ നേരു പറയുക എന്നൊരു സംഭവമേ ഉണ്ടാവുകയില്ലല്ലോ.

ചോദ്യം— അദ്ദേഹത്തിൻെറ ജാഥയിൽ ധാരാളം ആളുകൾ പങ്കെടുക്കുന്നതായിട്ടാണറിയുന്നതു്.

ചാക്കോ— ചെങ്ങന്നൂരിൽവച്ച് കഴുത്തിൽ ഏലസ്സുകെട്ടിയ ഒരു പട്ടി അയാളുടെകൂടെ കൂടിയതല്ലാതെ ഈ നാട്ടിൽനിന്നും വേറെ ആരും കൂടിയതായി റിപ്പോർട്ടില്ല.

പ്രതി— ആളുകൾ കൂടുന്നുണ്ടു്.

ചാക്കോ— അതയാളെ ഏറിയാനും കൂക്കുവിളിക്കാനും കൂടുന്നവരാണു്. എൺപതു ശതമാനം പോയിട്ട് എട്ടിൻെറപോലും പ്രാതിനിദ്ധ്യം അയാൾക്കില്ല.

പട്ടം— അങ്ങനെയെന്തിനാ വെല്ലുവിളിക്കുന്നതു്? നമുക്കങ്ങു് ഉറച്ചിരുന്നു ഭരിച്ചാൽമതി. അയാൾ ഒരു മൃക്കം ചെയ്യാനില്ല. (പ്രസ്സുകാരോടു്) നിങ്ങൾ അതുമിതും എഴുതിപ്പിടിപ്പിച്ച് ശല്യമുണ്ടാക്കാതിരുന്നാൽമതി. ഞാനും ചാക്കോച്ചനും എട്ടുകൊല്ലം ഭരിക്കാനാ ഏതായാലും നിശ്ചയിച്ചിരിക്കുന്നതു്.

പ്രതി— കാർഷികബന്ധബില്ലിൻെറ കാര്യത്തിൽ എന്തുചെയ്യാനാ ഉദ്ദേശം? ഭേദഗതിവരുത്തുമോ?

പട്ടം— പാടേ തള്ളണമെന്നാണു വിചാരം. അതു സാധിച്ചില്ലെങ്കിൽ അങ്ങുമിങ്ങും ചില വകുപ്പൊക്കെ പാസ്സാക്കാം. അതു സംബന്ധിച്ചാണു് അയാൾ വരുന്നതെന്നു് ഏതായാലും ഞങ്ങൾ വിശ്വസിക്കുന്നില്ല.

—o—

# ★ അശ്ലീലം പിടിക്കുന്നു! ★

(എൻ. പി.)

ആ പുസ്തകശാലയുടെ മുമ്പിൽ പെട്ടെന്ന് ഒരു പോലീസ്‌വാൻ വന്നുനിന്നു. അതിൽനിന്നും ചാഴിപോലെയുള്ള ഒരു ഇൻസ്പെക്ടറും, പെരുച്ചാഴികളെപ്പോലെയുള്ള മൂന്നു പി. സി–മാരും ചടപടാ എന്ന് പുസ്തകശാലയിലേക്ക് ഓടിക്കയറി. ഇൻസ്പെക്ടർ ഒരു സിംഹാവലോകനത്തോടെ ഗമയിൽ മീശതടവിക്കൊണ്ടങ്ങിനെ നിന്നു. ഓരോ പീസിയും പുസ്തകങ്ങൾ നിരത്തിവച്ചിരുന്ന ഓരോ ഷെൽഫിൻെറ മുമ്പിലേക്കു നീങ്ങി. മിഠായിഭരണികളിൽ നോക്കുന്ന തെണ്ടിപ്പിള്ളേരെപ്പോലെ ആർത്തിയോടെ അങ്ങിനെ നോക്കുകയാണവർ. വലിയ അക്ഷരങ്ങളിൽ അച്ചടിച്ച പേരുകൾകൂടി, കണ്ണാടിയില്ലാതെ രാമായണം വായിക്കുന്ന വെള്ളെഴുത്തുകാരി അമ്മൂമ്മയുടെ ക്ലേശത്തോടെയാണ്. ഒരു പി. സി. ഒരു പുസ്തകമെടുത്തു മറിച്ചുനോക്കി. ഉടമസ്ഥൻ മിഴിച്ചുനിന്നു. അയാൾക്ക് ഒന്നും മനസ്സിലായില്ല: മക്കളുള്ള പോലീസുകാർ പാഠപുസ്തകങ്ങൾ വാങ്ങാൻ വന്നിട്ടുള്ളതല്ലാതെ പോലീസുകാർ അതിനകത്തേക്കു കടന്നിട്ടില്ല. കുറെ നിയമപാലകന്മാർ പെട്ടെന്നു കടന്നുവന്ന് ഒന്നും ഒന്നും മിണ്ടാതെ ഒരു മിന്നൽ പരിശോധന നടത്തുന്നതു കണ്ടപ്പോൾ, പുതിയ നൂറുരൂപാ നോട്ടുകളുടെ കഥകൾ കേട്ടിരുന്ന നാട്ടുകാർ ഓടിക്കൂടി. ആ മുററത്ത് മണ്ണുനുള്ളിയിട്ടാൽ നിലത്തു വീഴുകയില്ല. ഒരുവൻ അടുത്തുനിന്നിരുന്നവൻെറ ചെവിയിൽ മന്ത്രിച്ചു: “ചാക്കോച്ചൻ വിളിച്ചു പറഞ്ഞിട്ട് ലൈംഗികോം അശ്ലീലോം പിടിക്കുകയാ പോലീസുകാർ.” കേട്ടവർ തലകുലുക്കി.

അല്പസമയം കഴിഞ്ഞതേയുള്ളു. ഒരു പി. സി. ഒരു പുസ്തകത്തിൻെറ കുറെ പ്രതികൾ, താറാവിനെ തൂക്കിയെടുക്കുന്നതുപോലെ എടുത്തുകൊണ്ട് ഇൻസ്പെക്ടരുടെ മുൻപിൽ വന്നുനിന്നു.

ഇൻ– എല്ലാം ലൈംഗികമാണോ?

പീ. സി– ഉത്തരവ്. രാജരാജവർമ്മ എന്ന ഒരു റൗഡിയുടേതാണ്. മുഴവൻ ലൈംഗികമാ. തുറന്നുനോക്കിയപ്പോഴുണ്ടു കിടക്കുന്നു, പുല്ലിംഗം, സ്ത്രീലിംഗം, നപുംസകലിംഗം, അലിംഗം എന്നൊക്കെ. ഉത്തരവ്, പരസ്യമായി ബോധിപ്പിക്കുവാൻ കൊള്ളുകില്ല.

ഇൻ– മൈ ഗോഡ്! വെറുതേയാണോ ആഭ്യന്തരമന്ത്രി ഉത്തരവായത്, ഈ ബുക്കുഡിപ്പോകൾ മുഴുവൻ ലൈംഗികങ്ങളും അശ്ലീലങ്ങളും ആണെന്ന്.

ഉടമസ്ഥൻ– പ്രൊഫസർ ഏ. ആർ. രാജരാജവർമ്മയുടെ വ്യാകരണഗ്രന്ഥമാണതു്.

ഇൻ– (കോപത്തോടെ) ഷട്ടപ്പ്! താൻ എന്നെ പഠിപ്പിക്കാൻ വരികയാണോ?

പീ. സി– എടോ മിണ്ടിപ്പോകരുത്. കൊന്നുകളയും പറഞ്ഞേക്കാം. പരസ്യമായി പുല്ലിംഗങ്ങളും സ്ത്രീലിംഗങ്ങളും വിൽക്കാൻ കൊണ്ടുവച്ചിരിക്കുന്നതുമല്ല കേറി തർക്കിക്കാനും വരുന്നോ? (ഇൻസ്പെക്ടരോട്) ഉത്തരവ്! വേറൊന്നിൽ ശിവലിംഗം എന്നു കിടക്കുന്നു—

“യജമാനേ! ഇതാ ഒരെണ്ണം. അതിഭയങ്കര അശ്ലീലം—” വേറൊരു പീ.സി ഷെൽഫിലിരുന്ന ഒരു പുസ്തകം ചൂണ്ടിക്കാണിച്ചുകൊണ്ട് ഞെട്ടി പുറകോട്ടു മാറി.

ഇൻ– എന്താണ്? എന്താണ് 985?

985– ഉത്തരവ്. ഇവൻെറ പേരു പറയാൻ എൻെറ നാക്കു പൊങ്ങുന്നില്ല യജമാനേ. ഞാനെന്നല്ല ഒരു പോലീസുകാരും ഇതുവരെ പറഞ്ഞിട്ടില്ല. ഇനിയൊട്ടു പറകയുമില്ല. അയ്യോ പച്ച അശ്ലീലം. നിറയെ അശ്ലീലോം ലൈംഗികോം ആണെന്ന് ഒററ നോട്ടത്തിലറിയാം.

ഇൻ– ഉം! കേൾക്കട്ടെ. പേരുവായിക്കു.

985– പൊന്നുതമ്പുരാനേ! എനിക്കു ബ്ലാക്ക്മാർക്കുതന്നാലും എൻെറ പ്രമോഷൻ തടഞ്ഞാലും ഞാൻ ആ അശ്ലീലത്തിൻെറ പേരു പറയത്തില്ല.

ഇൻ– ഉം! 1036 വായിക്കെടോ.

1036– ഉത്തരവ്. മി–മി–മിന്ന–മിന്നൽപ്ര–മിന്നൽപ്ര–പിന്നെന്തവാ ഒരക്ഷരം—വായിൽ നുഴയുന്നില്ല—

ഇൻ– 1036–ന് പഠിത്തം കമ്മിയാണ്. 2015 വായിക്കെടോ.

2015– ഉത്തരവ്. എനിക്കു കൂട്ടിവായന അറിയാം. മിന്നൽപ്ര–മിന്നൽപ്ര—

1036– അത്രത്തോളം ഞാനും വായിച്ചു. പിന്നത്തെ അക്ഷരമാണു കുഴപ്പൻ—

2015– ധൃതിവച്ചാലോ ഇഞ്ചാർജ്ജ്. ഞാൻ വായിക്കാം. മിന്നൽപ്ര—മിന്നൽപ്ര–ണ– ങ്ങ! മനസ്സിലായി. ണ–യാണ് ഇബിലീസ്. മിന്നൽപ്രണയം— ഉത്തരവ്. മിന്നൽപ്രണയം.

നൂറുരൂപാ കള്ളനോട്ടുകേസിലെ, കഠാരയും കൈത്തോക്കുമായി ഒളിച്ചുനടന്ന ഒന്നാംപ്രതിയെ ഒററയ്ക്കുചെന്നറസ്റ്റുചെയ്ത ഒരു പോലീസുകാരൻെറ മേന്മനടിച്ചുകൊണ്ട്, 2015 ഒന്നു ഞെളിഞ്ഞു. 985–നും 1036–നും ആ അക്ഷരങ്ങൾ മുഴുവൻ വായിക്കാൻ കഴിഞ്ഞില്ല. ഇത്രയും വായിച്ചതിന്, ഒരു കോറം പോലീസുമെഡലും തരേണ്ടതാണ് എന്നുള്ളമട്ടിൽ കൂട്ടുകാരെ അയാൾ ഒന്നു നോക്കി. ആ പേരു വായിച്ചതിലുള്ള അത്യദ്ധ്വാനം, മുഖത്ത് ഉയർത്തിയ സ്വേദബിന്ദുക്കൾ തുടച്ച്, പിടയെ നോക്കുന്ന പൂവൻകോഴിയെപ്പോലെ തലചരിച്ച് അയാൾ ആ പുസ്തകത്തിൽ ഒന്നു നോക്കി.



— ഹന്റിഡ്യ ജർദാ —
സുഗന്ധ ഔഷധപ്പുകയില
താംബൂലാവശ്യത്തിന് അനുയോജ്യവും തൃപ്തികരവുമാണ്. ഞങ്ങളുടെ ഫോട്ടോ ട്രേഡുമാർക്ക് ലേബൽ പരിശോധിച്ചു വാങ്ങുവിൻ. വ്യാജനിർമ്മാണം കണ്ടു വഞ്ചിതരാകരുതു്.
നിർമ്മാതാക്കൾ– കെ. ഷണ്മുഖസുന്ദരം, മുല്ലയ്ക്കൽ-ആലപ്പുഴ.
Phone No. 632. P. B. No. 188.

ഇൻ— മൈ ഗോഡ്! മിന്നൽപ്രണയം! ഭയങ്കരം! ഇതിൽ കൂടുതൽ ഒരു ലൈംഗികവും അശ്ലീലവും എന്തുണ്ട്. പ്രണയം! ഹൊ! ഭയാനകം! ബീഭത്സം! എത്രയെത്ര കേസുകളാണ് ഈ പ്രണയം സൃഷ്ടിച്ചിട്ടുള്ളത്. വെറും ഐ. പി. സി 323 അടിപിടിയിൽ തുടങ്ങുന്ന പ്രണയം 324-ലും 326-ലുംകൂടി പലപ്പോഴും 302-ാംവകുപ്പ് കൊലപാതകത്തിലാണ് അവസാനിക്കുക—

985— ഉത്തരവ്. ചിലപ്പോൾ ഗർഭം ഛിദ്രിപ്പിക്കലിലും, പലപ്പോഴും ആത്മഹത്യയിലും കൊണ്ടെത്തിക്കും ഈ പുസ്തകം. അതാണ്, ഉത്തരവ്. അതിന്റെ പേരു് ഞാൻ വായിക്കയില്ലെന്നു ബോധിപ്പിച്ചത്.

1036— ഉത്തരവ്. കുട്ടിയെ കുളത്തിൽ എറിഞ്ഞു കൊന്നതിന് ഇപ്പോൾ റിമാണ്ടിൽ കിടക്കുന്ന തേവി പാറു ഈ പുസ്തകത്തിലെ പ്രണയംമൂലം ഗർഭിണിയായതായിരിക്കണം.

ഇൻ— എസ്. എസ്. എനിക്കറിയാം. പ്രണയം എന്നതിന്റെ യഥാർത്ഥ അർത്ഥം ലൈംഗികം എന്നാണ്. നാം പലതും കണ്ടെടുത്തെങ്കിലും ഇത്രമാത്രം അശ്ലീലമായ ഒന്നും ഇതുവരെ കിട്ടിയിരുന്നില്ല.

2015— ഉത്തരവ്. ഈ അശ്ലീലം ഇങ്ങനെ പ്രദർശിപ്പിച്ചതിന് ഈ ഡിപ്പോക്കാരനെ ഉടൻ കസ്റ്റഡിയിലാക്കണം. റാസ്ക്കലിന്റെ നിലകണ്ടോ, ഇതുതാനാ പൂലോകം എന്ന മട്ടിൽ—

985— ഉത്തരവ്! ആ പുസ്തകത്തിന്റെ അശ്ലീലപ്പേരുകേട്ട്, എനിക്കും 1036-നും നാണംവരുന്നു.

ഇൻ— എസ്! എസ്! നാം പോലീസുകാർ. അശ്ലീലമെന്നും ലൈംഗികമെന്നും കരുതി കയ്യിലെടുക്കാതെയും പേരുപറയാതെയുംകഴിയുമോ? ഹും! പ്രണയംതന്നെ ഭയങ്കര അശ്ലീലം. പോരാത്തതിന് മിന്നൽ പ്രണയം!

1036— ഉത്തരവ്. അതിൽ ഇ. പി. കോയിലെ പല വകുപ്പുകളുമുണ്ട്. മുഴുവനും ചേർത്തു ചാർജ്ജുചെയ്യണം.

2015— ഉത്തരവ്. കുറെ കഠോരമാ ആ പ്രയോഗം. അങ്ങിനെ ഒരു പ്രയോഗം നമ്മുടെ പോലീസ്സാഹിത്യത്തിൽപോലുമില്ല.

ഇൻ— മിന്നൽ എന്നുവച്ചാൽ ജമ്മൻകാരുടെ ബ്ളിററ്സ്ക്രീഗ്യുദ്ധകാലത്തു് ജർമ്മൻകാർ ബ്ളിററ്സ്ക്രീഗ് വിദ്യ പ്രയോഗിച്ചതായി ഞാൻ പത്രത്തിൽ വായിച്ചിട്ടുണ്ട്. 1036 എന്തോന്നാണെടോ പിറുപിറുക്കുന്നത്?

1036— ഉത്തരവ്. ഞാൻ ഇഞ്ചാർജ്ജിനോടു പറയുകയായിരുന്നു. മിന്നൽ കണ്ടാൽ കണ്ണടയ്ക്കും ആരും. ഒന്നു ഞെട്ടുകേം ചെയ്യും. വെളിച്ചമുള്ളതുകൊണ്ട് സംഗതി പരസ്യമാണ്. മിന്നലിന്റെ പുറകെ ഇടി. ഞെട്ടി കണ്ണടയ്ക്കുന്ന പെണ്ണിനെ ഡിമിൻ എന്നു പരസ്യമായി ഒരു 324 കഠിനദേഹോപദ്രവം ഏൽപ്പിച്ചിട്ട് ബലാൽക്കാരം ചെയ്യുന്നതായിരിക്കണം യജമാന്നേ ഈഅശ്ലീലത്തിൽ.

ഇൻ— എസ്. എസ്. അതുതന്നെ. ആരെടോ ഈ എൻ. പി?

2015— ഉത്തരവ്: എൻ എന്നു വച്ചാൽ നോട്ടം. പി. എന്നു വച്ചാൽ പുള്ളി. നോട്ടപ്പുള്ളിയാ. കെ. ഡി. യാ യജമാന്നേ അവൻ.

ഇൻ— (ഉടമസ്ഥനോട്) എടോ! തന്റെ ഈ അശ്ലീലം പരസ്യമായി പ്രദർശിപ്പിച്ച്, പൊതുജനങ്ങൾക്ക് വെറുപ്പും വിദ്വേഷവും ലജ്ജയും നാണവും ജനിപ്പിക്കുകയും, യുവാക്കന്മാരുടെയും യുവതികളുടെയും മാത്രമല്ല വൃദ്ധന്മാരുടെയും വൃദ്ധകളുടേയുംകൂടി സാന്മാർഗ്ഗികബോധത്തെ നശിപ്പിക്കുകയും ലൈംഗികാസക്തി വർദ്ധിപ്പിക്കുകയും ചെയ്യുന്ന വിവരം തനിക്കറിയാമോ? എന്തു സമാധാനം ബോധിപ്പിക്കുവാനുണ്ടതിന്? കേരളത്തിൽ തുരുതുരെ പ്രസവം നടക്കുന്നതും, അനവധി അനവധി ക്രിമിനൽ കേസുകൾ ഉണ്ടാകുന്നതും, തന്റെ ഈ അശ്ലീലത്തിന്റെയും ലൈംഗികത്തിന്റെയും പ്രചരണംകൊണ്ടാണെന്ന് എനിക്കും ഈ പി. സി. മാർക്കും ബോദ്ധ്യമായിരിക്കുന്നു.

ഉടമസ്ഥൻ— സർ! ഇതു് അശ്ലീലസാഹിത്യത്തിൽ പെടുന്നതല്ല.

1036— ച്ഛീ! സാറോ! എടോ! യജമാനൻ, അലവലാതിപള്ളിക്കൂടം വാദ്ധ്യാരോ! യജമാനൻ എന്നു വിളിക്കെടോ.

ഉടമസ്ഥൻ— അല്ല, ഞാൻ വിവരം—

1036— നോ ഈർക്കി. യജമാന്റെ മുമ്പിൽ നിന്റെ ഈരങ്കിയൊന്നും ഇപ്പോൾ വേണ്ട. എല്ലാം അങ്ങു സ്റ്റേഷനിൽ ചെന്നിട്ട്.

ഇൻ— ഉം! ബോധിപ്പിച്ചുകൊള്ളട്ടെ അയാൾ

ഉടമസ്ഥൻ— എൻ. പി. എന്നുവച്ചാൽ നോട്ടപ്പുള്ളി എന്നല്ല, എൻ. പി. ചെല്ലപ്പൻനായർ എന്നാണ്. ഗ്രന്ഥകർത്താവിന്റെ പേരാണത്.

ഇൻ— എഴുത്തുകാരൻ ആരായാലും അതു് ഒരു പ്രശ്നമല്ല. അയാൾ ഈ പുസ്തകംമൂലം ഈ സ്റ്റേററിലെ ഒന്നരക്കോടി ജനങ്ങളെ അശ്ലീലവാന്മാരും ലൈംഗികന്മാരും ആക്കിത്തീർക്കുന്നു.

ഉടമസ്ഥൻ— സാർ! ഒന്നു ക്ഷമിച്ചുകേൾക്കണം. ഈ പുസ്തകം 20 കൊല്ലങ്ങൾക്കുമുൻപ്, തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ട് രക്ഷാധികാരിയായുള്ള തിരുവനന്തപുരം ശ്രീചിത്തിരതിരുനാൾ ഗ്രന്ഥശാലയ്ക്കു് തിരുനാൾവാരത്തിൽ അഭിനയിക്കുവാൻ വേണ്ടി എഴുതിയ ഒരു നാടകമാണ്. വിശ്രുത സാഹിത്യകാരന്മാരും മഹാപണ്ഡിതന്മാരും അടങ്ങിയ ഒരു സമിതി പരിശോധിച്ചതിനു ശേഷമാണ്, അവിടെ അഭിനയത്തിന് ഒരു നാടകം തിരഞ്ഞെടുക്കുക. ഈ നാടകം അവർ സ്വീകരിച്ചു. പ്രൊഫസ്സർ രുഗ്മിണിയമ്മ, ഡപ്യൂട്ടി കളക്ടറായിരിക്കുന്ന ഓമനക്കുഞ്ഞമ്മ, കേരളാ സിക്രട്ടറിയേററിൽ അസിസ്റ്റൻറു സിക്രട്ടറിയായിരിക്കുന്ന ആനന്ദവല്ലിയമ്മ, കോളേജുചീഫ് ലൈബ്രേറിയൻ ആയിരിക്കുന്ന ജാ

ഉറപ്പും ഭംഗിയുമുള്ള നവീനരീതിയിലുള്ള സ്വർണ്ണ—രത്നാഭരണങ്ങൾക്കു്

# രാമു ജുവലേഴ്സ്

മുല്ലയ്ക്കൽ ക്ഷേത്രത്തിനു മുൻവശം, ആലപ്പുഴ.

പ്രൊപ്രൈററർ— കെ. ദാമോദരൻപിള്ള.

# മൂന്നു കാര്യങ്ങൾ

★ ഔഷധ നിർമ്മാണം

★ ഔഷധഗുണം

★ അതിൻെറ ഫലസിദ്ധി

ഇവ മൂന്നിലും

"ബഹുകല്പം, ബഹുഗുണം, സമ്പന്നം യോഗ്യമൗഷധം" എന്ന വാഗ്ഭടാചാര്യനിർദ്ദേശത്തെ യാതൊരു വിട്ടുവീഴ്ചയുമില്ലാതെ അംഗീകരിച്ചിട്ടുള്ളതുകൊണ്ടാണ് "ജയഭാരതം ആര്യവൈദ്യശാല"യിലെ ഔഷധങ്ങൾ ഇന്നും ഒന്നാംകിടയിൽതന്നെ അനുഭവപ്പെടുന്നത്.

## ജയഭാരതം ആര്യവൈദ്യശാല (Regd)

പുനലൂർ (Phone No. 10)

ബ്രാഞ്ചുകൾ—

അഞ്ചൽ, അടൂർ, ആയൂർ, കൊട്ടാരക്കര, കല്ലിശ്ശേരി, കഴുതയുരുട്ടി, ചാത്തന്നൂർ, ചെങ്ങമനാട്, കരുനാഗപ്പള്ളി, ചെങ്ങന്നൂർ, ചടയമംഗലം, തെന്മല, തലവൂർ, ഏനാത്ത്, പനവേലി, തിരുവൻവണ്ടൂർ, മൂവാററുപുഴ, പുലമൺജംഗ്ഷൻ, ഹരിപ്പാട്, തൊടുപുഴ, രാജപാളയം, കുണ്ടറ, കുന്നിക്കോട്. പറക്കോട്, പന്തളം, പത്തനംതിട്ട, ചിരട്ടക്കോണം, കായംകുളം, തട്ടയിൽ, പത്തനാപുരം, മേപ്രാൽ, എടത്വാ. പുറക്കാട്, കോഴഞ്ചേരി, കൈയ്പ്പട്ടൂർ, ചങ്ങനാശേരി, മുളവന, കടമ്പനാട്, എസ്. എൽ. പുരം, തണ്ണീർമുക്കം, പൂഞ്ഞാർ.

**പ്രൊപ്രൈറ്റർ, പി. ഒ. തോമ്മസ് വൈദ്യൻ,**

(വൈദ്യകലാനിധി)


നകിയമ്മ, എക്സിക്യൂട്ടീവ് എൻജിനീയർ പി. കെ. വിക്രമൻനായർ, ഡെപ്യൂട്ടി സ്ക്രട്ടറി ററി ആർ. സുകുമാരൻനായർ, ഡപ്യൂട്ടി കളക്ടറായിരുന്ന എൻ. പി. ചെല്ലപ്പൻനായർ, ഫിസിക്കൽ ഡയറക്ടറായിരുന്ന പി.കെ. അലക്സാണ്ടർ, ദേവസ്വത്തിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥനായിരുന്ന ശങ്കുണ്ണിമേനോൻ തുടങ്ങിയവരായിരുന്നു അഭിനേതാക്കൾ, തിരുവനന്തപുരത്തെ സംസ്ക്കാരസമ്പന്നരായ പൌരജനങ്ങൾ, നാടകവും നാടകാഭിനയവും മുക്തകണ്ഠം വാഴ്ത്തി. ശ്രീചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ട്, അമ്മമഹാറാണിയോടും സഹോദരി കാർത്തികതിരുനാൾ തമ്പുരാട്ടിയോടും ഇളയരാജാവിനോടുംകൂടി, ഒരിക്കലല്ല, രണ്ടുപ്രാവശ്യം കൗതുകപൂർവ്വം ഈ നാടകം അഭിനയിച്ചുകണ്ടു. കലാമർമ്മജ്ഞനായ സർ. സി. പി. രാമസ്വാമി അയ്യർ തുടങ്ങി പലരും നാടകത്തേയും നാടകാഭിനയത്തേയും പററി വളരെ നല്ല അഭിപ്രായം പറഞ്ഞു. ഇന്നത്തെ മന്ത്രിമാരിൽ ചിലരെങ്കിലും അന്ന് ആ നാടകാഭിനയം കണ്ടിരിക്കണം. അതിനുശേഷം കൊല്ലത്തേയും തക്കലയിലേയും നഗരനേതാക്കന്മാരുടെ അഭ്യർത്ഥനയനുസരിച്ച്, കൊല്ലത്തും തക്കലയിലും അതേ സമിതിതന്നെ ഈ നാടകം അഭിനയിക്കുകയുണ്ടായി. ഇന്നത്തെ നിയമമന്ത്രി ഈ നാടകം മദ്രാസിൽവച്ച് അഭിനയിച്ചിട്ടുണ്ട്. കേരളത്തിലും പുറമെയും ഇത്രയധികം അഭിനയിച്ച മറെറാരു മലയാളനാടകം കാണുകയില്ല. ഇരുപതുവർഷം കഴിഞ്ഞു. വള്ളിയും പുള്ളിയും മാറാതെയുള്ള പതിനൊന്നാമത്തെ പതിപ്പാണ് ഈ പുസ്തകം. ഇന്നുവരെ ആരും ഇതിൽ അശ്ലീലം കണ്ടെത്തിയിട്ടില്ല. കുട്ടിവായന ശീലിക്കാത്ത ഈ പോലീസുകാർ പറയുന്നതുകേട്ട്—

ഇൻ— ഷട്ടപ്പ്. നോ ആർഗുമെൻറ്, എൻെറ പോലീസുകാരാണ്, അശ്ലീലവും ലൈംഗികവും സംബന്ധിച്ചുള്ള പരമാധികാരികൾ.

1026— ഉത്തരവ്. ഞങ്ങളേക്കാൾ അശ്ലീലവും ലൈംഗികവും അറിയാവുന്നവർ ആരുണ്ട്. ഈ പുസ്തകവും ഇതിനെ തൊട്ടിരിക്കുന്ന പുസ്തകങ്ങളും എല്ലാം അശ്ലീലമാണെന്നു ഞങ്ങൾ വിധിക്കുന്നു.

985— ഉത്തരവ്. എല്ലാം കണ്ടുകെട്ടണം. കൂട്ടക്ഷരം വായിക്കാൻ വലിയ വിഷമം. ഇന്നാളിൽതന്നെ ഉത്തരവനുസരിച്ച് ഞാൻ കുറെ അശ്ലീലം കണ്ടു ബോധിപ്പിച്ചതു്, എൻെറ മോൻ ചെറുക്കനെക്കൊണ്ടു വായിപ്പിച്ചാ. എല്ലാം അങ്ങു കണ്ടുകെട്ടിയേച്ചാൽ പിന്നെ അശ്ലീലം പിടിക്കാൻ നടക്കേണ്ടാ.

2015— ഉത്തരവ്. ഈ അശ്ലീലംപിടി, ഒരു വിഷമംപിടിച്ച കാര്യമാ.

ഇൻ— ഏസ്. ഏസ്. മന്ത്രിയുടെ ആർഡർ, പ്രേമം, പ്രണയം എന്നൊക്കെ കണ്ടാൽ ഉടൻ പിടിച്ചുകൊള്ളണമെന്നാണ്. പള്ളിയിൽ വച്ചുള്ള കല്യാണമേ മേലാൽ പാടുള്ളു. നോ പ്രേമം.

2025— ഉത്തരവ്. എല്ലാം കണ്ടുകെട്ടി ബംഗ്ളാവിൽ കൊണ്ടുവരാം. (ചിരിച്ചിട്ട്) കൊച്ചമ്മയ്ക്കു വായിക്കാൻ കുറെ അശ്ലീലോം ലൈംഗികോം കൊണ്ടുചെല്ലണമെന്നത്തരവായിട്ടുണ്ട്. എൻെറ വീട്ടുകാരും കുറെ വേണമെന്നും ബോധിപ്പിച്ചു.

ഇൻ— അങ്ങു കൊണ്ടുവന്നിട്ട്, കുറെ ലൈംഗികവും അശ്ലീലവും നിങ്ങളും എടുത്തോളിൻ വീട്ടിൽ കൊണ്ടുപോകാൻ. എൻെറ ബംഗ്ളാവിലേക്കയക്കുന്നതിൽ, തകഴി, കേശവദേവ്, ബഷീർ, പൊൻകുന്നം വർക്കി, ഇവരുടെയെല്ലാം ലൈംഗികവും അശ്ലീലവും വേണം.

2015— ഉത്തരവ്. മർക്കോസിൻെറയും യോഹന്നാൻേറം സുവിശേഷോം മോശയുടെ പത്തുകൽപ്പനകളും ഒക്കെ ഇവിടെ ഇരുന്നോട്ടെ. ബാക്കിയെല്ലാം കെട്ടിയെടുക്കാം.

പുസ്തകശാലയുടെ ഉടമസ്ഥൻ, പാമ്പുചത്ത കാക്കലനെപ്പോലെ നോക്കിനിൽക്കെ പോലീസുകാർ അവിടിരുന്ന പുസ്തകങ്ങളെല്ലാം കെട്ടിയെടുത്തു വാനിൽ കയററി. മുററത്തു നിന്നവർ പരസ്പരം മന്ത്രിച്ചു.— "ഇനിയും അടിയും തൊഴിയും എന്തിനാ. രാജും അങ്ങു പുരോഗമിക്കവാ."

—o—

# ★ നേതാക്കൻമാർ ചതിച്ചു! ★

## കേന്ദ്രജീവനമുടക്കിനെ തുടർന്നുള്ള ചിന്താഗതി.

മൂന്നാംദിവസം പണിമുടക്കി. നാലാംദിവസം മുടക്കു തീർന്നു. അക്കൗണ്ടാപ്പീസിലെ ആക്ടിംഗ്ക്ലാർക്ക് ചെല്ലയ്യാ വീണ്ടും ജോലിക്കു ഹാജരായി.

സൂപ്രണ്ട്—: എന്താ വന്നതു്?

ചെല്ലയ്യാ— ജോലി ചെയ്യാൻ

സൂപ്രണ്ട്— ആരുപറഞ്ഞു?

ചെല്ലയ്യാ— ഞങ്ങളുടെ നേതാക്കന്മാരുടെ ആഹ്വാനം കിട്ടി സകലരും ജോലിക്ക് ഹാജരായിക്കൊള്ളാൻ.

സൂപ്രണ്ട്— എന്നാൻ ഇവിടെ ആഹ്വാനമല്ല ഒരു സസ്പെൻഷൻ ഓർഡറാണുള്ളതു്. അതിന്റെ തീരുമാനം വരെ നിങ്ങൾ വരണമെന്നില്ല.

ചെല്ലയ്യാ— എന്റെ ജോലി പോയോ?

സൂപ്രണ്ട്— പോയാലെന്താ? ആദായം കുറഞ്ഞിട്ടല്ല പണിമുടക്കിയതു്? കൂടുതലാദായമുള്ള ഏതെങ്കിലും തൊഴിലിനു പോകാമല്ലോ?

ചെല്ലയ്യാ— സാറേ, അങ്ങനെപറഞ്ഞാൽ വേറെന്തു തൊഴിലിനു പോകാനാ?

സൂപ്രണ്ട്— ഞാനെങ്ങനറിയും. നേതാക്കന്മാർ ആ കാര്യത്തിലും ഒരാഹ്വാനം നടത്താൻ പറയണം,

ചെല്ലയ്യാ— അപ്പോൾ ഞാനിവിടെ നിൽക്കുകയേ വേണ്ടേ?

സൂപ്രണ്ട്— നിന്നേതീരുവെങ്കിൽ വരാന്തയിലെങ്ങാനും കുറച്ചുനേരം നിന്നോളൂ. മുറിക്കകത്തു കയറരുതെന്നേയുള്ളു.

ചെല്ലയ്യാ— (ദയനീയ സ്വരത്തിൽ) സാറേ!

അനന്തരം ചെല്ലയ്യാ ഇറങ്ങി മെയിൻറോഡു കവലയിൽനിന്നു. തപാൽ ശിപായി ചാക്കോയും റയിൽവേക്ലാർക്കു ഗോപാലപിള്ളയും ഒപ്പം വന്നുചേന്നു. അവരും ആഹ്വാനപ്രകാരം പണിമുടക്കിയവരാണ്.

ചാക്കോ— എന്നാചെയ്യാനാ

ഗോപാല— നേതാക്കന്മാരെ കണ്ടുപിടിക്കണം.

ചെല്ല— അവരു ബോംബേലോ മറ്റോ അല്യോ.

ഗോപാല— കമ്പിയടിക്കാം.

ചാക്കോ— അടിച്ചാലോ?

ഈ ഘട്ടത്തിൽ ഒരു ജീപ്പ് അതുവഴിവന്നു. അതിൽ എഴുന്നേററുനിന്നുകൊണ്ട് ഒരാൾ എന്തൊക്കെയോ വിളിച്ചുപറയുകയും ഒരു ലഘുലേഖ വിതരണം നടത്തുകയും ചെയ്യുന്നു. പണിമുടക്കുകാർ ശ്രദ്ധിച്ചു. അവരേപ്പററി എന്തോ പറയുകയാണ്.

ചെല്ലയ്യാ— അതെന്തുവാന്നു കേൾക്കാം.

ചാക്കോ— ഞാൻ വരുന്നില്ല. കേട്ടതൊക്കെ മതി.

ഗോപാല— ഇങ്ങോട്ടാ വരുന്നതു്. വല്ല ആഹ്വാനവുമായിരിക്കും.

ചാക്കോ— ഇവിടെങ്ങും കല്ലുപോലുമില്ലല്ലോ രണ്ടേറെങ്കിലും കൊടുക്കാൻ.

ജീപ്പ് അടുത്തുകൂടെ കടന്നുപോയി. നാലഞ്ചു ലഘുലേഖ അവരുടെ മുമ്പിലും വീണു. ഒരെണ്ണമെടുത്ത് മൂന്നുപേരും കൂടി വായിച്ചുനോക്കി. വെണ്ടയ്ക്കാ തലക്കെട്ടിൽ രണ്ടു കാര്യങ്ങൾ അതിലച്ചടിച്ചിട്ടുണ്ട്. "ജീവനക്കാരോട് ഒരാഹ്വാനവും പൊതുജനങ്ങളോട് ഒരഭ്യർത്ഥനയും" ആയിരുന്നു അതു്. ജീവനക്കാർ ചുമതലാബോധത്തോടുകൂടി ജോലിചെയ്യണമെന്നും സർക്കാർ സൗജന്യനിലയിൽ പെരുമാറുമെന്നു വിശ്വസിക്കുന്നെന്നുമായിരുന്നു ആഹ്വാനത്തിന്റെ ചുരുക്കം. അഭ്യർത്ഥനയിലാണ് കൂടുതൽ സാഹിത്യം കലർന്നിരുന്നതു്. നേതാക്കന്മാരുടെ നിർദ്ദേശം തെററിദ്ധരിച്ചു ഏതാനും ജീവനക്കാർ നശീകരണപ്രവർത്തനത്തിൽ ഏർപ്പെട്ടെന്നും അവരെ ഡിസ്മിസ്സ്ചെയ്യേണ്ടിവന്നേക്കാൻ ഇടയുണ്ടെന്നും അവരെയും അവരുടെ കുടുംബത്തെയും രക്ഷിക്കാൻ ഒരു നിധിയുണ്ടാക്കേണ്ടതുണ്ടെന്നും അതിലേക്കു പൊതുജനങ്ങൾ ഉദാരമായി സംഭാവനചെയ്യണമെന്നുമായിരുന്നു സാരം.

ചാക്കോ— കണ്ടോ ഗോപാലപിള്ളേ നമ്മുടെ ജോലി പോയാലും നേതാക്കന്മാർക്കു കൊയ്ത്താ.

ചെല്ലയ്യ— നമ്മേ സഹായിക്കാനാ.

ഗോപാലപിള്ള— ഈ പിരിവോ? ഒററച്ചില്ലി നമുക്കു കിട്ടുകില്ലെടോ ഒറാച്ചില്ലി. അവക്കു വിമാനം കേറാനും ക്യാമ്പുതുടങ്ങാനുമൊക്കെയാ ഈ പിരിക്കുന്നതു്.

ചെല്ലയ്യാ— എന്നാ നമുക്കിതു് തടയണം.

ചാക്കോ— എന്തിനാ അവരെങ്കിലും കഴിഞ്ഞോളട്ടെ.

ഗോപാ— നമ്മളോ?

ചാക്കോ— ചുമടെടുപ്പോ മറേറാ ശീലിക്കണം.

ചെല്ലയ്യാ— ഞാനതല്ലാ നിശ്ചയിച്ചിരിക്കുന്നതു്. ഇന്നുമുതൽ വിപ്ലവമാ, വെറും വിപ്ലവമല്ല, കണ്ടാലുടൻ കൊല്ലുന്ന വിപ്ലവം. ഒരൊററ നേതാവിനേം വിടത്തില്ല. എന്നെ വഴിയാധാരമാക്കിയതുംപോരാ എന്റെ പേരിൽ പണംപിരിച്ചു സുഖിക്കാനുംകൂടെയാണോ ഭാവം,

ചാക്കോ— ചുമ്മാ പൊല്ലാപ്പൊന്നുമുണ്ടാക്കാതെ അറിയാവുന്ന തൊഴിലുവല്ലതുമുണ്ടെങ്കിൽ അതു നോക്കി പിള്ളേക്കും പെണ്ണുമ്പിള്ളയ്ക്കും അരിവാങ്ങിച്ചുകൊടു്. ഒരു നേതാവിനെ കൊന്നാൽ ഒമ്പതെണ്ണം പകരം വരും. അത്രയ്ക്കാദായമുള്ള പണിയാ അതു്.

ചെല്ലയ്യാ— അതറിയാമായിരുന്നെങ്കിൽ നമുക്കും അതുമതിയായിരുന്നല്ലോ.

ഗോപാല— എന്തു ചെയ്യാം? അറിഞ്ഞുകൂടല്ലോ.

ചാക്കോ— ആമേൻ! ഞാനിതാ പോകുന്നു, ഒരു ചുമടെങ്കിലും കിട്ടുമോന്നു നോക്കട്ടെ. —o—

FOR
LINE
HALF-TONE
TRI-COLOUR and
ENGRAVING BLOCKS
CINEMA SLIDES, RUBBER STAMPS etc.
PLEASE CONTACT:—
ANTONEYS STUDIO
BLOCK MAKERS
KOTTAYAM PHONE 720

# മാസവിശേഷങ്ങൾ

ആലപ്പുഴ— സ: എം. ററി. ചന്ദ്രസേനനെ അറിയാത്തവർ ചുരുക്കമാണ്. ഇത്ര എളുപ്പം നേതാവായിത്തീരുവാൻ മററാർക്കും സാധിച്ചിട്ടില്ല, തന്നെയുമല്ലാ ഏതെല്ലാം സംഘടനകളുടെ നേതാവാണ് ചന്ദ്രസേനൻ. സ്ഥലത്തെ ബോട്ട് ക്രൂ അസോസിയേഷൻ സ്ഥലവും കെട്ടിടവും ആരുടെപേരിലാണിരിക്കുന്നത്. എല്ലാവിധ സുഖസൗകര്യങ്ങളും പ്രതീക്ഷിക്കാത്ത വിധത്തിൽ ചന്ദ്രസേനനുണ്ട്. അല്പന് അൽപ്പം ഭാഗ്യം കിട്ടുമ്പോൾ അർദ്ധരാത്രിയിൽ കുടപിടിക്കും എന്നൊരു പഴമൊഴിയുണ്ട്. ആളിൻെറ നടപടിയിൽ മാററംവന്നു, പെരുമാററത്തിൽ മാററംവന്നു: ഇനി ഇപ്പോൾ ആദ്യഭാര്യയേയും മൂന്നു കുട്ടികളേയും ഉപേക്ഷിച്ച് ഒരു വിവാഹംകൂടി നടത്തുവാൻ പോകുന്നതായി അറിയുന്നു. അനാഥയായ ആദ്യഭാര്യ ന്യായാധിപന്മാരെ സമീപിച്ച് ഭാവികാര്യങ്ങളെപ്പററി ആലോചിച്ചുവരുന്നതായും അറിയുന്നു. ചന്ദ്രസേനൻ ഒരു കുബേരകുമാരനല്ലാ, കഴിവുകൊണ്ട് ഈ സ്ഥാനത്തെത്തിച്ചേർന്നിട്ടുള്ള ആളല്ലാ. ഇന്നാട്ടിലെ അദ്ധ്വാനിക്കുന്ന തൊഴിൽവിഭാഗം ചന്ദ്രസേനനെയും ഒരു നേതാവാക്കി. എന്നാൽ ഒരു യഥാർത്ഥ കമ്മ്യൂണിസ്ററുകാരൻെറ നടപടികൾ കുന്നുമല്ലാ ചന്ദ്രസേനൻെറ നടപടികൾ. തക്കതായ തെററുകൾ ഇല്ലാതെ സ്വന്തം ഭാര്യയെ സ്വയം ഉപേക്ഷിക്കുകയാണെങ്കിൽ ബഹുമാന്യനായ നേതാവിനെപ്പററി മനുഷ്യൻ എന്തു വിധിയെഴുതുമെന്ന് അനുഭവത്തിൽക്കൂടി അറിയുവാൻ സാധിക്കുന്ന ഒരു കാര്യമാണ്. കമ്മ്യൂണിസ്ററുകാരനായിരുന്നാലും കാൺഗ്രസ്സുകാരനായിരുന്നാലും ആദർശത്തിന് വിപരീതമായി മുന്നോട്ടുപോകുവാൻ ശ്രമിക്കരുത്. അത് അപകടമാണ്. ചന്ദ്രസേനൻ ചെറുപ്പമാണ് വളരുവാൻ ഇനിയും സാദ്ധ്യതയുണ്ട്. സത്യത്തെയും ധർമ്മത്തെയും നിലനിർത്തി മുന്നോട്ടുപോകുവാൻ ശ്രമിക്കുക അതാണ് ഉത്തമം.

സ്ഥലത്തെ ഡിസ്ട്രിക്ട് ആശുപത്രി ധർമ്മാശുപത്രിയെന്നാണല്ലോ പറയുന്നത്. സ്വന്തം അനുഭവത്തിൽക്കൂടി ഒരൊററ മനുഷ്യൻപോലും ധർമ്മാശുപത്രിയാണെന്നു പറയുവാൻ സാദ്ധ്യമല്ലാ. ഐക്യകക്ഷികളുടെ ഭരണകാലത്തും അത്താഴപ്പട്ടിണിക്കാരന് ധാർമ്മാശുപത്രികൊണ്ട് പ്രയോജനം ഇല്ലെങ്കിൽ ആ ധർമ്മാശുപത്രി എന്നുള്ള പേരു മാററുന്നതാണ് നല്ലത്. ചില തല്പരകക്ഷികളുടെ പരിശ്രമഫലമായി കളക്ടറേററ് എവിടെയോ പൊക്കിക്കൊണ്ടുപോകുവാൻ ആലോചനയുള്ളതായി അറിയുന്നു. പുതിയ സ്ഥലത്തേക്ക് കളക്ടറേററ മാററുന്നതിൽ നാട്ടുകാരിൽ ഭൂരിപക്ഷം ആളുകളും എതിരാണ്. ഒരു കളക്ടറേററിന് ഇത്രയും സൗകര്യപ്രദമായ സ്ഥലം മറെറങ്ങും തന്നെ ഉണ്ടാകുവാൻ പോകുന്നില്ലാ, ജനതയുടെ താല്പര്യത്തിന് വിപരീതമായി കളക്ടറേററ മാററുന്നതും യുക്തിപൂർവ്വമായിരിക്കുകയില്ലാ. സ്ഥലത്തെ കോൺഗ്രസ്സ് നേതാക്കന്മാരും കഴിഞ്ഞ കാലാനുഭവങ്ങൾ മറന്നു മുന്നോട്ടുപോകുവാൻ ശ്രമിക്കരുത്. വർഗ്ഗീയചിന്താഗതിയില്ലാതെ മുതലാളിയും തൊഴിലാളിയും സമം എന്നുള്ള തത്വത്തിൽ മുന്നോട്ടുപോകുന്നത് ഉത്തമം. രഹസ്യങ്ങൾ പലതും സരസൻ അറിയുന്നുണ്ട്. ആലപ്പുഴ പട്ടണത്തിലെ ആദ്യത്തെ റോഡിൽ ചില വേലിക്കെട്ടുകളും, തോടുകളും മററും കണ്ടുവരുന്നു. പി. ഡബ്ളിയു. ഡി. ഇറിഗേഷൻ ഡിവിഷനിലെ ഉദ്യോഗസ്ഥന്മാരുടെ ആഫീസുസമയങ്ങളിലുള്ള നടപടികൾ എക്സിക്യൂട്ടീവ് എൻജിനീയറുടെ ശ്രദ്ധയിൽപെട്ടാലും. അമ്മായി വേലുപ്പിള്ളയുടെ വീട്ടിൽ ഇപ്പോൾ പഞ്ചസാരവിതരണം ഉണ്ടോ, ആൾക്കൂട്ടം കൊണ്ട് സരസൻ ചോദിച്ചുപോകുന്നതാണ്. സ്ഥലത്തെ ചില ഉദ്യോഗസ്ഥന്മാർക്ക് ഇതു കൂടിയേതീരു........(ശീമമദ്യങ്ങൾ) ഇതില്ലെങ്കിൽ ജീവിക്കുവാൻ പ്രയാസമായിരിക്കും.

കലവൂർ— മാരാരിക്കുളം എം. എൽ.എ. അസംബ്ളിയിൽ പല പ്രസംഗങ്ങളും നടത്തുന്നുണ്ട്. എന്നാൽ ഈ മണ്ഡലത്തിലുള്ള ജനങ്ങളുടെ ആവശ്യങ്ങളും പ്രസംഗിച്ചുകാണുവാൻ ആഗ്രഹിക്കുന്നു. അദ്ദേഹം എം. എൽ. എ: ആയതു് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ റിസർവ്വുസീററിൽ നിന്നല്ലാ. ദയവായി മണ്ഡലം വിസ്മരിക്കരുത്.

ചേർത്തല— സമർത്ഥനായ പോലീസ് ഇൻസ്പെക്ടർ ശ്രീ. ഋഷികേശൻ നായർ രണ്ടുവർഷമെങ്കിലും സ്ഥലത്തിരുന്നാൽ രഹസ്യമായുള്ള പല കേസുകളും വെളിയിൽ വരുമെന്ന് ജനശബ്ദം. ഇൻസ്പെക്ടർ വാദിയേയും പ്രതിയേയും


## ഉഷാ ജ്യൂവലറിയുടെ

## വിജയകരമായ 2-ാമത്ത് സ്വർണ്ണാഭരണവിതരണപദ്ധതി

### ആദ്യനറുക്കെടുപ്പ് 1960 സെപ്തംബർ ആദ്യവാരത്തിൽ

**7-50** രൂപാമുടക്കി **300** രൂപയുടെ സ്വർണ്ണാഭരണങ്ങൾ യാതൊരു ബാദ്ധ്യതയും കൂടാതെ സമ്പാദിക്കുക. ആദ്യനറുക്കെടുപ്പിൽ വിജയിക്കുന്ന അംഗത്തിന് **501** രൂപയുടെ സ്വർണ്ണാഭരണങ്ങൾ ലഭിക്കുന്നതാണ്. നിരാശപ്പെടുവാതെ ഉടൻതന്നെ ഞങ്ങളുടെ ഈ ലാഭപദ്ധതിയിൽ ചേരുക.

കൂടുതൽ വിവരങ്ങൾക്ക് 8 ന: പൈസാ സ്റ്റാമ്പുസഹിതം അപേക്ഷിക്കുക.

*Prop: M. A.* വേലായുധൻ, ഉഷാജ്യൂവലറി, പാലസ്റോഡ്-ചങ്ങനാശേരി.

സമീപിക്കുമ്പോൾ ശരിയും തെററും അറിഞ്ഞുവേണം മേൽ നടപടി എടുക്കുവാൻ. സത്യസന്ധനായ ഒരു ഉദ്യോഗസ്ഥന്റെ കടമ അതാണ്. ഒരു ഡിപ്പാർട്ടുമെന്റിലുള്ള ഉദ്യോഗസ്ഥന്മാർ തമ്മിൽ പരസ്പരം മത്സരിക്കാതെ നിയമാനുസൃതമായ നടപടികളിൽകൂടി മുന്നോട്ടുപോകുവാൻ ശ്രമിക്കണം. കഴിഞ്ഞമാസം 15-ാംനു- രാവിലെ 9 മണിക്ക് ആലപ്പുഴയിൽ രണ്ടു മാന്യന്മാർവന്ന ലാംബ്രററാ K. L. A. 282-ം, പ്രൈവററു ബസ്സ്സ്റ്റാന്റിനു പടിഞ്ഞാറുനിന്നും കിഴക്കോട്ടുവന്ന M. D. C. 314-ം തമ്മിൽ ഇടിച്ചു ഇടിഭയങ്കരംതന്നെ! ഇതിന്റെ ശരിയും തെററും എന്തെന്നു് നാട്ടുകാക്കു് അറിയാം അതുകൊണ്ടു പോലീസ് നിഷ്പക്ഷമായി ഈ കേസ് കൈകാര്യം ചെയ്യേണ്ടതാണ്. സ്ഥലം ഇടത്തിൽ ക്ഷേത്രത്തിനു സമീപം തൈപ്പള്ളിവീട്ടിൽ താമസിച്ചിരുന്ന ചെട്ടിയാരുടെ മരണം, സംശയാസ്പദമായ മരണമാണെന്നു് നാട്ടിൽ സംസാരമുണ്ടു്. ഇതിന്റെ പിന്നിൽ ചില നാടകങ്ങളുണ്ടെന്നറിയുന്നു. പോലീസുമന്ത്രി ശ്രദ്ധിച്ചാലും. റിട്ടയാർഡ് ട്രാൻസ്പോർട്ടു ഡ്റൈവർ ശ്രീ. പത്മനാഭപിള്ളയുടെ മകളും, ചേർത്തല കനകം സിസ്റ്റേഴ്സ് &പാർട്ടിയിലെ കാഥികയുമായ കുമാരി കനകമ്മയും, ഹരിജൻ വെൽഫയർ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള കോട്ടേജ് ഇൻഡസ്ട്രിയൽ സെന്ററിലെ കാർപ്പെന്ററി സെക്ഷൻ ഇൻസ്ട്രക്ടർ ശ്രീ. ശ്രീധരനും തമ്മിലുള്ള വിവാഹം കഴിഞ്ഞമാസം 22-ാംനു- വ്യാഴാഴ്ച വൈകിട്ടു് ഏഴരമണിക്കു് കോൺഗ്രസ്സ് പ്രവത്തകരുടെയും മററു പൊതുജനങ്ങളുടെയും സാന്നിദ്ധ്യത്തിൽ നടന്നിരിക്കുന്നു വധു നായർ സമുദായാംഗവും, വരൻ വിശ്വകർമ്മസമുദായത്തിൽപെട്ട അംഗവുമാണ്. സൌത്തു് N. B. S. ലെ മത്തായി സാറെ, കുട്ടികൾക്കു് കഞ്ഞികൊടുക്കുന്ന ടെൻറർ കിട്ടാത്ത അമർഷം വലിയ ചങ്ങഴിവെച്ചു് അളന്നു് എടുക്കാമെന്നു് വിചാരിക്കരുതു്.

കൊക്കോതമംഗലം— വെള്ളിയാകുളം ചേന്നോത്തു് കുളർഗ്രന്ഥശാല അഭിവൃദ്ധിയിൽ. കെട്ടിടം ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ ഊർജ്ജിതമായി നടക്കുന്നു. മഹാമനസ്ക്കരായ പൊതുജനങ്ങൾ ഉദാരമായ സംഭാവനചെയ്യേണ്ടതാണ്.

മുഹമ്മ— സ്ഥലത്തെ വനിതാസമാജത്തിലെ തയ്യൽമാസ്റ്റർ തോമ്മസ് നടപടികൾ ശുദ്ധീകരിച്ചില്ലെങ്കിൽ സരസൻ കാര്യങ്ങൾ തുറന്നുപറയേണ്ടിവരുമെന്നു് തൽക്കാലം.

മുട്ടത്തിപ്പറമ്പു്— ഐസക്കുസാറിന്റെ നടപടികളിലെല്ലാം നാട്ടുകാർ എതിരാണ്. സ്വയം അർഹിക്കുന്ന സ്ഥാനത്തിനു് വിപരീതമായി മുന്നോട്ടുപോകുവാൻ ശ്രമിക്കരുതു്.

പട്ടണക്കാട്ട്— V. A. S. തിയേററർ കാപ്പറേററവടെ പേരിൽ വന്നിട്ടുള്ള പരാതികൾ സരസൻ അന്വേഷിക്കുന്നതാണ്.

തുറവൂർ— സ്ഥലത്തു് മദ്യപാനികളുടെയും മോഷ്ടാക്കളുടെയും ശല്യങ്ങൾ വർദ്ധിച്ചുവരുന്നു. പോലീസ് ശ്രദ്ധിച്ചാലും.

ചൂളത്തെരുവ്— മുരിങ്ങച്ചിറയിൽ ചൂതുകളിക്കാരുടെ ബഹളമേ ബഹളം. ഈ ചൂതുകളി പോലീസ് ശ്രദ്ധിച്ചില്ലെങ്കിൽ പല അനിഷ്ടസംഭവങ്ങളും ഉണ്ടാകാനിടയുണ്ടു്.

ഹരിപ്പാട്ട്— ഗവമ്മെൻറു് ആശുപത്രിയിൽ രോഗികളുടെ ആവശ്യത്തിനായി സ്റ്റോക്കുചെയ്തിട്ടുള്ള മരുന്നുകളും മററും വെളിയിൽ വില്പന നടക്കുന്നതായി ജനശബ്ദം. മെഡിക്കൽ ആഫീസർ ശ്രദ്ധിച്ചാലും.

പൊന്നാംവെളി— 173-ാംനമ്പർ ന്യായവിലഡിപ്പോയിൽ വരുന്ന സാധനങ്ങൾ ന്യായവിലയ്ക്കു വിതരണം ചെയ്യുവാനുള്ളതാണോ, അന്യായവിലയ്ക്കു വിതരണം ചെയ്യുവാനുള്ളതാണോ.

മാവേലിക്കര— പബ്ളിക്കു് സ്ഥാപനങ്ങൾ ധാരാളമുള്ള സ്ഥലമാണ് ഇതു്. നഗരശുചീകരണകാര്യത്തിൽ ഇപ്പോൾ നഗരസഭയ്ക്കു് ശ്രദ്ധയേ ഇല്ലാതായിത്തീർന്നിരിക്കുന്നു. ഈ നഗരസഭകൊണ്ടു് പൊതുജനങ്ങൾക്കു് ഒരുപകാരവും ഇല്ലാതായിത്തീർന്നിട്ടുണ്ടു്. ഉയർന്ന ഒരു ഉദ്യോഗസ്ഥനും തന്റെ കർത്തവ്യമെന്തെന്നു മറന്നുപോയോ.

കായംകുളം— നഗരസഭയുടെ അന്നുമിന്നുമുള്ള കാര്യങ്ങൾ സരസൻ അറിഞ്ഞുവരികയാണ്. മുനിസിപ്പൽ കമ്മീഷണരും ചെയർമാനും അവരവക്കുള്ള സ്ഥാനം ദുർവിനിയോഗിക്കരുതു്. ജനഹിത താൽപ്പര്യത്തിനു് വിപരീതമായി മുന്നോട്ടുപോകുവാൻ ശ്രമിക്കരുതു്.

കാർത്തികപ്പള്ളി— തോപ്പിൽ പാപ്പരുടെ തേയിലക്കച്ചവടത്തിൽ കപടങ്ങളും കൗശലങ്ങളും ഉണ്ടെന്നും പൊതുജനങ്ങളെയും സർക്കാരിനെയും വഞ്ചിക്കുന്ന വിരുതനാണെന്നും ജനശബ്ദം.

തൃക്കുന്നപ്പുഴ— സ്ഥലം പോസ്റ്റാഫീസിലെ പട്ടിയുടെ കടികാരണം നാട്ടുകാർക്കു് പോസ്റ്റാഫീസിൽ വരുവാൻ ഭയമായിരിക്കുന്നു. മിസ്ട്രസ്സ് കൃത്യനിഷ്ഠ പാലിക്കുന്നില്ലെന്നും നാട്ടുകാർക്കു പരാതിയുണ്ടു്.

തേവലക്കര— കേരള ആയുർവ്വേദമണ്ഡലം ജന: സെക്രട്ടറി ശ്രീ. കേശവപിള്ളയുടെ ജനതാഫാർമസി കരുനാഗപ്പള്ളിയിൽനിന്നും - ചവറ—ശാസ്താംകോട്ട റോഡരുകിൽ തേവലക്കര പ്ളാക്കാട്ടുമേടയിലേക്കു് മാററിയിരിക്കുന്നു.

പാണാവള്ളി— ആന്ദിലത്തോടിനു സമീപമുള്ള മത്സ്യചന്തയാൻ വരുന്ന സ്ത്രീകളെ കാണുന്നതിനു കാത്തിരിക്കുന്ന പൂവാലന്മാരുടെ പേരുവിവരം അടുത്തതിൽ. ചക്കാത്തു നിത്തണേ!

പൂച്ചാക്കൽ— ചന്തയിലെ ചില പച്ചക്കറിമാർക്കററകാർക്കും ചില മുതലാളിമാർക്കും സരസൻ ചക്കാത്തുവായിക്കണമെന്നു് വലിയ ഒരു നിർബന്ധം. ഡാക്ടർസാറിന്റെ ഡിസ്പൻസറിയിലെ നേഴ്സിന്റെ വിലാപവും അടിലഹളയും സരസൻ അറിയുന്നു. അങ്ങാടിയിൽ തോററതിൽ ........ടേ്

തൈക്കാട്ടുശേരി— സ്ഥലത്തെ കടകളിൽനിന്നും പതിവായി നടത്തിവരുന്ന സരസൻ മോഷണവും ചക്കാത്തുവായനയും അഭിവൃദ്ധിയിൽ. മദ്യപാനികളുടെ ശല്യം നിമിത്തം സ്ത്രീകൾക്കു് വഴിനടക്കുന്നതിനു നിവൃത്തിയില്ലെന്നു് ഒരു പൊതുജനസംസാരം. സ്ഥലത്തെ വായനശാലാപ്രവത്തനം അഭിവൃദ്ധിയിൽ. ഭാരവാഹികൾക്കു് സരസന്റെ അഭിനന്ദനം.

തുറവൂർ— സ്ഥലത്തു് ചില തോട്ടുമുതലാളിമാർക്കും ചില കച്ചവടക്കാർക്കും സരസനോടു് ഒരു ഓക്കാനം. ചാവടിയിലെ ജൗളിക്കടമുതലാളിയുടെ ചക്കാത്തുവായനയും തട്ടിപ്പും വെട്ടിപ്പും സരസൻ അറിയുന്നു. കള്ളി വെളിയിലാകുമേ! ബോട്ടുകടവിൽ ചില വള്ളക്കാർ പൊതുജനങ്ങളോ. വിശിഷ്യാ സ്ത്രീകളെ വിമർശിക്കുന്നതു് അധികാരികളുടെ പിൻതുണയോടുകൂടിയാണെന്നു് ഒരു പൊതുജനസംസാരം.

അരൂക്കററി— മാറത്തിഭാഗം പബ്ളിക്കുമാർക്കററിനു സമീപം ഒരുകൂട്ടം പൂവാലന്മാരുടെ കാത്തിരിപ്പുകാരണം സ്ത്രീകൾക്കു ചന്തയിൽ പോകുന്നതിനു് നിവൃത്തിയില്ലാതായി ത്തീർന്നിരിക്കുന്നു. അരൂക്കററി പോലീസ് ശ്രദ്ധിക്കണം. സ്ഥലത്തും പരിസരത്തും മോഷണവും വർദ്ധിച്ചുവരുന്നു.

എരമല്ലൂർ— കോസ്റ്റൽ കവലയിൽ ഒരു വെയിററിംഗ് ഷെഡ്ഡ് ഇല്ലാത്തതിനാൽ പൊതുജനങ്ങൾ വളരെ ക്ലേശിക്കുന്നു. അധികാരികൾ ശ്രദ്ധിക്കണം.

കുത്തിയതോട്— സ്ഥലം ചാരായഷാപ്പിനു സമീപമുള്ള ബാർബർഷാപ്പിൽനിന്നും പുറപ്പെടുന്ന അശ്ളീലസാഹിത്യത്തിന്റെ മാറെറാലികാരണം അടുത്ത വൈദ്യശാലയിൽ വരുന്ന (സ്ത്രീകൾ അടക്കം) പൊതുജനങ്ങൾക്കു് വഴിനടക്കുവാൻ നിവൃത്തിയില്ല അധികാരികൾ ശ്രദ്ധിക്കണം.

തളിപ്പറമ്പു്— സരസൻ തുടങ്ങി കേരളത്തിലെ എല്ലാത്തരം മാസികകളും,

ആഴ്ചപ്പതിപ്പുകൾ, എക്സ്പ്രസ്സ്, തൊഴിലാളി, സുദർശനം, എന്നീ ദിനപ്പത്രങ്ങൾക്കും ന്യൂസ് കോർണർ സമീപിക്കുക.

മരുതമൺപള്ളി— അഖിലകേരള ശാസ്ത്രി-ഹയർ അസോസിയേഷൻ പ്രസിഡണ്ട് ശ്രീ. കെ. ചെല്ലപ്പൻപിള്ള മരുതമൺപള്ളിയും, ശൂരനാട്ടു പുളിന്താനത്തുവീട്ടിൽ ശ്രീ. പി. കുഞ്ചുപിള്ള അവർകളുടെ മകൾ ശ്രീമതി എൻ. പങ്കജാക്ഷിഅമ്മയും തമ്മിലുള്ള വിവാഹനിശ്ചയമനുസരിച്ചുള്ള ജാതകംവാങ്ങൽ കർമ്മം 1960 ജൂൺമാസം 25-ാംനു- വധൂഗൃഹത്തിൽവച്ച് നിരവധി മാന്യവ്യക്തികളുടെ സാന്നിദ്ധ്യത്തിൽ സമംഗളം നടന്നിരിക്കുന്നു.

വിതുര— ചായം പേരെത്തുപാറ ഇടറോഡിലെ തുടരെത്തുടരെയുള്ള സൈക്കിൾസവാരിയും മിന്നൽപ്രേമവും സരസനറിയുന്നുണ്ട്. നിറുത്തിവച്ചാൽ നല്ലത്. വിതുര സ്കൂളിലെ വിദ്യാർത്ഥികളുടെ കക്ഷിരാഷ്ട്രീയവും വടംവലിയും നല്ലതല്ല.

മാമ്മലശ്ശേരി— സ്ഥലത്തെ ഒരു പ്രഭു റൗഡികളെക്കൊണ്ട് കഷ്ടമായിട്ടു പെരുമാറുന്നത് സരസൻ അറിയുന്നു. ആ സാധുവിൻെറ ചായക്കട പൊളിച്ചതും മുളവെട്ടുകാരൻെറ അഞ്ചു രൂപാ വാങ്ങിച്ചതും അത്ര നല്ലതിനല്ല. നമ്മുടെ പണവും പ്രതാപവുമെല്ലാം ഈ രീതിയിലുള്ള പെരുമാററത്തിനല്ലാ എന്നുള്ള കാര്യം വിസ്മരിക്കരുത്. ശേഷം അടുത്തതിൽ. രാമമംഗലത്ത് സരസൻ വിശേഷാൽപ്രതി വേണ്ടവർ വി. വി. ചെറിയാൻെറ മുറുക്കാൻകടയിൽ അന്വേഷിക്കുക.

കോട്ടയം— ചെങ്ങളം ജനാർദ്ദനൻ കുമരകം വാസന്തിയെ വീട്ടുകാരിയാക്കാൻ ശ്രമിക്കുന്നതായി സ്വന്തക്കാരുടെയിടയിൽ ഒരു സംസാരം. കുടമാളൂർ മാളികയിൽനിന്നും ഒരു ഷൂ കണ്ടുകിട്ടിയിരിക്കുന്നു. ഉടമസ്ഥൻ വന്നു വാങ്ങാത്തപക്ഷം പേരുവിവരം പിന്നാലെ. ഒരു കുഞ്ഞൻ പോലീസുകാരൻെറ വീട്ടുകാർ യജമാനന്മാരെ കാണാൻപോകുന്നതായി അവരുടെയിടയിൽ ഒരു സംസാരം. കുമരകം സഖാവിയുടെ യൂണിയനാഫീസിലെ പോക്കും ഹോട്ടൽകേറാവും ബസ്സ്സ്റ്റാൻഡിൽ ഒരു ബഹളം. സി. എസ്സ്. മുതലാളി സിനിമാകഴിഞ്ഞ് കെ. എൽ [illegible] യും പിന [illegible]

രൂപാ സമ്പാദിച്ചതും പുതിയ കാമുകനെ അന്വേഷിച്ചു പുറപ്പെട്ടതിൽ വിജയാ ഹോട്ടലിൽ കണ്ടെത്തുകയും മാനേജരുടെ അദ്ധ്യക്ഷതയിൽ വിവാഹാലോചന നടത്തുകയും രൂപ വാങ്ങി ചായക്കട നടത്തിയതും അവസാനം രൂപയുമായി പുതിയ കാമുകൻ സ്ഥലംവിട്ടതും മനസ്സിലായി. വിശദവിവരം അടുത്തതിൽ. കാറിടിച്ച് അസ്ഥിയൊടിഞ്ഞ ഒരു പിഞ്ചുകുഞ്ഞിനെ യാതൊരു കുഴപ്പവുമില്ലെന്ന് "സർട്ടിഫൈ"ചെയ്ത് ഡ്രൈവറെ രക്ഷിച്ച കേശവപുരം ഡാക്ടറുടെ മനുഷ്യത്വത്തെ അഭിനന്ദിക്കേണ്ടതാണ്. സ്ഥലം ഇസ്പെക്ടർ ശ്രീ. വിജയൻ ചാർജ്ജെടുത്തതോടുകൂടി മദ്യപാനികളുടെ ശല്ല്യം കുറഞ്ഞെങ്കിലും ചില സ്ഥലങ്ങളിൽ ഇപ്പോഴും അഴിഞ്ഞാട്ടമുള്ളതായി അറിയാം. ചില ട്യൂട്ടോറിയൽകാളേജുകളിൽ വൃത്തികേടുകൾ നടന്നുവരുന്നു. വിശദവിവരം വേണ്ടിവന്നാൽ.... ചക്കാത്തുവായന നിറുത്തുന്നത് ആരോഗ്യത്തിനു നല്ലതാണേ.

നെടുംകണ്ടം— വലിയശാല സ്വദേശിയും ദേവികുളം നിയോജകമണ്ഡലത്തിലെ എക്സ്. എം. എൽ. ഏ-യുമായ മാന്യസുഹൃത്തിൻെറ ....നമ്പർ ബ്ലോക്കിലെ സ്ഥിരം താമസവും ആനിയമ്മ സോദരൻെറ പോസ്റ്റൽ കത്തിടപാടുകളും, ഉടുമ്പൻചോല ടി. എ. മേടിക്കലും ഇരുട്ടടിയും മാറും മറവും സരസനറിയുന്നുണ്ട്.

ബ്രഹ്മമംഗലം— സരസൻ ഓണം വിശേഷാൽപ്രതി ഏജൻറ് ഏ. കെ. ശിവരാമൻെറ പക്കൽ കിട്ടുന്നതാണ്. സ്ഥലത്തെ കറക്കുകമ്പനികൾ പുരോഗമനത്തിൽ. പേരുവിവരം അടുത്തതിൽ.

കൂടല്ലൂർ കവല— സരസൻ ഒററപ്രതിക്ക് പി. കെ രാഘവൻെറ മുറുക്കാൻകടയിൽ ആവശ്യപ്പെടുക.

പുന്നത്തുറ— സരസൻ ഒററപ്രതി ഏ. ആർ. കേശവൻനായർ ആൻഡ് ബ്രദേഴ്സിൻെറ ററീഷാപ്പിൽ കിട്ടുന്നതാണ്.

ചെങ്ങന്നൂർ— ഇവിടത്തെ കമ്മ്യൂണിസ്റ്റുപാർട്ടിയിൽനിന്നും പുറംതള്ളിയ ചിലർ എം. ആർ. ഏ-യുടെ പണവും വരുത്തി എക്സ്. കമ്മ്യൂണിസ്റ്റ്ഫോറം എന്ന മൂടുപടവും അണിഞ്ഞ് ഒരു പാർട്ടി ഉണ്ടാക്കുന്നുണ്ട്. പാർട്ടിഅംഗങ്ങളുടെ പേരും മുൻ ജീവിതകഥകളും അടുത്തതിൽ.

കല്ലൂർക്കാട്— സ്ഥലത്തെ കലാപ്രേമികളുടെ ഒരു യോഗം ശ്രീ. എം. ആർ. രാമൻകുട്ടിയുടെ വസതിയിൽ കൂടുകയും, "വിജയാ ബാലജന ആർട്ട്സ് ക്ലബ്ബ്" എന്ന പേരിൽ ഒരു കലാസംഘടന രൂപീകരിക്കയുംചെയ്തു.

മൂവാററുപുഴ— ഹെൽത്ത് രവിയുടെ സരസനോടുള്ള ഭീഷണി അത്ര പററിയതല്ല. സ്വീപ്പർ അലിയാരു് നിരപരാധിയാണേ.

പറക്കോട്— മെസ്സേഴ്സ് പൊന്നമ്മ കോഴഞ്ചേരിയുടെ ഏഴംകുളംനടനത്തിൽ പറക്കോട്ടും ഏഴംകുളത്തുമായി മുപ്പതോളം ചെറുപ്പക്കാരുടെ നടനമാട്ടമാണ് ഇവിടെ നടക്കുന്നത്. ഉത്തരവാദിത്വമുള്ള രക്ഷകർത്താക്കൾ ശ്രദ്ധിച്ചാൽക്കൊള്ളാം.

താമരക്കുളം— എൽ. പി. എസ്സ്-ലെ അദ്ധ്യാപകൻ കൃഷ്ണൻകുട്ടിനായരുടെ മർദ്ദനം ജാസ്തിയാണ്.

അമ്പലപ്പുഴ— കരൂർ റൗഡിമുക്ക് കുറഞ്ഞൊരുകാലമായി പയിക്കുളങ്ങര സെൻററിൽ ആയിത്തീർന്നിരിക്കുന്നു. പൂവാലന്മാരുടെ ശല്യങ്ങളും സരസനു മനസ്സിലായി. അടുത്തതിൽ.

പുല്ലാട്— ഹൈസ്കൂളിലെ ഒരു സംഘം....വിദ്യാർത്ഥികൾ കവലയ്ക്കു പടിഞ്ഞാറുവശത്തു കൂടിയിരുന്ന് അദ്ധ്യാപകരെ കളിയാക്കുക എന്നത് മുഖ്യതൊഴിലാണ്. എങ്കിലും അവരുടെ കലാപരമായ ചില്ലറ ബിസിനസ്സ് പുരോഗതി


**Guaranteed Postal Tutionin Accountancy**

# The Institute of Accountancy

**Mullakkal—Alleppey.**

(The only institution in Kerala imparting tution in accountancy by post)

Proudly announce the commencement of their next session from Third week of August, 1960. At the request of our former students we have decided to coach up students for Accountancy (Higher) also. For Prospectus apply:

The Correspondent.

യിൽ. സരസൻെറ പള്ളയ്ക്കു തല്ലരുതേ.

സദാനന്ദപുരം— സരസൻ വാങ്ങി വായിക്കുന്നവർ ഏജൻറിനെ വിഷമിപ്പിക്കാതെ പൈസകൂടി കൊടുക്കണേ! സരസൻ ഒററപ്രതി പനവേലി ന്യൂസ് ഏജൻറ് എസ്സ്. കേശവൻ അവർകളുടെ സ്റ്റേഷനറിക്കടയിൽനിന്നും കിട്ടുന്നതാണ്.

ആററിങ്ങൽ— താസീൽദാർ പുതിയ ആൾ. ടൗണിനു പുറത്തു ചില കച്ചവടക്കാർക്കു് പഞ്ചസാര കൂടുതൽ കിട്ടുന്ന രഹസ്യം അന്വേഷിക്കണം. സബ് രജിസ്ട്രാർകച്ചേരിയിലെ കൈക്കൂലിപ്പാവിയെ ആൻറികറപ്ഷൻ നോട്ടമിട്ടിട്ടുണ്ട്. P. W. D ആഫീസിൽ അല്പവാ പൊതിഞ്ഞു വാങ്ങുന്ന ഒരു വീരനുണ്ടല്ലോ. ഇതാന്നെഴുതണോ? താലൂക്കിലെ ക്യാഷ്‌വൗച്ചർഫെയിം പുതിയ വ്യവസായം തുടങ്ങിയതായറിഞ്ഞു! ആ പയ്യൻ ഇവിടിരുന്നോട്ടെ. വക്കീൽ അറിയരുതേ! ഗേൾസ് ഹൈസ്കൂൾ അദ്ധ്യാപികമാരുടെ സൗന്ദര്യമത്സരം കൊള്ളാം. അടുത്തകൊല്ലം വിജയശതമാനം മൂന്നിലാകരുതേ! ഹൈസ്കൂളിലെ "ലൊട്ടുലൊടുക്ക"കുതിരയ്ക്കു് തെക്കേ ഗേററിൽ ഒരു ടെയിലറിംഗ് താവളം. നടക്കട്ടെ! സബ്ജയിലിൽനിന്നും വെളിച്ചെണ്ണവരെ ചോരുന്നുപോലും! വാസ്തവം അന്വേഷണത്തിൽ. കെ. സി.; ഡി. ബി. ഭാഗ്യക്കുറി ടിക്കററുകൾക്കു് സരസൻ ഏജൻറിനെ സമീപിക്കുക.

കുടശ്ശനാട്— കുടശ്ശനാടു കേന്ദ്രമാക്കിയുള്ള കുടിപ്പള്ളിക്കൂടം ആശാൻ സംഘടനയുടെ ഒരു ശാഖ പത്തനാപുരത്തും ആഗസ്റ്റുമാസംമുതൽ തുടങ്ങുന്നതിനാൽ പരിസരത്തുള്ള എല്ലാ ആശാന്മാരും പ്രസ്തുത സംഘടനയിൽ ചേരണമെന്നു് യൂണിയൻപ്രസിഡണ്ടിൻെറ ഒരറിയിപ്പിൽ പറയുന്നു.

ഉപ്പുതറ— ഒൻപതേക്കറിലെ കാളവണ്ടിക്കാരൻ പുതിയ ജോലി തുടങ്ങിയിരിക്കുന്നതു് ഇപ്പോൾ പണം കുറവായതുകൊണ്ടായിരിക്കാം. പണി കൊള്ളാം. പക്ഷെ സരസൻ ഏജൻറു് പാവമാണെന്നുംകണ്ടു് ചൂഷാകേറി ഒടക്കല്ലേ. സരസൻ ചക്കാത്തുവായനക്കാരുടെ പേരുവിവരം അടുത്തതിൽ.

കൊടുമൺ— റബ്ബർ പ്ലാൻേറഷനിലെ ഇപ്പോഴത്തെ ഏർപ്പാടു് കേൾപ്പോരും കേൾവിയുമില്ലാത്തരീതിയിലാണ്. ഒരു ദിവസം രാവിലെ പുഷ്പത്തടം രാഘവൻെറ പാർട്ടിക്കാരു് ജോലിക്കുചെല്ലുമ്പോൾ ബി. കെ. നായരുടെ പാർട്ടിക്കാരു് സ്റ്റേയുമായിട്ടാണു് ചെല്ലുന്നതു്. ജനനേതാക്കന്മാരുടെ ഒളിച്ചുകളികാരണം തൊഴിലാളികൾ വളരെ കഷ്ടപ്പെടുന്നു. ഗവമ്മെൻറിൻെറശ്രദ്ധപതിയണമെന്നഭ്യർത്ഥിക്കുന്നു.

## ഒരു ചരമം

ബംഗ്ലാവിൽ എൻ. എസ്. നായരുടെ ജ്യേഷ്ഠസഹോദരനും "ചിത്രഭാനു" പത്രാധിപരുമായ ശ്രീ. കെ. ജി. പിള്ള ഉദരസംബന്ധമായ ശസ്ത്രക്രിയയ്ക്കുശേഷം ഉള്ളൂർ ആസ്പത്രിയിൽവച്ചു് ജൂലൈ 14-ാംനു ഉച്ചയ്ക്കു് ദിവംഗതനായിരിക്കുന്നു. "രസിക"ൻെറ പ്രാരംഭം മുതൽ സബ്എഡിററായും, കഴിഞ്ഞ 17 വർഷമായി "ചിത്രഭാനു" മാനേജിംഗ് എഡിററായും മലയാളികളെ ചിന്തിപ്പിച്ചു ചിരിപ്പിച്ച മി. പിള്ളയ്ക്കു് 53 വയസ്സേ പ്രായമുണ്ടായിരുന്നുള്ളു. ബന്ധുമിത്രാദികളോടു് അനുശോചിക്കയും ആത്മാവിനു നിത്യശാന്തി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

---

തിരുവല്ലാ— 800-ൽപ്പരം വിദ്യാലയങ്ങൾക്കും 63 ലൈസൻസികൾക്കും പുസ്തകം വിതരണംചെയ്യാനുള്ള തിരുവല്ലം ബുക്കുഡിപ്പോയിൽ ജൂലൈ 15-നു ശേഷം ഒരു പുസ്തകംപോലും കിട്ടിയില്ലെന്നാണറിവു്. ദിവസംതോറും വരുന്ന ലൈസൻസികളെ സമാധാനപ്പെടുത്തി അയയ്ക്കുന്നതിൽ സ്റ്റോർകീപ്പറുടെ നയം അഭിനന്ദനീയംതന്നെ എന്നു് നാട്ടുകാരുടെ ഇടയിൽ ഒരു സംസാരം.

ഓണംതുരുത്തു കവല— ആട്ടുകാരൻ കവലയിലെ ബേബി! എന്താണു് ഇത്ര ബദ്ധപ്പാടു്. കർക്കടകമാസം കാലമാണേ! ശരീരവും മനസ്സും പണവും പാഴിലാക്കരുതേ! സ്വന്തംപേരിൽ പ്രേമക്കത്തെഴുതുന്നതും കാശു ചില വാക്കി കോട്ടയത്തുപോയി കത്തു് പോസ്റ്റുചെയ്തു് പാവം പോസ്റ്റുമാനെ ബുദ്ധിമുട്ടിക്കുന്നതും സരസനറിഞ്ഞു. മററു ചില കഥകൾ അടുത്തതിൽ.

തിരുവമ്പാടി— മദ്യനിരോധനമേഖലയിൽ നിയമംഗവമ്മെൻറു് ശക്തിപ്പെടുത്തുന്നു എന്നു് മന്ത്രി അസംബ്ലിയിൽ പ്രഖ്യാപിച്ചു. എന്നാൽ തിരുവമ്പാടിയെ സംബന്ധിച്ചു് കൃത്രിമമദ്യഉല്പാദനവും വില്പനയും വർദ്ധിച്ചുവരുന്നു. അത്തിപ്പാറ, പുല്ലൂരാംപാറ ഇവിടങ്ങളിൽ കൃത്രിമ മദ്യവില്പന ഹോൾസെയിൽ ഡിപ്പോകൾ നടത്തിവരുന്നതായി സരസൻ അറിയുന്നു. മുക്കം പോലീസ് ഈ കാര്യത്തിൽ ജാഗ്രതകാണിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

ആനിക്കാട്— കയ്യൂരിൽ ചില പൂവാലന്മാരുടെ രാവിലെയുള്ള കാത്തുനില്പും കൊടുങ്ങല്ലൂർക്കുള്ള യാത്രയും അവസാനിപ്പിച്ചാൽകൊള്ളാം. ചൊങ്ങിനാകുന്നേലെ ചാത്തനേരം, കൻകാലികളുടു് മാററിവയ്പും നിർത്തിയാൽ നന്നു്. പാവപ്പെട്ടവനെ ഉപദ്രവിക്കാതെ.

ചവറ സൗത്ത്— കരുനാഗപ്പള്ളി സർക്കിൾ ഇൻസ്പെക്ടർ മി. പരമേശ്വരൻനായരുടെ സത്യസന്ധതയോടും നിഷ്പക്ഷമായുമുള്ള ഭരണം ചില കുബുദ്ധികളുടെ കള്ളത്തരങ്ങൾക്കും കൊള്ളകൾക്കും തടസ്സമായിവന്നതിനാൽ കൃത്രിമം ചെയ്തു സ്ഥലംമാററാൻ ശ്രമിക്കുന്നതും സരസനറിഞ്ഞു. ചന്ദ്രനെക്കണ്ടു് വെറുതെ........! സ്ഥലം പഞ്ചായത്തു മിഡ്‌വൈഫിനെ പബ്ളിക്ക്സർവ്വീസിൽകൂടി സ്ഥലത്തുതന്നെ പബ്ളിക്ക് ഹെൽത്തു് മിഡ്‌വൈഫായി അവതരിപ്പിച്ച ഉദാരമതികളേ! ഈ നാട്ടിനു് എന്തെന്തു സൗഭാഗ്യം സാധിക്കും നീ!

ആനിക്കാട്— തുള്ളിക്കളത്തിലെ പൂച്ചപിടുത്തം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

വെള്ളിമല— വെള്ളിമലയും പരിസരങ്ങളിലും താമസിക്കുന്ന ഹരിജനങ്ങളുടെ സ്ഥലം കയ്യേറുന്നതിനു ചിലർ പ്ലാനിട്ടുവരുന്നതായി അറിയുന്നു. ഇതിനുമുമ്പും പല പ്രാവശ്യവും കയ്യേററശ്രമങ്ങൾ നടന്നിട്ടുണ്ടെങ്കിലും അതെല്ലാം പരാജയപ്പെടുകയാണുണ്ടായതു്.

ഈര— ഹേ! മാൻഷാ! ശൈത്യകാലത്തും ചൂടുണ്ടോ! കണ്ടതല്ല്യാ പറഞ്ഞതു്. നിങ്ങളുടെ തലയിൽ പൂടയുണ്ടെന്നു പറഞ്ഞില്ല. പിന്നെന്തിനാ മരണവെപ്രാളം എടുക്കുന്നതു്. നിങ്ങൾ അക്കൂട്ടരെ തൊടാതെയാണെന്നു മനസ്സിലായി. സൂക്ഷിച്ചോളു ഒരല്പം.

വൈക്കം— ചെമ്മനത്തുകരയിൽ ചില വീടുകളിൽ പല ജാതിക്കാരായ യുവാക്കളുടേയും ഏതാനും പോലീസുകാരുടേയും പാറുപാടി അരോഗ്യത്തിനു ഹാനികരമെന്നു നാട്ടുകാരുടെയിടയിൽ ഒരു സംസാരം, പേരുവിവരം അടുത്തതിൽ. അച്ഛ, കമ്മലകുസുമം ഏജൻറായ മി. പി. ജെ. ജോസഫിനെ സരസൻെറ ഏജൻറായി നിയമിച്ചിരിക്കുന്നു.

വാഴൂർ— വാഴൂർ കോ-ഓപ്പറേററീവ് സർക്കിൾ ഇൻസ്പെക്ടർ സാറെ! സർക്കാർ ആഫീസു് സെൽആഫീസു് ആയി മാറുന്നതിനുള്ളശ്രമം വിഫലമാകുമൊ!

ചെറിയ വെളിനല്ലൂർ— എൻെറ വരിക്കാർ മാന്യന്മാരാണു്. പക്ഷേ ചക്കാത്തുവായന നിറുത്തി കുടിശിഖതീർത്തു് എന്നെ സഹായിക്കണമെന്നു് അഭ്യർത്ഥിക്കുന്നു.

[illegible]റുപുഴ സ[illegible]
[illegible]ുമാ [illegible]

# പൊതുജനസമക്ഷം

പതിനേഴുവർഷക്കാലത്തെ പ്രശസ്തസേവനംകൊണ്ടു് ലോകപ്രശസ്തിയും, അനുഭവസ്ഥരുടെ സംതൃപ്തിയിൽനിന്നും ഉടലെടുത്ത ആശംസാപൂർവ്വമായ അനേകം സാക്ഷിപത്രങ്ങളും, ആർജ്ജിച്ചിട്ടുള്ള വിജയാഫാർമസിവക സിദ്ധൗഷധങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന മൂന്നു സിദ്ധൗഷധങ്ങളെ സംബന്ധിച്ചുള്ള സാമാന്യവിവരങ്ങൾ പൊതുജനസമക്ഷം സമർപ്പിക്കുന്നു.

## 1 ശശാങ്ക

ഇതു് സാധാരണ സ്ത്രീപുരുഷന്മാരുടെയിടയിൽ കാണാറുള്ള മൂത്രാശയസംബന്ധമായും, ഉഷ്ണസംബന്ധമായുമുള്ള രോഗങ്ങൾക്കു് മികച്ച അനുഭവമുള്ള ഒരു സിദ്ധൗഷധമാണു്. കൂടാതെ ശരീരത്തിൽനിന്നും എല്ലാ രീതിയിലും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സൗമ്യാംശത്തെ തടഞ്ഞുനിർത്തി ശരീരത്തിനു കുളുർമ്മയെ ഉളവാക്കുകയും ആരോഗ്യത്തെ പ്രദാനംചെയ്യുകയും ചെയ്യുന്നു.

24 ഗുളികകൾ അടങ്ങിയ പാക്കററിനു് വില രൂ. 3. പാക്കിംഗ് പോസ്റ്റേജ് പ്രത്യേകം.

## 2 ധാതുകൽപ്പ

ഇതു് ധാതുശക്തി ക്ഷയിച്ചവർക്കും ശരീരം മെലിഞ്ഞവർക്കും ദിവ്യാനുഗ്രഹമാണു്. എല്ലുന്തി മെലിഞ്ഞ ശരീരത്തേപ്പോലും ഇതു് ഏററവും മാംസളമാക്കുന്നു. ശരീരത്തിനു് കാന്തിയും ഓജസ്സും ആരോഗ്യവും ഉളവാക്കുന്നു. ക്ഷീണിച്ച നാഡിഞരമ്പുകൾക്കു് നവചൈതന്യം നൽകി ജീവിതം വിജയകരമാക്കുകയും ചെയ്യും. ശ്വാസകോശസംബന്ധമായ എല്ലാവിധ ക്ഷീണത്തേയും ഇല്ലാതാക്കുകയുംചെയ്യും.

റാത്തൽ ഒന്നിനു് 6 രൂപാ മാത്രം. പാക്കിംഗ് പോസ്റ്റേജ് പ്രത്യേകം.

## 3 ജാതീകുസുമാദി

ഇതു് അർശ്ശോരോഗികൾക്കു് കൈകണ്ട ഔഷധമാണു്. ഇതു് മലബന്ധത്തെ ഇല്ലാതാക്കുകയും സുഖവിരേചന ഉണ്ടാക്കുകയുംചെയ്യും. മൂട്ടചുടിച്ചിൽ, മൂട്ടകഴപ്പു്, ഗുദവീക്കം, ഗുദഭ്രംശം, ദഹനക്കുറവു്, വായുവികാരം, കൃമിദോഷം, രക്തംപോക്കു് മുതലായി അർശ്ശോരോഗികൾക്കുണ്ടാകുന്ന എല്ലാ അസുഖങ്ങൾക്കും നന്നാണു്. എത്ര ഭയങ്കരമായ ഗ്യാസ്ട്രബിളിനേയും വയറവവേദനയേയും ശമിപ്പിക്കും.

റാത്തൽ ഒന്നിനു് 5 രൂപാ മാത്രം. പാക്കിംഗ് പോസ്റ്റേജ് പ്രത്യേകം.

നിർമ്മാതാക്കൾ—

# വിജയാ ഫാർമസി

## മാവേലിക്കര, കേരളം.

N. B. രോഗവിവരക്കുറിപ്പുകൾ ചീഫ് വൈദ്യൻ, എസ്സ്. എസ്സ്. പിള്ള, വിജയാ ഫാർമസി, മാവേലിക്കര എന്ന വിലാസത്തിൽ എഴുതുക.

**വിജയാഫാർമസിയിൽ വരുന്നവർ തട്ടാരമ്പലം ബസ്സ്സ്റ്റാൻഡിൽ ഇറങ്ങുക.**

കാററ്ലോഗിനു് 25 നയാപൈസ സ്റ്റാമ്പയക്കുക.

**സാക്ഷിപത്രങ്ങൾക്കു് അടുത്ത പേജുകൾ നോക്കുക.**

## അർശ്ശസ്സ് സുഖപ്പെട്ടു.

പി. കെ. രാഘവൻനായർ, റാന്നി,
(കേരളാ ഫോറസ്റ്റ് സർവീസ്) 28-5-'59.
എടക്കുളം P. O.

ശ്രീ. എസ്. എസ്. പിള്ള,
വിജയാഫാർമസി, മാവേലിക്കര.

സുഹൃത്തെ,

താങ്കളുടെ ഔഷധമായ ജാതീകുസുമാദി ലേഹ്യം ഉപയോഗിച്ചു പൂർണ്ണ സുഖം കിട്ടിയെന്ന് അറിയിക്കുവാൻ അതിയായ സന്തോഷമുണ്ട്.

അർശോസംബന്ധമായ സുഖക്കേടുകൾക്ക് ചുരുങ്ങിയ കാലയളവിനുള്ളിൽ ശമനം വരുത്തുവാൻ ജാതീകുസുമാദി ഏററവും നല്ല ഔഷധമെന്ന് സാക്ഷിപ്പെടുത്തുന്നതിന് അതിയായ സന്തോഷമുണ്ട്.

എന്ന്, പി. കെ. രാഘവൻനായർ,
(ഒപ്പ്)

## ഗ്യാസ് ട്രബിളും വയററുവേദനയും സുഖപ്പെട്ടു.

എൻ. ഹസ്സൻ, ടീച്ചർ, കോന്നി,
വാർവിളാകം, വെള്ളപ്പാറ. 1-7-1959.

ശ്രീമാൻ, എസ്. എസ്. പിള്ള,
ചീഫ്‌വൈദ്യൻ,
വിജയാഫാർമസി, മാവേലിക്കര.

പ്രിയപ്പെട്ട സർ,



അനേക നാളുകളായി എന്നെ അത്യധികം പീഡിപ്പിച്ചുകൊണ്ടിരുന്ന വിശപ്പില്ലായ്മ, നിദ്രാഭംഗം വായുസ്തംഭനം, മലബന്ധം, ശരീരം മെലിച്ചിൽ, വയററുവേദന, എരിച്ചിൽ തുടങ്ങിയ ഭയങ്കര വ്യാധികളിൽ നിന്നും രക്ഷപ്പെടുത്തിയതിന് അങ്ങേക്കു കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളട്ടെ.

നമ്മുടെ രാജ്യത്തുള്ള പ്രധാനപ്പെട്ട ചികിത്സാകേന്ദ്രങ്ങളിലെല്ലാം ചികിത്സിച്ചു ഫലമാകാതെ നൈരാശ്യത്തിൽ കഴിഞ്ഞു കൂടുമ്പോഴാണ് താങ്കളുടെ പരസ്യം കാണുവാനിടയായത്. ഒരു വിഫലശ്രമംകൂടി എന്ന നിലയിൽ താങ്കളെ പരിചയപ്പെടുകയും താങ്കളുടെ ജാതീകുസുമാദി എന്ന ഔഷധം ഉപയോഗിക്കുവാൻ എന്നെ ഉപദേശിക്കുകയും ചെയ്തതനുസരിച്ച് ക്രമേണ ഞാൻ ഉപയോഗിക്കുവാൻ തുടങ്ങി. ചുരുങ്ങിയ കാലത്തെ സേവകൊണ്ട് എന്റെ രോഗം പരിപൂർണ്ണമായി വിട്ടുമാറുകയും, ഇപ്പോൾ ഞാൻ ആരോഗ്യവാനായിത്തീരുകയും ചെയ്തിരിക്കുന്നുവെന്നുള്ള വിവരം സസന്തോഷം അറിയിച്ചുകൊള്ളുന്നു.

ജാതീകുസുമാദിയുടെ ദിവ്യശക്തിയെപ്പററി അറിഞ്ഞ എന്റെ സ്നേഹിതന്മാരിൽ പലരും പ്രസ്തുത ലേഹ്യം ഉപയോഗിച്ച് സുഖം പ്രാപിച്ചിരിക്കുന്നുവെന്നും അറിയുവാൻ കഴിഞ്ഞിട്ടുണ്ട്.

അങ്ങേക്കും അങ്ങയുടെ മഹൽസ്ഥാപനത്തിനും വിജയം നേർന്നുകൊള്ളുന്നു.

*

K. V. CHATHUKUTTY,
Headmaster,
Gvt. Fisheries U. P. School,
Quilandy. 26-5-'59.

To

Sri. S. S. Pillai, Chief Physician,
Vijaya Pharmacy, Mavelikara.

Dear Sir,

I am very glad to inform you that your prescription of miraculous panacea JATHIKUSUMADI for the treatment of Gas trouble and chronic stomach Pain is successfully effective. Relief to the aggravation of the disease will be felt even after taking the medicine for a few days. Hence I am glad to recommend this specific medicine for the treatment of the above disease

Thanking you,
Yours faithfully
K. V. Chathukutty (Sd.)

(മറുവശം)

## സ്ഖലനരോഗങ്ങൾ സുഖപ്പെട്ടു.

എം. കെ. നാരായണൻ,
ക്ലോത്തുമർച്ചൻറ്, P. O. മോക്കം, (Via) കുന്നമംഗലം.
മോക്കം, 19—9—1958.

എസ്സ്. എസ്സ്. പിള്ള അവർകൾക്ക്
വിജയാഫാർമസി, മാവേലിക്കര.

സർ,

ശശാങ്ക ഗുളിക ഞാൻ ഉപയോഗിച്ചിട്ട് ഇപ്പോൾ ഏകദേശം ഒന്നരക്കൊല്ലത്തോളമായി. എനിക്ക് മറ്റുള്ളിരിക്കുമ്പോൾ മുക്കുമ്പോഴുണ്ടായിരുന്ന ശുക്ലംപോക്കും, സ്വപ്നസ്ഖലനവും ഇതുവരെ ഉണ്ടായിട്ടില്ല.

ശശാങ്കകൊണ്ട് എന്റെ ഉഗ്രമായ രോഗം നശിപ്പിച്ചുതന്ന ചീഫ്‌വൈദ്യൻ എസ്സ്. എസ്സ്. പിള്ള അവർകൾക്ക് എന്റെ അകൈതവമായ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു. മേൽപറഞ്ഞ രോഗമുള്ള യുവതീയുവാക്കന്മാർ ശശാങ്ക ഉപയോഗിക്കുവാൻ ഞാനഭ്യർത്ഥിക്കുന്നു.

എന്ന്, എം. കെ. നാരായണൻ (ഒപ്പ്)

★

A. V. JOHNY, Elathuruthu.
St. Aloysius H. S. 27-12-1958
Elathuruthu P. O., Kerala.

To Sri S. S. PILLAI,
Vijaya Pharmacy, Mavelikara.

സർ,

താങ്കളുടെ "ശശാങ്ക" ഒരു ദിവ്യൗഷധംതന്നെയാണെന്നു തെളിഞ്ഞിരിക്കുന്നു. കാരണം ഞാൻ മരുന്നുപയോഗിച്ചുതുടങ്ങിയതിൽപിന്നെ സ്വപ്നസ്ഖലനം ഇതുവരെയും ഉണ്ടായിട്ടില്ല. താങ്കളുടെ ശശാങ്ക യുവലോകത്തിൽ ഒരു മാതൃകയായിത്തീരട്ടെ. താങ്കൾക്ക് എന്റെ വിജയാശംസ!!

എന്ന്, സ്വന്തം ഏ. വി. ജോണി (ഒപ്പ്)

## ഉഷ്ണരോഗം സുഖപ്പെട്ടു.

K. A MATHEW, Chennamkary
Karumpinkalil, 15—4—1958.
Chennamkary P. O.

To, S. S PILLAI. Chief Vaidyan,
Vijaya Pharmacy, Mavelikara.

Dear Sir.

എന്റെ ഭാര്യ ഏകദേശം നാലുവർഷം ഉഷ്ണസംബന്ധമായ രോഗത്താൽ കഷ്ടപ്പെടുകയും, വളരെയധികം പണം ചെലവുചെയ്യുകയും ചെയ്തു. അങ്ങിനെയിരിക്കവേ വിജയാ ഫാർമസി വക ഒരു പരസ്യംകാണുകയും, ഞാൻ താങ്കളുടെപേർക്ക് രോഗവിവരക്കത്തയക്കുകയും വൈദ്യൻ 'ശശാങ്ക' എന്ന മരുന്ന് എനിക്കയച്ചുതരികയുംചെയ്തു. അതോടുകൂടി അയച്ച നിർദ്ദേശക്കത്തിൽ 'ശശാങ്ക'യുടെ കംപ്ലീറ്റ് കോഴ്സ് (അതായത് 3 മാസം) ആവശ്യമാണെന്നു നിർദ്ദേശിച്ചിരുന്നു. എന്നാൽ ഒരുമാസത്തെ സേവകൊണ്ട് രോഗം പൂർണ്ണമായി സുഖപ്പെട്ടു. രോഗം ഭേദമായിട്ട് ഇപ്പോൾ രണ്ടുവർഷം കഴിഞ്ഞു. ഇതുവരെയും രോഗം ശമിച്ചതിന് ഒരു കൃതജ്ഞതക്കത്ത് എഴുതാതിരുന്നത് രോഗം ശരിയായി ഭേദമായി എന്നു ബോദ്ധ്യംവരട്ടെ എന്നു കരുതിയായിരുന്നു. ഇപ്പോൾ പരിപൂർണ്ണമായും ബോദ്ധ്യമായി. ഇതിന്റെ കൃതജ്ഞത പ്രകാശിപ്പിക്കാൻ കുറെ വാചകങ്ങൾ എഴുതിയതുകൊണ്ടു മതിയാകുമെന്ന് ഞാൻ കരുതുന്നില്ല. ഞാനും ഭാര്യയും കുട്ടികളും എന്നും വൈദ്യനു കടപ്പെട്ടവരാണ്. അങ്ങയെ ദൈവം അനുഗ്രഹിക്കട്ടെ.

എന്ന്, കെ. എ. മാത്യു (ഒപ്പ്)

★

SHAM SUNDAR SYAL
Representative,
Balaji Musk Depot (Regd)
Rajouri Garden, New Delhi-15.
15—2—59.

To
Sri S. S. PILLAI, Proprietor,
Vijaya Pharmacy, Mavelikara.

Dear Sir,

Innumerable thanks to your miraculous effect of your SASANKA. My wife was always in trouble of 'Leucorhea'. Since I got your wonderful SASANKA, though the full course was not used yet within a Month's time. it completely uprooted the disease and my wife Sincerely thanks you

Hope this wonderful drug of yours will do good to thousands of women suffering from this trouble and enjoy sound health.

With best wishes
Yours Sincerely (Sd)
Sham Sunder Syal.

—മറുവശം

## പ്രമേഹരോഗം സുഖപ്പെട്ടു

**വി. കെ. നമ്പൂതിരി,** **ഹരിപ്പാട്,**
ബുള്ള്യൻ മർച്ചൻറ്. 19—6—1957.

വൈദ്യൻ എസ്സ്. എസ്സ്. പിള്ള അവർകൾക്ക്,
വിജയാ ഫാർമസി, മാവേലിക്കര.

സർ,

ആയുർവ്വേദ ഔഷധങ്ങളെ സംബന്ധിച്ച് വൈദ്യൻ അവർകൾ നടത്തിയിട്ടുള്ള ഗവേഷണഫലമായി കണ്ടുപിടിച്ചിട്ടുള്ള ശശാങ്ക മൂത്രമൊഴിവിനും, മൂത്രാശയസംബന്ധമായ ഇതര രോഗങ്ങൾക്കും ഏററവും ഫലപ്രദമായ ഒരു ഔഷധമാണെന്ന് സാക്ഷിപ്പെടുത്തുന്നതിൽ ഞാൻ അത്യധികം സന്തോഷിക്കുന്നു.

എനിക്ക് മൂത്രമൊഴിവ് (പ്രമേഹം) പിടിപെട്ട് ഉദ്ദേശം ഒരു വർഷത്തോളമായിരുന്നു. 3 ശതമാനം പഞ്ചസാരയും അതിൽ നഷ്ടപ്പെട്ടുകൊണ്ടിരുന്നു. നിർദ്ദേശപ്രകാരം 3 മാസക്കാലം ശശാങ്ക ഉപയോഗിച്ചതിൻെറ ഫലമായി സുഖക്കേടിൽ നിന്നും എനിക്ക് പരിപൂർണ്ണമായ ആശ്വാസം ലഭിച്ചിരിക്കുന്നു എന്ന വാർത്ത സസന്തോഷം ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ.

പ്രസ്തുത രോഗത്തിന് ഇംഗ്ലീഷ് ഭിഷക്കുകൾ സാധാരണ ശുപാർശചെയ്യാറുള്ള ഏക ഔഷധം ഇൻസുലീൻ ആണല്ലോ. എന്നാൽ അതിനേക്കാൾ വളരെ മടങ്ങു മെച്ചമാണ് "ശശാങ്ക" എന്ന് എനിക്കു അനുഭവബോദ്ധ്യമായി. "ശശാങ്ക" ഇൻജക്ഷൻെറ ആവശ്യകതയെ ഇല്ലാതാക്കിയിരിക്കുന്നു. അസാധാരണമായ പഥ്യാഹാരരീതിക്കോ, ധനവ്യയത്തിനോപോലും "ശശാങ്ക"യുടെ സേവനം കാരണമാകുന്നില്ല സർവ്വോപരി "ശശാങ്ക"കൊണ്ടു ലഭിക്കുന്ന സൗഖ്യം സ്ഥിരമായി നിൽക്കുകയും ചെയ്യുന്നു. എല്ലാ പ്രകാരേണയും വൈദ്യൻ അവർകളുടെ "ശശാങ്ക" പ്രമേഹസംബന്ധമായ എല്ലാ രോഗങ്ങൾക്കും അവ എത്രതന്നെ പഴകിയതായിരുന്നാലും സിദ്ധൗഷധമാണെന്നു ശുപാർശചെയ്യുവാൻ ഞാൻ ഒട്ടുംതന്നെ മടിക്കുന്നില്ല.

വൈദ്യൻ അവർകൾ എൻെറ സുഖക്കേടിനെ വിജയകരമായി ചികിത്സിച്ചു സൗഖ്യപ്പെടുത്തിയതിൽ എനിക്കുള്ള നിഷ്കളങ്കമായ കൃതജ്ഞതയെ പ്രകാശിപ്പിക്കുന്നതിനും ഈ സന്ദർഭം ഞാൻ വിനിയോഗിച്ചുകൊള്ളുന്നു. കൂടാതെ ആയുർവ്വേദ ഔഷധങ്ങളെ സംബന്ധിച്ചു വൈദ്യൻ അവിശ്രാന്തം നടത്തിക്കൊണ്ടിരിക്കുന്ന നിരീക്ഷണപരീക്ഷണങ്ങളിലുള്ള വിജയങ്ങൾക്കുവേണ്ടിയും അങ്ങയെ ഞാൻ അനുമോദിച്ചുകൊള്ളുന്നു.

നിങ്ങളുടെ വിശ്വസ്തമിത്രം
വി. കെ. നമ്പൂതിരി (ഒപ്പ്)
റിട്ട: ആർമി മേജർ,
ഹരിപ്പാട്.

★

K. V. THOMAS, Pathanamthitta,
Kumbakuzhi Estate, 19—2—59.
Kadammanitta.

To

Sri. S. S. PILLAI
Vijaya Pharmacy,
Mavelikara, Kerala.

താങ്കളുടെ "ശശാങ്ക" ഗുളിക ഞാനും എന്നെപ്പോലെയുള്ള വേറേ രണ്ടു പ്രമേഹരോഗികളും സേവിച്ചതിൻെറ ഫലമായി ഞങ്ങൾ സൗഖ്യമുള്ളവരായിത്തീർന്നിരിക്കുന്നു. ആയതിനാൽ താങ്കളുടെ ഗുളിക ഞങ്ങളെപ്പോലെയുള്ള അനേകായിരം പ്രമേഹരോഗികൾ സേവിച്ച് സൗഖ്യംപ്രാപിക്കുവാൻ ഞങ്ങൾ ശുപാർശചെയ്യുന്നു.

എന്ന്, വിശ്വസ്തൻ
കെ. വി. തോമ്മസ് (ഒപ്പ്)

★

# ആലപ്പിയൻസ് ഡ്രമാററിക്ക് സൊസൈററി,

## പാലസ് വാർഡ്.



"ജനങ്ങൾ വിധിയ്ക്കട്ടെ"
എന്ന ഉജ്ജ്വല രാഷ്ട്രീയ സംഗീതനാടകം
ഉൽബുദ്ധമായ കേരളീയ കലാലോകത്തിന
കാഴ്ചവച്ച്, ഉത്തരേന്ത്യയിലെ കലാസ്വാ
ദകരുടെ പോലും മുക്തകണ്ഠമായ പ്രശംസ
യ്ക്കു് പാത്രീഭവിച്ച എ. ഡി. എസ്സ്.
സഹൃദയസമക്ഷം സാഭിമാനം
സമർപ്പിക്കുന്ന എതിരററ രണ്ടു
കലാശിൽപ്പങ്ങൾ!



# 1. ★ പങ്കാളികൾ ★

**(സാമൂഹ്യ സംഗീതനാടകം) — By ആലപ്പി ചന്ദ്രമോഹൻ.**

(വലിയവരും, ഇടത്തരക്കാരും, പാവപ്പെട്ടവരുമായ എല്ലാ വിഭാഗക്കാരുടെയും
ജീവിതാനുഭവങ്ങളിലൂടെ സാമൂഹ്യപുരോഗതിക്ക് സൃഷ്ടിപരമായി
മാർഗ്ഗനിർദ്ദേശം ചെയ്യുന്ന ഒരതുല്യ സംഗീതനാടകം)

# 2. ★ പടച്ചോൻ വലിയോനാ ★

**(സാമുദായിക സംഗീതനാടകം) By പ്രതാപഭവനം ഭാസ്കരൻനായർ**

(നൂററാണ്ടുകൾക്കപ്പുറം മെക്കായിൽ കൊളുത്തിയ സർവ്വസാഹോദര്യത്തിന്റെ കെടാത്ത കൈ
ത്തിരിയുമേന്തി "അല്ലാഹു അക്ബർ" എന്ന വിജയകാഹളവും മുഴക്കി വിശേഷതരമായ
ഒരു സംസ്കാരത്തെ പുലർത്തിപ്പോരുന്ന ഇസ്ലാംമതത്തിന്റെ അന്തസ്സത്തയേയും കെട്ടുറപ്പിനേയും
കലാപരമായി ചിത്രീകരിയ്ക്കുന്ന ഒരു നല്ല നാടകം.)

**—അഭിനയിക്കുന്നവർ—**

**ആലപ്പി ചന്ദ്രമോഹൻ,**
**പ്രതാപഭവനം,**
**കളർകോട് ഉണ്ണിക്കൃഷ്ണൻ**
**ജോസഫ് തയ്യിൽ,**
**ആനന്ദവല്ലി, ചെല്ലം,**
**ഗീതാ, പൊന്നമ്മ Etc.**

ഗാനരചന:– പ്രതാപഭവനം.
സംഗീതസംവിധാനം:–
കളർകോടു മഹാദേവൻ (A.I.R.)



ഡയറക്ഷൻ:
ആലപ്പി ചന്ദ്രമോഹൻ.

For Booking—
സെക്രട്ടറി, ആലപ്പിയൻസ്
ഡ്രമാററിക്ക് സൊസൈററി,
പാലസ് വാർഡ്, ആലപ്പുഴ.

A. D. S. ന്റെ ബീ. കമ്പനിയിലെ സംഗീതനൃത്തനാടകങ്ങളിൽ അഭിനയിക്കുന്നതിനു് കലാവാസനയുള്ള യുവതീയുവാക്കളെ ആവശ്യമുണ്ടു്; നേരിട്ടോ ഫോട്ടോസഹിതമോ ആവശ്യപ്പെടുക.

സെക്രട്ടറി.

മിച്ചം വയ്ക്കുന്നതോടൊപ്പം ഭാഗ്യം പരീക്ഷിക്കുക.

# സ്വർണ്ണാഭരണ പദ്ധതി നമ്പർ 2.

## ആദ്യനറുക്കെടുപ്പ്:
## 1960 സെപ്തംബർ 2-ാംതീയതി

---

**A** ഗ്രൂപ്പ് **10** രൂപാ മുടക്കി **300** രൂപായുടേയും

**B** ,, **5** ,, **150** ,,

സ്വർണ്ണാഭരണങ്ങൾ യാതൊരു ബാദ്ധ്യതയുമില്ലാതെ സമ്പാദിക്കാം.

നറുക്കു വീണാൽ വീണ്ടും പണം അടയ്ക്കേണ്ടാ.

വ്യവസ്ഥാംഗാരം സൗജന്യം

# ഗോപാലകൃഷ്ണാ
# ജൂവലേഴ്സ്,

മുല്ലയ്ക്കൽ – ആലപ്പുഴ.

ഫോൺ നമ്പർ: 511.